നം:കെ.എസ്.എ.ടി.ആർ.എം.2/326/2017 തീയ്യതി :28.09.2017

മലപ്പുറം ജില്ലയിലെ തിരൂർ നഗരസഭയുടെ 2016 - 2017സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 - ലെ കേരളാ നഗരപാലികാ നിയമം, വകുപ്പ് 295(4), 1994 - ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 13, 1996 - ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ തിരൂർ നഗരസഭയുടെ 2016 - 2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും കൺകറന്റ് ഓഡിറ്റ് സംവിധാനമായതിനാൽ എല്ലാ ദിവസവും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

| | | | |
|---|---|---|---|
| (എ) | ഓഡിറ്റ് നടത്തിയതിന്റെ വിവരം | | |
| | ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.കെ.ജലീൽ<br>ഡെപ്യൂട്ടി ഡയറക്ടർ |
| | ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 01.06.2017മുതൽ<br>23.09.2017 വരെ |
| | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.രാജേഷ് സി. ഹരിബാൽ<br>ഓഡിറ്റ് ഓഫീസർ |
| | | : | ശ്രീ.മുഹമ്മദ് മുസ്തഫ.പി.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | : | ശ്രീ.മിലാഷ്.സി.എൻ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | : | ശ്രീ.അനീത് ബാബു.കെ.ടി<br>ഓഡിറ്റർ |
| (ബി) | നിർവ്വഹണാധികാരികൾ | | |
| | ചെയർമാൻ | : | അഡ്വ. എസ്.ഗിരീഷ്,<br>01.04.2016മുതൽ<br>31.03.2017 വരെ |
| | സെക്രട്ടറി | : | ശ്രീ.കെ.ഹരികുമാർ<br>01.04.2016മുതൽ<br>26.05.2016വരെ |
| | | | ശ്രീ.സജീന്ദ്രൻ.സി.എം,<br>27.05.2016മുതൽ |

| | | | |
|---|---|---|---|
| | | | 28.07.2016വരെ |
| | | | ശ്രീ.കുര്യൻ.വി.ജെ,<br>29.07.2016മുതൽ<br>31.03.2017വരെ |

| (സി) | നിർവ്വഹണോദ്യോഗസ്ഥർ |
|---|---|

| ഉദ്യോഗപ്പേര് | | പേര് | | കാലയളവ് |
|---|---|---|---|---|
| നഗരസഭ എഞ്ചിനീയർ | : | ശ്രീ.സജീന്ദ്രൻ.സി.എം. | : | 01.04.2016 മുതൽ 09.11.2016 വരെ |
| | : | ശ്രീ.നിക്കോഷ്യസ്.എൽ. | : | 10.11.2016 മുതൽ 15.12.2016 വരെ |
| | | ശ്രീ.സന്തോഷ്.എം.വി. | | 17.12.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | : | ഡോ.രഘുപ്രസാദ്. | : | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെൽത്ത് സൂപ്പർവൈസർ | | ശ്രീ.വിജയകുമാർ.എൻ.കെ. | | 01.04.2016 മുതൽ 02.08.2016 വരെ |
| | | ശ്രീ.വിജയൻ.എം.എം. | | 03.08.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | : | ശ്രീമതി.ഹസ്ന.കെ. | : | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ | | ഡോ.വിനോദ് | | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി ഫീൽഡ് | : | ശ്രീ. റഷീദ്.പി.പി. | : | 01.04.2016 |

| | | | | |
|---|---|---|---|---|
| | | | | മുതൽ 31.01.2017 വരെ |
| ഓഫീസർ | : | ശ്രീ.രാധാകൃഷ്ണപിള്ള | : | 01.02.2017 മുതൽ 31.03.2017 വരെ |
| സീനിയർ വെറ്ററിനറി സർജൻ | : | ശ്രീ.പി.യു. അബ്ദുൽ അസീസ് | : | 01.04.2016മുതൽ 31.03.2017വരെ |
| പ്രധാനാധ്യാപകൻ | : | ശ്രീ.അനിൽ കുമാർ.കെ.പി. | : | 01.04.2016മുതൽ 31.03.2017 വരെ |
| പ്രൊജക്ട് ഓഫീസർ സി.ഡി.എസ്. | : | ശ്രീ.പി.വി. സുബ്രഹ്മണ്യൻ | : | 01.04.2016മുതൽ 06.07.2016വരെ |
| | | ശ്രീ.രാജീവ്.ഐ.വി. | | 07.07.2016മുതൽ 31.03.2017 വരെ |
| വ്യവസായ വികസന ഓഫീസർ | : | ശ്രീ.സൈതലവി.എം.സി. | : | 01.04.2016മുതൽ 16.04.2016വരെ |
| | : | ശ്രീ.ചന്ദ്രബാബു.എം. | : | 18.04.2016മുതൽ 21.04.2016വരെ |
| | : | ശ്രീ.സൈതലവി.എം.സി. : | : | 21.04.2016 മുതൽ 23.07.2016വരെ |
| | : | ശ്രീ.സന്തോഷ്.എം.ആർ. | : | 25.07.2016 മുതൽ 30.07.2016വരെ |
| | : | ശ്രീ.വരുൺ.കെ.പി. | : | 01.08.2016 മുതൽ 08.09.2016വരെ |
| | : | ശ്രീ.ജയസാഗരൻ.വി. | : | 09.09.2016 മുതൽ 03.11.2016വരെ |

| | | | | |
|---|---|---|---|---|
| | : | ശ്രീ.വരുൺ.കെ.പി. | : | 04.11.2016 മുതൽ 06.12.2016വരെ |
| | : | ശ്രീ.ജയസാഗരൻ.വി. | : | 07.12.2016 മുതൽ 31.12.2016വരെ |
| | | ശ്രീ.വരുൺ.കെ.പി. | | 01.01.2017 മുതൽ 12.02.2017വരെ |
| | | ശ്രീ.ജയസാഗരൻ.വി. | | 13.02.2017 മുതൽ 20.02.2017വരെ |
| | | ശ്രീ.വിനോദ്.വി. | | 21.02.2017 മുതൽ 25.02.2017വരെ |
| | | ശ്രീ.മുഹമ്മദ്.വി. | | 27.02.2017 മുതൽ 31.03.2017വരെ |

ഉള്ളടക്കം


| ക്രമ നം | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ആമുഖം | 1-1 | 11 |
| 2 | ബജറ്റ് | 1-2 | 13 |
| 3 | വാർഷിക ധനകാര്യ പത്രിക | 1-3 | 13 |
| 4 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-4 | 13 |
| 5 | സാമ്പത്തിക വിശകലനം | 1-5 | 15 |
| 6 | ഫണ്ട് വിനിയോഗം | 1-6 | 15 |
| 7 | പദ്ധതി അവലോകനം | 1-7 | 16 |

| | | | |
|---|---|---|---|
| 8 | തനത് വരുമാനം | 1-8 | 16 |
| 9 | ക്ഷേമ പദ്ധതികൾ | 1-9 | 16 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 | 17 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-11 | 17 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 | 17 |
| ഭാഗം - 2 | | | |
| 13 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 2-1 | 18 |
| 14 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ- രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല | 2-2 | 20 |
| 15 | വസ്തുനികുതി പരിഷ്കരണനടപടികൾ വേഗത്തിലാക്കേണ്ടതാണ് | 2-3 | 21 |
| ഭാഗം 3 | | | |
| 16 | പട്ടികജാതി ക്ഷേമ വികസന പ്രൊജക്റ്റുകൾ - നിർവഹണം 8.11 % മാത്രം - ഫണ്ട് വിനിയോഗത്തിലെ കുറവ് ഗൗരവതരം | 3-1 | 22 |
| 17 | തുഞ്ചൻ ഉത്സവത്തിന് ധനസഹായം - ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.₹1,00,000/-തടസ്സം ചെയ്യുന്നു. | 3-2 | 24 |
| 18 | പ്രതിമാസ പ്രോവിഡന്റ് ഫണ്ട് വിഹിതം യഥാസമയം സെൻട്രൽ പ്രോവിഡന്റ് ഫണ്ടിൽ ഒടുക്കിയില്ല. പിഴപ്പലിശയിനത്തിൽ ₹ 2639 തനതു ഫണ്ടിൽ നിന്നും അടവാക്കിയത് അംഗീകരിക്കുന്നില്ല. | 3-3 | 25 |
| 19 | ഹോസ്പിറ്റൽ കിയോസ്ക് – യൂസർ ചാർജ് ചെലവിനങ്ങൾക്ക് തികയുന്നില്ല. | 3-4 | 26 |

| | | | |
|---|---|---|---|
| 20 | കണ്ടിജന്റ് വിഭാഗം ജീവനക്കാർക്കുള്ള 2014-15,2015-16 വർഷത്തിലുള്ള യൂണിഫോം , ശുചീകരണ ഉപകരണങ്ങൾ വാങ്ങിയതിലും വിതരണം ചെയ്തതിലും അപാകതകൾ – ₹36,278/- തടസ്സം ചെയ്യുന്നു. | 3-5 | 27 |
| 21 | മുൻകൂറുകൾ – ₹ 49,62,416.93/- ക്രമീകരിച്ചില്ല. | 3-6 | 30 |
| 22 | ഇൻഡസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസർ - തുടർച്ചയായ വർഷങ്ങളിൽ പദ്ധതി നിർവ്വഹണത്തിൽ വീഴ്ച വരുത്തി | 3-7 | 31 |
| 23 | മാർഗ്ഗരേഖയിലും പ്രോജക്ടിലും പ്രതിപാദിച്ചിട്ടില്ലാത്ത ഇനത്തിന് സബ്സിഡി നൽകി – ₹ 25,450/- നിരാകരിക്കുന്നു. | 3-8 | 32 |
| 24 | തെങ്ങിൻ തൈ കുറിയത് – സബ്സിഡി അധികനിരക്കിൽ നൽകി – ₹ 24,011/- നിരാകരിക്കുന്നു | 3-9 | 35 |
| 25 | വാഴക്കന്നിന് സബ്സിഡി – അധിക നിരക്കിലും മതിയായ രേഖകളില്ലാതെയും നൽകി - ₹ 15,770/- നിരാകരിക്കുന്നു.<br>₹ 23,280/- തടസ്സം ചെയ്യുന്നു | 3-10 | 39 |
| 26 | ഗ്രോ ബാഗിന് സബ്സിഡി -ഒരു ഗുണഭോക്താവിന് രണ്ട് പ്രാവശ്യം നൽകി ₹ 750/- നിരാകരിക്കുന്നു – രേഖകളില്ലാതെ നൽകി ₹ 4,800/- തടസ്സം ചെയ്യുന്നു. | 3-11 | 41 |

| | | | |
|---|---|---|---|
| 27 | ചെമ്പ്ര പാടശേഖരസമിതിക്ക് – റിവോൾവിംഗ് ഫണ്ട് ഉപയോഗിക്കാതെ നെൽവിത്തുകൾ വാങ്ങി നൽകി. രേഖകൾ ഹാജരാക്കിയില്ല- ₹ 25,600/- തടസ്സം ചെയ്യുന്നു | 3-12 | 43 |
| 28 | ആവിഷ്കാരകലകൾ പരിശീലനവും അവതരണവും പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടുന്നില്ല ₹28,980/- നിരാകരിക്കുന്നു | 3-13 | 45 |
| 29 | നാപ്കിൻ വെൻഡിംഗ് മെഷീനും ഇൻസിനേറ്ററും സ്ഥാപിക്കൽ - പദ്ധതി ആരംഭിച്ചില്ല - ചെലവ് തുക 1,75,000/- തടസ്സം ചെയ്യുന്നു. | 3-14 | 46 |
| 30 | ലൈബ്രറി പുസ്തകങ്ങൾ ബുക്ക് മാർക്കിൽ നിന്നും വാങ്ങിയില്ല. പ്രൈവറ്റ് പുസ്തകശാലയിൽനിന്നും വാങ്ങിച്ചു. | 3-15 | 47 |
| 31 | പത്താംതരം തുല്യതാ പരീക്ഷക്ക് ഫീസടച്ചത് - രേഖകൾ ഹാജരാക്കിയില്ല - ചെലവ് തുക ₹ 78,000/- തടസം ചെയ്യുന്നു | 3-16 | 47 |
| 32 | വയോമിത്രം പദ്ധതി : മരുന്നുകൾ വാങ്ങിയത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല - ₹ 2,00,000/- തടസം ചെയ്യുന്നു. | 3-17 | 48 |
| 33 | കേരളാ സാമൂഹ്യസുരക്ഷാമിഷന് വിഹിതം നൽകിയത്- രേഖകൾ ഹാജരാക്കിയില്ല- ₹ 8,00,000 തടസം ചെയ്യുന്നു. | 3-18 | 49 |
| 34 | ആയുർവ്വേദ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ – മരുന്ന് മുഴുവനും | 3-19 | 49 |

| | | | |
|---|---|---|---|
| | ലഭ്യമായില്ല- ₹1,66,771/- തടസ്സം ചെയ്യുന്നു | | |
| 35 | പാലിയേറ്റീവ് കെയർ പ്രോജക്ട് നിർവ്വഹണം – സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. | 3-20 | 50 |
| 36 | തെരുവു വിളക്കുകളുടെ ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തിക്ക് കെ.എസ്.ഇ.ബി. - യിൽ ഡെപ്പോസിറ്റ് ചെയ്തു - രേഖകൾ ഹാജരാക്കിയില്ല - ₹ 7,13,250/- തടസ്സം ചെയ്യുന്നു. | 3-21 | 51 |
| 37 | തൃക്കണ്ടിയൂർ ജി.എൽ.പി.സ്കൂളിന്റെ ചുറ്റുമതിലിന്റെ അറ്റകുറ്റപ്പണി - തെറ്റായ രീതിയിൽ നികുതികളും പിഴയും കണക്കാക്കി - നഷ്ടം - ₹1,591/- | 3-22 | 53 |
| 38 | മരാമത്ത് പ്രവൃത്തികൾക്ക് കേരള പൊതുമരാമത്ത് വകുപ്പ് മാനുവലിൽ നിഷ്കർഷിച്ചിട്ടുള്ള മാതൃകയിലുള്ള അളവുപുസ്തകങ്ങളും പൂർത്തീകരണ സാക്ഷ്യപത്രങ്ങളും ഉപയോഗിക്കുന്നില്ല. | 3-23 | 56 |
| 39 | നഗരസഭയിലെ വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കലിന് കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തു - രേഖകൾ ഹാജരാക്കിയില്ല - ₹ 5,51,878/- തടസ്സം ചെയ്യുന്നു. | 3-24 | 57 |
| 40 | വൃദ്ധജനങ്ങൾക്ക് പകൽ വീട് നിർമ്മാണം - ₹ 11,75,000/- ചെലവഴിച്ചു - രേഖകൾ | 3-25 | 58 |

| | | | |
|---|---|---|---|
| | ഹാജരാക്കിയില്ല - തടസ്സം ചെയ്യുന്നു. | | |
| 41 | തിരൂർ നഗരസഭ ഓഫീസ് ഗ്രൗണ്ട് ഫ്ലോർ ആധുനികവത്കരണം - രേഖകൾ ഹാജരാക്കിയില്ല - ₹28,01,791/- തടസ്സം ചെയ്യുന്നു | 3-26 | 61 |
| 42 | കരാറുകാർ ഫോറം നം.1 EE – മാതൃകയിലുള്ള നികുതി ബാദ്ധ്യത സാക്ഷ്യപത്രം ഹാജരാക്കിയില്ല – കുറഞ്ഞ നിരക്കിൽ മൂല്യ വർദ്ധിത നികുതി ഈടാക്കി. | 3-27 | 62 |
| | ഭാഗം 4 | | |
| 43 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | 65 |
| 44 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | 65 |
| 45 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | 65 |
| 46 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | 66 |
| 47 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | 66 |
| 48 | ഓഡിറ്റ് റിക്കവറി | 4-6 | 66 |
| 49 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-7 | 67 |
| 50 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | 68 |
| 51 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | 70 |
| 52 | അനുബന്ധങ്ങൾ | 4-10 | 72 |
| | 1 ഓഡിറ്റ് സാക്ഷ്യപത്രം (മലയാളം & ഇംഗ്ലീഷ്) | | |
| | 2 ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | | |

| | |
|---|---|
| 3 | റസീറ്റ് ആന്റ് പേയ്മെന്റ് പത്രിക |
| 4 | ബാലൻസ് ഷീറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ആമുഖം

മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലാണ് തിരൂർ നഗരസഭ സ്ഥിതി ചെയ്യുന്നത്. മലയാള മണ്ണിന്റെ തനതും സവിശേഷവുമായ സാംസ്കാരിക പാരമ്പര്യത്തിന്റെ നവോത്ഥാനത്തിന് തുടക്കം കുറിക്കാൻ സൗഭാഗ്യം കൈവന്ന പ്രദേശമാണ് തിരൂർ. മലയാള ഭാഷയുടെ പിതാവായ തുഞ്ചത്തെഴുത്തച്ഛൻ ജനിച്ചത് തിരൂർ തൃക്കണ്ടിയൂരിനടുത്ത് അന്നാരയിലാണ്. 1921 - ലെ മലബാർ കലാപവുമായി ബന്ധപ്പെട്ട ഒരു പ്രധാന കേന്ദ്രമായിരുന്നു തിരൂർ. കേരളത്തിലെ ആദ്യത്തെ റെയിൽപാത 1861 മാർച്ച് 19 - ന് ബ്രിട്ടീഷുകാർ നിർമ്മിച്ചത് തിരൂരിനെ ബേപ്പൂരുമായി ബന്ധിപ്പിച്ചുകൊണ്ടായിരുന്നു. വാഗൺ ട്രാജഡി സംഭവം സ്വതന്ത്ര സമര ചരിത്രത്തിലെ പ്രധാന സംഭവങ്ങളിൽ ഒന്നാണ്. 1963 ലാണ് തിരൂർ പഞ്ചായത്ത് രൂപീകൃതമായത്. 1971 നവമ്പർ 1 നാണ് മുനിസിപ്പാലിറ്റി രൂപീകൃതമാവുന്നത്. മേപ്പറമ്പ് സ്കൂൾ എന്ന് വിളിക്കുന്ന ജി.എം.യു.പി.സ്ക്കൂൾ തിരൂരിന്റെ സാമൂഹ്യമാറ്റത്തിൽ പ്രധാന പങ്കുവഹിച്ചു. മുത്തൂർ ദേശബന്ധു വായനശാല, മുനിസിപ്പൽ ലൈബ്രറി, തുഞ്ചൻ സ്മാരകം എന്നിവ ഇവിടുത്തെ പ്രധാന സാമൂഹ്യ-സാംസ്ക്കാരിക കേന്ദ്രങ്ങളാണ്. പ്രശസ്തമായ തൃക്കണ്ടിയൂർ ശിവക്ഷേത്രം, ഭണ്ഡാരക്കാവ് ക്ഷേത്രം, തെക്കുമ്മുറി പാട്ടുപറമ്പ് ഭഗവതി ക്ഷേത്രം, ചെറുതുക്കോവിൽ വിഷ്ണു ക്ഷേത്രം, കുമാരമംഗലം സുബ്രഹ്മണ്യ ക്ഷേത്രം, പൊറൂര് അയ്യപ്പ ക്ഷേത്രം തുടങ്ങിയ ക്ഷേത്രങ്ങളും, തിരൂരിലെ ഏറ്റവും പഴക്കം ചെന്ന മുസ്ലിം പള്ളികളായ കോട്ട് ജുമാ മസ്ജിദ്, എറ്റീരിക്കടവ് മസ്ജിദ്, തിരൂർ ടൗൺ പള്ളി, താഴെപ്പാലത്തെ ക്രിസ്ത്യൻ ദേവാലയമായ സെന്റ് മേരീസ് ചർച്ച്, തെക്കുമ്മുറി സി.എസ്.ഐ. ചർച്ച് എന്നിവ പ്രധാന ആരാധനാലയങ്ങളാണ്.

നഗരസഭ - പൊതു വിവരം

| | | |
|---|---|---|
| വിസ്തൃതി | : | 16.55 ച.കി.മി. |
| ജനസംഖ്യ | : | 56,079 |
| സ്ത്രീകൾ | : | 29,762 |
| പുരുഷന്മാർ | : | 26,317 |
| പട്ടികജാതി വിഭാഗം ജനസംഖ്യ | : | 2,664 |
| സ്ത്രീകൾ | : | 1,330 |
| പുരുഷന്മാർ | : | 1,334 |
| വാർഡുകൾ | : | 38 |
| ഉൾപ്പെടുന്ന നിയമസഭാ മണ്ഡലം | : | തിരൂർ |

| | | |
|---|---|---|
| ഉൾപ്പെടുന്ന ലോകസഭാ മണ്ഡലം | : | പൊന്നാനി |
| വില്ലേജുകൾ | : | തിരൂർ, തൃക്കണ്ടിയൂർ |

അതിരുകൾ

| | | |
|---|---|---|
| വടക്ക് | : | താനാളൂർ, നിറമരുതൂർ ഗ്രാമപഞ്ചായത്തുകൾ |
| കിഴക്ക് | : | ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത് |
| തെക്ക് | : | തലക്കാട് ഗ്രാമപഞ്ചായത്ത് |
| പടിഞ്ഞാറ് | : | വെട്ടം, നിറമരുതൂർ ഗ്രാമപഞ്ചായത്തുകൾ |

നഗരസഭയിലെ അനുവദിക്കപ്പെട്ട തസ്തികകൾ

സെക്രട്ടറിയെ കൂടാതെ നഗരസഭയിൽ താഴെ പറയും പ്രകാരം റഗുലർ വിഭാഗം ജീവനക്കാർക്ക് തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | തസ്തിക | അനുവദിച്ചിട്ടുള്ള എണ്ണം |
|---|---|---|
| 1 | പി.എ. ടു സെക്രട്ടറി | 1 |
| 2 | റവന്യു ഓഫീസർ ഗ്രേഡ് - 2 | 1 |
| 3 | സൂപ്രണ്ട് | 3 |
| 4 | റവന്യൂ ഇൻസ്പെക്ടർ | 1 |
| 5 | സീനിയർ ക്ലാർക്ക് | 12 |
| 6 | ക്ലാർക്ക് | 12 |
| 7 | ടൈപ്പിസ്റ്റ് | 3 |
| 8 | ലൈബ്രേറിയൻ | 1 |
| 9 | ഓഫീസ് അറ്റൻഡന്റ് | 10 |
| 10 | നൈറ്റ് വാച്ച് മാൻ | 1 |
| 11 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 |
| 12 | കോമ്പൗണ്ടർ | 1 |

| | | |
|---|---|---|
| 13 | ഹെൽത്ത് സൂപ്പർവൈസർ | 1 |
| 14 | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 1 | 1 |
| 15 | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 2 | 3 |
| 16 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 1 | 3 |
| 17 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 2 | 3 |
| 18 | ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സ് | 1 |
| 19 | ഫീമെയിൽ അറ്റൻഡന്റ് | 1 |
| 20 | ഡ്രൈവർ എച്ച്.ഡി.വി. | 1 |
| 21 | ഡ്രൈവർ എൽ.ഡി.വി. | 1 |

ഇവരെ കൂടാതെ 51 കണ്ടിൻജന്റ് ജീവനക്കാരും എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗവും പ്രവർത്തിക്കുന്നു.

## 1-2 ബജറ്റ്

2016-2017 - വർഷത്തെ ബജറ്റ് 04.03.2016 -ലെ 1-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 27.03.2017 -ലെ 1-ാംകൗൺസിൽ തീരുമാനപ്രകാരവും അംഗീകരിച്ചു.

## 1-3 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 31.07.2017 | - | ബാധകമല്ല |

## 1-4 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|

| | |
|---|---|
| 29.08.2017 & 30.08.2017 | നം.കെ.എസ്.എ.ടി.ആർ.എം.2/326/2017<br>തീയ്യതി 28.09.2017<br>ക്വാളിഫൈഡ് സാക്ഷ്യപത്രം |

വാർഷികകണക്കുകളുടെ സർട്ടിഫിക്കേഷൻ നടത്തി താഴെ പറയുന്ന അപാകതകൾ ഉൾപ്പെട്ട സാക്ഷ്യപത്രം പുറപ്പെടുവിക്കുന്നു.

1. വസ്തുനികുതി ഡിമാന്റ് കൃത്യമല്ല. കുടിശ്ശിക ഡിമാന്റ്, തൻവർഷ ഡിമാന്റ് എന്നിവ കണക്കാക്കിയത് എപ്രകാരമാണെന്ന് സാധൂകരിക്കുന്ന രേഖകൾ സൂക്ഷിക്കുന്നില്ല. വാർഷിക കണക്കുകൾ പ്രകാരമുള്ള താഴെപ്പറയുന്ന തുകകളുടെ കൃത്യത വ്യക്തമല്ല.

| | |
|---|---|
| വസ്തു നികുതി (ജനറൽ) | 2,54,70,933<br>(110010100) |
| സർവ്വീസ് സെസ് u/s 26 | 5,94,088<br>(110010200) |
| വസ്തു നികുതി റിസീവബിൾസ് (കറന്റ്) | 2,00,07,713<br>(431100100) |
| വസ്തു നികുതി റിസീവബിൾസ് (അരിയർ) | 56,41,014<br>(431100200) |

2. നികുതി-നികുതിയേതര വരുമാനങ്ങളുടെ വർഷം തിരിച്ചുള്ള സാക്ഷ്യപ്പെടുത്തിയ കുടിശ്ശിക വിവരങ്ങൾ തയ്യാറാക്കിയിട്ടില്ല.

3. തൻവർഷം കുടിശ്ശിക ഇനത്തിൽ ലഭിച്ച തുകയായി RP 37 പട്ടികയിൽ ഉൾപ്പെടുത്തിയ തുക മുൻവർഷത്തെ ബാലൻസ്ഷീറ്റിൽ കിട്ടാനുള്ള തുകയായി B 15 പട്ടികയിൽ കാണിച്ചിട്ടുള്ള തുകയെക്കാൾ കൂടുതൽ ആകാൻ പാടില്ല. 2016-17 ലെ വാർഷികകണക്കുകളിലെ RP 37 പട്ടികയിൽ Rent recievables from civic amenities ഇനത്തിൽ ₹ 6,47,262/- എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക 2015-16 വാർഷിക കണക്കുകളിലെ B 15പട്ടികയിൽ രേഖപ്പെടുത്തിയിട്ടുള്ള ₹ 5,41,995/- യെക്കാൾ കൂടുതലാണ്.

4. RP 29പട്ടികയിൽ അഡ്വാൻസ് കളക്ഷൻ ഇനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള Advance collection of revence -other fees ആയി ₹ 14,31,500 യാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, ബാലൻസ്ഷീറ്റിലെ B 9 പട്ടിക പ്രകാരം Advance collection of Revenue- other fee ആയി ₹ 27,94,714/- ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. RP 29, B 9 പട്ടികകളിൽ പരാമർശിച്ചിട്ടുള്ള അഡ്വാൻസ് കളക്ഷൻ തുകകൾ സമാനമാകേണ്ടതാണ്. പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള Advance collection of Revenue- other fees ₹ 2,61,100/- എന്നതിനു സമാനമായ രേഖപ്പെടുത്തൽ RP 29 പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

റിപ്പോർട്ടിന്റെ അനുബന്ധം - 1 - ൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് ചേർത്തിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷികധനകാര്യപത്രികയിലെ ഇൻകം & എക്സ്പെന്റിച്ചർ പത്രിക, റസീറ്റ് & പേമെന്റ് പത്രിക, ബാലൻസ് ഷീറ്റ് എന്നിവയും യഥാക്രമം 2,3,4 എന്നീ അനുബന്ധങ്ങളിൽ കൊടുത്തിട്ടുണ്ട്.

## 1-5 സാമ്പത്തിക വിശകലനം

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | ₹ | 7,58,23,795.28/- |
| വരവ് | | ₹ | 15,24,78,607/- |
| ആകെ | | ₹ | 22,83,02,402.28/- |
| ചെലവ് | | ₹ | 14,35,28,896/- |
| നീക്കിയിരിപ്പ് | | ₹ | 8,47,73,506.28/- |

(സാംഖ്യയിൽ അധിഷ്ഠിതമായ വാർഷിക ധനകാര്യപത്രികയിലെ റസീറ്റ് & പേയ്മെന്റ് കണക്കുകളുടെ സംക്ഷിപ്തമാണ് ഇവിടെ നൽകിയിരിക്കുന്നത്.)

## 1-6 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | ഇല്ല | 3,25,50,053/- | 3,25,50,053/- | 2,29,76,647/- | 95,73,406/- | 71 |
| വികസനഫണ്ട് എസ്.സി.പി. | ഇല്ല | 93,03,855/- | 93,03,855/- | 8,02,550/- | 85,01,305/- | 9 |
| വികസനഫണ്ട് ടി.എസ്.പി. | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| സംരക്ഷണ ഗ്രാന്റ് റോഡ് | ഇല്ല | 1,71,69,711/- | 1,71,69,711/- | 1,11,790/- | 1,70,57,921/- | 1 |
| സംരക്ഷണ ഗ്രാന്റ് നോൺ -റോഡ് | ഇല്ല | 83,32,686/- | 83,32,686/- | 35,63,231/- | 47,69,455/- | 43 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ഇല്ല | 4,23,34,312/- | 4,23,34,312/- | 1,07,73,910/- | 3,15,60,402/- | 25 |
| പെർഫോമൻസ് ഗ്രാന്റ് | ഇല്ല | 69,18,418/- | 69,18,418/ | 10,83,684/- | 58,34,734/- | 16 |
| അയ്യങ്കാളി | 25,64,462/- | 48,336/- | 26,12,798/- | 2,46,156/- | 23,66,642/- | 9.42 |

| | | | | | | |
|---|---|---|---|---|---|---|
| തൊഴിലുറപ്പ് | | | | | | |
| ബി ഫണ്ട് | ഇല്ല | 4,04,12,623/- | 4,04,12,623/- | 4,04,12,623/- | ഇല്ല | 100 |

## 1-7 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 231 | 13,81,69,287/- | 55 | 3,99,61,660/- | 69 | 107 | 23.81 |

*പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയിലെ നേട്ടങ്ങളും കോട്ടങ്ങളും ഭാഗം - 3 - ലെ പരാമർശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

## 1-8 തനതു വരുമാനം

*മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 8.66% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.*

| ഇനം | മുൻവർഷം (₹) | തൻവർഷം (₹) | വ്യത്യാസം (₹) | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3,81,38,874/- | 4,12,68,778- | 31,29,904/- | 8.2(+) |
| നികുതിയേതര വരവുകൾ | 1,48,77,045/- | 2,20,44,198/- | 71,67,153/- | 48.17(+) |
| മറ്റു വരവുകൾ | 3,82,61,223/- | 3,58,73,999/- | 23,87,224/- | 6.23(-) |
| ആകെ | 9,12,77,142/- | 9,91,86,975/- | 79,09,833/- | 8.66(+) |

തനതു വരുമാനം *8.66%* വർദ്ധിച്ചിട്ടുണ്ടെങ്കിലും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മുഴുവൻ സാധ്യതകളും ഉപയോഗപ്പെടുത്തുന്നതിനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ നഗരസഭയുടെ ഭാഗത്തു നിന്നും ഉണ്ടാവുന്നില്ല. ഇതുമായി ബന്ധപ്പെട്ട വിശദമായ പരാമർശം ഭാഗം 2 - ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-9 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 72,120/- | 47 |
| കർഷകത്തൊഴിലാളി പെൻഷൻ | 6,64,430/- | 87 |
| വിധവാപെൻഷൻ | 1,42,02,550/- | 1588 |
| വാർദ്ധക്യകാലപെൻഷൻ | 2,12,36,675/- | 2653 |
| വികലാംഗപെൻഷൻ | 34,03,720/- | 409 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 4,42,650/- | 51 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994 - ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന, ഓഡിറ്റ് കാലയളവിൽ 03.03.2017, 02.05.2017, 20.06.2017, 31.07.2017, 22.09.2017 എന്നീ തീയ്യതികളിൽ സ്ഥാപനത്തലവന്റെ /ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യതയിൽ അപാകതകളില്ലെന്നും പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-11 ആഭ്യന്തര നിയന്ത്രണം

1. നിർവ്വഹണോദ്യോഗസ്ഥരായ നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ പ്രൊജക്ട് ഓഫീസർ, മെഡിക്കൽ ഓഫീസർ എന്നിവർ നിയമാനുസൃതം സൂക്ഷിക്കേണ്ട ക്യാഷ് ബുക്ക്, സബ്സിഡിയറി രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല.

2. ഓഡിറ്റ് റിപ്പോർട്ടുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിൽ നഗരസഭയുടെ ഭാഗത്ത് നിന്നും കാര്യക്ഷമമായ നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ സംബന്ധിച്ച വിവരം റിപ്പോർട്ടിലെ ഖണ്ഡിക 4-9ൽ ചേർത്തിട്ടുണ്ട്.

3. ഓഡിറ്റ് കാലയളവിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് നിശ്ചിതസമയത്ത് മറുപടി ലഭ്യമാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. 40 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 അന്വേഷണക്കുറിപ്പുകൾക്ക് മാത്രമാണ് മറുപടി ലഭ്യമാക്കിയത്.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.02.2015മുതൽ 28.02.2015 വരെ | 2012-2013 മുതൽ | 16.03.2016 |

| | | | |
|---|---|---|---|
| | | 2013-2014 വരെ | |
| അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.04.2015 മുതൽ 25.04.2015 വരെ | 2011-2012 മുതൽ 2014-2015 വരെ | 22.06.2015 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

**1)** സ്ഥാപനങ്ങളുടെ തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല. 6,77,060/- രൂപ കുടിശ്ശിക- ഗുരുതര വീഴ്ച

തിരൂർ നഗരസഭയുടെ 2016-17 വർഷത്തെ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വളരെ കൂടുതൽ സ്ഥാപനങ്ങൾ തൊഴിൽ നികുതി സമയബന്ധിതമായി അടവാക്കിയിട്ടില്ല. 881 സ്ഥാപനങ്ങളിൽ നിന്നായി 6,77,060/- രൂപ തൊഴിൽ നികുതി ഇനത്തിൽ പിരിഞ്ഞു കിട്ടാനുണ്ട്. തൊഴിൽ നികുതി സമയബന്ധിതമായി പിരിച്ചെടുക്കാത്തത് നഗരസഭയുടെ വരുമാനത്തെ കാര്യമായി ബാധിക്കുന്നുണ്ട്. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയുണ്ടാകേണ്ടതാണ്.

മേൽ പരാമർശം 20.09.2017 ലെ ഓഡിറ്റ്എൻക്വയറി നം.38/2016-17 പ്രകാരം . നഗരസഭയേയും അറിയിച്ചിരുന്നു.ആയതിന് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.

2) സ്ഥാപന മേധാവികൾ തൊഴിൽ നികുതി പത്രിക സമർപ്പിച്ചില്ല

2016-17 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ, ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ഓഫീസ് മേധാവികൾ സ്ഥാപനത്തിലെ ജീവനക്കാരുടെ ഉൾപ്പെടെയുള്ള തൊഴിൽ നികുതി സംബന്ധിച്ച പത്രിക സമർപ്പിക്കുകയോ നികുതി അടവാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | അസസ്മെന്റ് രജിസ്റ്റർ നം. | മേധാവി/സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|---|
| 1 | 59 | സിറാജ് ലേസർ കളർലാബ് & ഹൈടെക് സ്റ്റുഡിയോ, തിരൂർ | 1, 2 |
| 2 | 154 | സർക്കിൾ ഇൻസ്പെക്ടറുടെ ഓഫീസ്, തിരൂർ | 1, 2 |
| 3 | 196 | IKM, തിരൂർ നഗരസഭ | 1 |
| 4 | 199 (35 page | ജ്യോതിസ്, (ICTC) | 1 |

| | | | |
|---|---|---|---|
| | no.) | | |
| 5 | 265B | HDB ഫിനാൻഷ്യൽ സർവ്വീസസ് ലിമിറ്റഡ്, പൂങ്ങോട്ടുകുളം | 2 |
| 6 | 282 | വികാസ് കോളേജ്, പൂക്കയിൽ | 1, 2 |
| 7 | 294 | ലിസാൻ മോട്ടോഴ്സ്, കൈനറ്റിക്, തിരൂർ | 1, 2 |

3) <u>സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നുള്ള തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല</u>

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 3(2) പ്രകാരം സ്വയം തൊഴിൽ ചെയ്യുന്ന അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, വൈദ്യന്മാർ, പാരാമെഡിക്കൽ വിദഗ്ദർ, മറ്റു സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ എന്നിവരിൽ നിന്നും ഒരു അർദ്ധ വർഷത്തേക്ക് 1250/- രൂപ വരെ തൊഴിൽ നികുതി ചുമത്താവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എ. തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചില അഭിഭാഷകരുടെ പേരുകൾ മാത്രമാണ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നത്. ചട്ടം 3(2) ൽ പരാമർശിച്ചിട്ടുള്ള ഡോക്ടർമാർ, സമാന തൊഴിൽ ചെയ്യുന്ന വിഭാഗത്തിൽപ്പെട്ടവർ എന്നിവരുടെ പേര് വിവരങ്ങൾ രജിസ്റ്ററിൽ കാണുന്നില്ല. ഇത്തരത്തിൽ തിരൂർ നഗരസഭാ പരിധിയിൽ സ്വയം തൊഴിൽ ചെയ്യുന്ന പ്രൊഫഷണലുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ബി.) രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള താഴെ പറയുന്ന അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | പേര് | അർദ്ധവർഷം |
|---|---|---|
| 1 | അഡ്വ. എം.ജി. വേണുഗോപാൽ | II |
| 2 | അഡ്വ. കെ.എ. സമദ് | I, II |
| 3 | അഡ്വ. ദിനേശ് പൂക്കയിൽ | I, II |
| 4 | അഡ്വ.കെ.പി. മറിയുമ്മ | I,II |
| 5 | അഡ്വ. കെ.എ.കൃഷ്ണകുമാർ | I,II |
| 6 | അഡ്വ. വി. ചന്ദ്രശേഖരൻ | I,II |

മേൽ പരാമർശം 32/8/2017ലെ ഓഡിറ്റ്എൻക്വയറി നം.32/2016-17 പ്രകാരം നഗരസഭയെ അറിയിച്ചിരുന്നു.ആയതിന് മറുപടിയൊന്നും നൽകിയിട്ടില്ല.

4) <u>കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല- 17500/- രൂപ നഷ്ടം</u>

2016-17 വർഷത്തെ തൊഴിൽ നികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ, താഴെ പറയുന്ന കരാറുകാർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. 17500/- രൂപ നഷ്ടം. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരന്റെ പേര് | തുക | അർദ്ധ വർഷം |
|---|---|---|---|
| 1 | പി.യൂസുഫ് | 2500 | 1, 2 |
| 2 | കിഷോർ കുമാർ.എം. | 2500 | 1, 2 |
| 3 | ടി.കെ.മൊയ്തീൻ കുട്ടി | 2500 | 1,2 |
| 4 | എൻ.കൃഷ്ണൻ കുട്ടി | 2500 | 1,2 |
| 5 | വി.പി. വാസു | 2500 | 1,2 |
| 6 | മുരളി മോഹനൻ.പി.വി | 2500 | 1, 2 |
| 7 | ടി. ബാലകൃഷ്ണൻ | 2500 | 1, 2 |

മേൽ പരാമർശം 20.09.2017 ലെ ഓഡിറ്റ്എൻക്വയറി നം.39/2016-17 പ്രകാരം നഗരസഭയെ അറിയിച്ചിരുന്നു.ആയതിന് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 245 പ്രകാരം ടി കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ-രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല

1999ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ)ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ഒരു മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ട്യൂട്ടോറിയൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പായി പുതുക്കേണ്ടതും അപ്രകാരം പുതുക്കുന്നതിന് 100 രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം 5ാം ഫോറത്തിൽ അപേക്ഷിക്കേണ്ടതുമാണ്.

ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ കൊടുക്കുന്ന 2015-16 വർഷത്തിൽ രജിസ്റ്റർ ചെയ്യുകയോ പുതുക്കുകയോ ചെയ്ത സ്ഥാപനങ്ങൾ 2016-17 വർഷത്തിൽ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

| ക്രമ. നം. | ട്യൂട്ടോറിയൽ സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | യുണീക് ഗ്ലോബൽ എജ്യൂക്കേഷൻ, പയ്യനങ്ങാടി |
| 2 | ലെറ്റ് സോല്യൂഷൻ , ബസ്റ്റാന്റ് ബിൽഡിംഗ് തിരൂർ |
| 3 | ക്ലാസ് -ട്യൂഷൻ സെന്റർ ,സെന്റർ ജംഗ്ഷൻ തിരുർ |
| 4 | മൗണ്ട് സ്കൂൾ ഓഫ് ഫാഷൻ & ടെക്നോളജി, തിരൂർ |

| | |
|---|---|
| 5 | മാക്സ് അപ്ഡേറ്റ് ടെക്നോളജി, തിരൂർ |
| 6 | തിരൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്,തിരൂർ |
| 7 | തിരൂർ കോപ്പറേറ്റീവ് ആർട്സ് & സയൻസ് കോളേജ് ,തിരുർ |

രജിസ്ട്രേഷൻ പുതുക്കാതെ അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ വിശദമാക്കാൻ അവശ്യപ്പെട്ട് 14.09.2017ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 34/2016-17 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഉചിതമായ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

## 2-3 വസ്തുനികുതി പരിഷ്കരണനടപടികൾ വേഗത്തിലാക്കേണ്ടതാണ്

1) 02.12.2013 ലെ ജി.ഒ. (എം.എസ്)നം.371/2013/ത.സ്വ.ഭ.വ. - ഉത്തരവ് പ്രകാരം 2011 - ലെ കേരള മുനിസിപ്പാലിറ്റി വസ്തു നികുതി ചട്ടങ്ങൾ പുതിയ നികുതിദായകർക്ക് 14.01.2011 മുതലും നിലവിലുള്ള നികുതിദായകർക്ക് (വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നൽകുന്നവർ) 01.04.2013 മുതലും ബാധകമാകുന്നതാണ്.

എന്നാൽ 2016-2017 സാമ്പത്തിക വർഷത്തിൽ നിലവിലുള്ള/പഴയ കെട്ടിടങ്ങൾക്ക് തറ വിസ്തീർണ്ണാടിസ്ഥാനത്തിൽ നികുതി നിരക്ക് നിശ്ചയിച്ച് ഈടാക്കിയിട്ടില്ല. നാളിതുവരെയായിട്ടും വസ്തുനികുതി പരിഷ്കരിക്കണം നടപ്പിലാക്കാത്തതിന്റെ കാരണമായി റവന്യു വകുപ്പിലെ ജീവനക്കാരുടെ കുറവും നിലവിലുള്ള ജോലിക്കാരുടെ ജോലി ഭാരവും കാരണം വസ്തുനികുതി പരിഷ്കരണവും വസ്തുനികുതി ഓൺലൈൻ മുഖേന സ്വീകരിക്കുന്നതും, സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സാധിക്കില്ലെന്നും ആയതിനാൽ 3 ജീവനക്കാരെ താൽക്കാലികമായി ദിവസ വേതനാടിസ്ഥാനത്തിൽ സർക്കാർ അനുമതി ലഭ്യമാക്കി നിയമിക്കുന്നതിന് കൗൺസിലിന്റെ അനുമതിയോടുകൂടി സർക്കാരിലേക്ക് കത്ത് എഴുതിയിട്ടുണ്ടെന്നുമാണ് 2015-16 റിപ്പോർട്ടിനുള്ള മറുപടിയായി നഗരസഭ അറിയിച്ചിരുന്നത്. സർക്കാരിൽ നിന്നും അനുകൂല തീരുമാനമുണ്ടാകുന്ന മുറയ്ക്ക് പരിഷ്കരണവുമായി ബന്ധപ്പെട്ട ബാക്കി പ്രവർത്തികൾ മൂന്ന് മാസത്തിനുള്ളിൽ പൂർത്തീകരിച്ച് നിലവിലുള്ള കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിലുള്ള വസ്തു നികുതി ഈടാക്കുന്നതാണെന്നും അറിയിച്ചിരുന്നു.12.07.2017 ലെ സ. ഉ. (സാധാ.) നം. 2371/2017/തസ്വഭവ പ്രകാരം വസ്തുനികുതി പരിഷ്കരണവും വസ്തുനികുതി ഓൺലൈൻ മുഖേന സ്വീകരിക്കുന്നതും, സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് 3 ഡേറ്റ എൻട്രി ജീവനക്കാരെ താൽക്കാലികമായി ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ വസ്തുനികുതി പരിഷ്കരണം നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

2) വസ്തുനികുതി അരിയർ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. 2016-2017-ലെ വാർഷിക ധനകാര്യപത്രികയിൽ ₹1,58,42,713/- (തന്നാണ്ട് ₹ 57,32,227/-, മുൻ വർഷങ്ങളിലേത് ₹1,01,10,486/-) കുടിശ്ശികയുണ്ട്. എന്നാൽ രജിസ്റ്ററുകളൊന്നും സൂക്ഷിക്കാത്തതിനാൽ മുൻവർഷങ്ങളിലെ വസ്തു നികുതി കുടിശ്ശിക ഏതെല്ലാം വർഷങ്ങളിലുള്ള കുടിശ്ശികയാണ് എന്നതിനോ കാലഹരണപ്പെട്ടതാണോ എന്ന് അറിയുന്നതിനോ സാധിക്കുന്നില്ല. യഥാസമയം വസ്തുനികുതി പിരിച്ചെടുക്കാത്തതിനാൽ ഭീമമായ കുടിശ്ശികയായിട്ടുണ്ട്. വർഷം തിരിച്ചുള്ള കുടിശ്ശികയുടെ കണക്ക് അരിയർ ഡിമാന്റ്

രജിസ്റ്റർ തയ്യാറാക്കി പിരിച്ചെടുക്കുന്നതിനു സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 40/2016-17 തിയതി 20.09.2017 പ്രകാരം മേൽ വിവരങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പട്ടികജാതി ക്ഷേമ-വികസന പ്രൊജക്ടുകൾ - നിർവഹണം 8.11 % മാത്രം - ഫണ്ട് വിനിയോഗത്തിലെ കുറവ് ഗൗരവതരം

2016-17ൽ എസ്. സി. പി. ഫണ്ട് വകയിരുത്തിയ പദ്ധതികളുടെ വിനിയോഗം നിർവഹണ ഉദ്യോഗസ്ഥരെ അടിസ്ഥാനമാക്കി താഴെപ്പറയും പ്രകാരമാണ്.

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | അടങ്കൽ (രൂപയിൽ) | ചെലവ് (രൂപയിൽ) | നിർവഹണശതമാനം |
|---|---|---|---|---|
| 1 | ദാരിദ്ര്യ നിർമ്മാർജ്ജന സെൽ പ്രൊജക്ട് ഓഫീസർ | 74,80,300 | 5,70,000 | 7.62% |
| 2 | നഗരസഭ എഞ്ചിനീയർ | 16,84,087 | 0 | 0 |
| 3 | ഹെഡ് മാസ്റ്റർ | 3,29,855 | 2,32,550 | 70.5% |
| 4 | വ്യവസായ വികസന ഓഫീസർ | 3,00,000 | 0 | 0 |
| 5 | കൃഷി ഫീൽഡ് ഓഫിസർ | 53,700 | 0 | 0 |
| 6 | ഹെൽത്ത് ഓഫിസർ | 50,000 | 0 | 0 |
| ആകെ | | 98,97,942 | 8,02,550 | 8.11% |

നഗരസഭ എഞ്ചിനീയർ, വ്യവസായ വികസന ഓഫീസർ, കൃഷി ഫീൽഡ് ഓഫിസർ, ഹെൽത്ത് ഓഫിസർ എന്നിവരെ നിർവഹണ ഉദ്യോഗസ്ഥന്മാരായി നിശ്ചയിച്ച എസ്. സി. പി. ഫണ്ട് വകയിരുത്തി ആസൂത്രണം ചെയ്ത പദ്ധതികളിൽ തൻവർഷം വിനിയോഗം നടത്തിയിട്ടേയില്ല. ക്ഷേമപ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയുള്ള പദ്ധതികളിൽ ഭൂരിഭാഗവും ദാരിദ്ര്യ നിർമ്മാർജ്ജന സെൽ പ്രൊജക്ട് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നിശ്ചയിച്ച പദ്ധതികളിലായിരുന്നു.

ഭവനനിർമ്മാണം (എസ്.സി), കുടിവെള്ള ഗാർഹിക കണക്ഷൻ (എസ്.സി), വീട് റിപ്പയർ (എസ്.സി), ഭൂമി വാങ്ങാൻ ധനസഹായം (എസ്.സി), വിവാഹ ധനസഹായം (എസ്.സി), ഓട്ടോറിക്ഷ വാങ്ങാൻ സബ്സിഡി (എസ്.സി), തൊഴിൽ പരിശീലനം (എസ്.സി), കുടിവെള്ള കിണർ(എസ്.സി), എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (എസ്.സി) എന്നിവ പ്രസ്തുത ഉദ്യോഗസ്ഥന് നിർവ്വഹണച്ചുമതല നിശ്ചയിച്ച പദ്ധതികളിൽ ഉൾപ്പെടുന്നു. ഓഡിറ്റിനായി ഹാജരാക്കിയിട്ടുള്ള ചെലവ് രേഖകൾ പരിശോധിച്ചതിൽ ഈ പദ്ധതികളിലെ നിർവ്വഹണശതമാനം താഴെപ്പറയും പ്രകാരമാണ്.

| പ്രൊജക്റ്റ് നം. | പ്രൊജക്റ്റിന്റെ പേര് | അടങ്കൽ (രൂപയിൽ) | ചെലവ് (രൂപയിൽ) | നിർവ്വഹണ ശതമാനം |
|---|---|---|---|---|
| 1 | ഭവനനിർമ്മാണം (എസ്.സി) | 8,20,000 | 2,70,000 | 33% |
| 101 | കുടിവെള്ള ഗാർഹിക കണക്ഷൻ സബ്സിഡി(SCP) | 60,000 | 0 | 0 |
| 102 | വീട് റിപ്പയർ | 8,50,000 | 0 | 0 |
| 103 | ഭൂമി വാങ്ങാൻ ധനസഹായം | 40,50,000 | 0 | 0 |
| 104 | വിവാഹ ധനസഹായം | 4,00,000 | 3,00,000 | 75% |
| 108 | ഓട്ടോറിക്ഷ വാങ്ങാൻ സബ്സിഡി | 5,00,000 | 0 | 0 |
| 299 | തൊഴിൽ പരിശീലനം | 2,00,300 | 0 | 0 |
| 312 | കുടിവെള്ള കിണർ | 1,50,000 | 0 | 0 |
| 313 | എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് | 4,50,000 | 0 | 0 |
| | ആകെ | 74,80,300 | 5,70,000 | 7.67% |

എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കാൻ ഉദ്ദേശിച്ച് വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന പദ്ധതികളിൽ ഭൂരിഭാഗവും നിർവ്വഹിച്ചിട്ടില്ലെന്നത് മേൽപരാമർശിച്ച കണക്കുകളിൽ നിന്നും വ്യക്തമാണ്. മേൽ പരാമർശിച്ച പദ്ധതികളിൽ 313/2016-17, 299/2016-17 ഒഴികെ എല്ലാ പദ്ധതികൾക്കുമുള്ള ഗുണഭോക്താക്കളുടെ പട്ടിക ഭരണസമിതി

അംഗീകരിച്ചിട്ടുള്ളതുമാണ്. ഗുണഭോക്താക്കളെ നിശ്ചയിച്ചിട്ടും പദ്ധതികളുടെ നിർവ്വഹണത്തിൽ ഈ രീതിയിൽ കുറവ് സംഭവിച്ചതിന്റെ കാരണവും മേൽപരാമർശിച്ച പദ്ധതികളിൽ ഏതെങ്കിലും അടുത്ത വർഷം നിർവ്വഹിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറി നം. 16/2016-17 തി. 05.08.2017 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ഹാജരാക്കിയിട്ടില്ല.

പട്ടികജാതി വിഭാഗത്തിൽ കാർഷികമേഖലയുടെ പുരോഗതിക്കായി ചുവടെ കൊടുക്കുന്ന പ്രോജക്ടുകൾ വിഭാവനം ചെയ്ത് വാർഡ് സഭകളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതായി കാണുന്നു. എന്നാൽ ടി പ്രോജക്ടുകളുടെ നിർവ്വഹണം നടത്തിയിട്ടില്ല. പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ (രൂപയിൽ) | ചെലവ് (രൂപയിൽ) |
|---|---|---|---|
| 205/17 | ഗ്രോബാഗ് വിതരണം | 25,000 | 0 |
| 206/17 | തെങ്ങിൻ തൈ കുറിയത് | 4,700 | 0 |
| 207/17 | ജൈവ പച്ചക്കറി | 24,000 | 0 |

പ്രോജക്ടുകൾ നിർവ്വഹണം നടത്താതിരിക്കാനുള്ള കാരണം വിശദീകരിക്കേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറി നം. 21/2016-17 തി. 08.08.2017 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ഹാജരാക്കിയിട്ടില്ല.

പട്ടികജാതി ജനതയുടെ ഉന്നമനം ലക്ഷ്യമാക്കി വാർഷികപദ്ധതികളിൽ ഉൾപ്പെടുത്തിയ പ്രൊജക്ടുകളിലെ വിനിയോഗം 8.11% മാത്രമായത് ഗൗരവതരമാണ്. പാർശ്വവൽകൃതസമൂഹങ്ങളുടെ വികസന-ക്ഷേമ പ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നല്കുന്ന പണത്തിന്റെ കാര്യക്ഷമമായ വിനിയോഗം ഉറപ്പാക്കേണ്ടത് പ്രസ്തുതസ്ഥാപനങ്ങളുടെ ഉത്തരവാദിത്തമാണ്. പന്ത്രണ്ടാം പദ്ധതി ആസൂത്രണവും സബ്സിഡി മാനദണ്ഡങ്ങളും സംബന്ധിച്ച 11.01.2016ലെ സ. ഉ. (എം. എസ്.) നം. 4/2016/ത.സ്വ.ഭ.വ. പരിഷ്കരിച്ച മാർഗ്ഗരേഖയുടെ ഖണ്ഡിക 12.1 അനുസരിച്ച് എസ്.സി.പി./ ടി.എസ്.പി. പദ്ധതികളുടെ നിർവഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിരീക്ഷണസമിതികൾ രൂപീകരിക്കേണ്ടതാണ്. പദ്ധതിനിർവഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കുന്നതിനുമുള്ള മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ നഗരസഭ ഗുരുതരമായ വീഴ്ച വരുത്തിയതിനാലാണ് എസ്.സി.പി. ഫണ്ട് വിനിയോഗത്തിൽ ഗൗരവതരമായ രീതിയിൽ കുറവ് സംഭവിച്ചിട്ടുള്ളത്. ഈ അപാകതയിന്മേലുള്ള വിശദീകരണവും പരിഹാരനടപടികളും ഈ ഓഡിറ്റ് റിപ്പോർട്ട് കിട്ടിയാലുടൻ അറിയിക്കേണ്ടതാണ്.

## 3-2 തുഞ്ചൻ ഉത്സവത്തിന് ധനസഹായം-ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.₹100000/-തടസ്സം ചെയ്യുന്നു.

ഫയൽ നം. G3-22403/16

21.12.2016 ലെ സ.ഉ.(സാ.ധാ.)നം.3482/2016/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം 2017 ജനവരി 28 മുതൽ 31 വരെ 4 ദിവസങ്ങളിലായി തിരൂർ തുഞ്ചൻ പറമ്പിൽ വെച്ച് നടത്തുന്ന 2017 ലെ തുഞ്ചൻ ഉത്സവത്തിന് നഗരസഭയുടെ ഫണ്ടിൽ നിന്നും 5 ലക്ഷം രൂപ സംഭാവന നൽകുന്നതിന് അവരുടെ കമ്മറ്റി തീരുമാനത്തിനും 16.02.2006 ലെ സ.ഉ.(എം.എസ്.)നം.58/06/ത.സ്വ.ഭ.വ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി യഥേഷ്ടാനുമതി നൽകിയും സംഭാവന നൽകുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് സംഘാടക സമിതി കൺവീനർ ഓഡിറ്റ് ചെയ്ത വരവ് ചെലവുകളുടെ അടിസ്ഥാനത്തിൽ ധന വിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണെന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ 20.01.2017ലെ 7ാം നമ്പർ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 16.02.2006 ലെ സ.ഉ.(എം.എസ്.)നം.58/06/ത.സ്വ.ഭ.വ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ₹1,00,000/- (വൗച്ചർ നം.21601297/24.01.2017, ചെക്ക് നം.335937/24.01.2017) തിരൂർ തുഞ്ചൻ ട്രസ്റ്റിനു അനുവദിച്ചിട്ടുണ്ട്.

എന്നാൽ ഇതു സംബന്ധിച്ച ഫയൽ,വൗച്ചർ എന്നിവ പരിശോധിച്ചതിൽ ചെലവിന്റെ ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. ആയതിനാൽ തുഞ്ചൻ ഉത്സവ സംഘാടക സമിതി കൺവീനർ ഓഡിറ്റ് ചെയ്ത വരവ് ചെലവുകളുടെ അടിസ്ഥാനത്തിലുള്ള ധന വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ 14.09.2017ലെ ഓഡിറ്റ് എൻക്വയറി നം33./2016-17 ന് മറുപടി ലഭ്യമാക്കുകയോ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ചെലവ് തുക ₹1,00,000/- ഓഡിറ്റ് തടസ്സം ചെയ്യുന്നു. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-3 പ്രതിമാസ പ്രോവിഡന്റ് ഫണ്ട് വിഹിതം യഥാസമയം സെൻട്രൽ പ്രോവിഡന്റ് ഫണ്ടിൽ ഒടുക്കിയില്ല. പിഴപ്പലിശയിനത്തിൽ ₹ 2639 തനതു ഫണ്ടിൽ നിന്നും അടവാക്കിയത് അംഗീകരിക്കുന്നില്ല.

ഫയൽ നം. A2-28000/13

2005ലെ കേരള മുനിസിപ്പാലിറ്റി ജീവനക്കാരുടെ സെൻട്രൽ പ്രോവിഡന്റ് ഫണ്ട് ചട്ട പ്രകാരം ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിൽ നിന്നും ഈടാക്കുന്ന പ്രോവിഡന്റ് ഫണ്ട് പ്രതിമാസ വിഹിതം അതാതു മാസം 15ാം തിയ്യതിക്കകം സെൻട്രൽ പ്രോവിഡന്റ് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം 8% പലിശയടക്കം ഒടുക്കേണ്ടതാണ്. നഗരകാര്യ ഡയറക്ടറുടെ 7.4.2016 ലെ പി.എഫ്.2-1130/07 ഉത്തരവ് നടപടികൾ പ്രകാരം 5/2015 മുതൽ 2/2016 വരെയുള്ള മാസങ്ങളിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും റിക്കവറി നടത്തിയ പ്രോവിഡന്റ് ഫണ്ട് യഥാസമയം സെൻട്രൽ പ്രോവിഡന്റ് ഫണ്ടിൽ ഒടുക്ക് വരാത്തതിനാൽ 8% പലിശയിനത്തിൽ ₹ 2639 നഗരസഭയ്ക്ക് പ്രോവിഡന്റ് ഫണ്ടിനത്തിൽ അനുവദിച്ച ₹50,00000 യിൽ നിന്നും ഈടാക്കിയിരിക്കുന്നു. ₹49,97,361 രൂപയാണ് അനുവദിച്ചിട്ടുള്ളത് (50,00000-2639). പിഴപ്പലിശയായ ₹ 2639 നഗരസഭ ഫണ്ടിൽ നിന്നും പിൻവലിച്ച് നഗരസഭയുടെ ട്രഷറി സേവിംഗ് ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യണമെന്ന് അറിയിച്ചിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും ചെക്ക് നമ്പർ 918421/23.06.2016 പ്രകാരം (വൗച്ചർ നമ്പർ 21600406/23.06.2016)ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ അടവാക്കി.

ഫയൽ പരിശോധിച്ചതിൽ പിഴപ്പലിശ ₹ 2,639 നഗരസഭ ഫണ്ടിൽ നിന്നും ഈടാക്കി നഗരസഭ ട്രഷറി സേവിംഗ്സ്

ബാങ്ക് അക്കൗണ്ടിലേക്ക് അടവാക്കൽ, കാലതാമസം വരുത്തിയ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈ തുക ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കണമെന്നും ഫയലിൽ കുറിപ്പെഴുതിയിട്ടുണ്ട്.ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈ തുക ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഇല്ലങ്കിൽ ആയതിൻമേൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ, 5/2015 മുതൽ 2/2016 വരെയുള്ള മാസങ്ങളിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും റിക്കവറി നടത്തിയ പ്രോവിഡന്റ് ഫണ്ട് പ്രതിമാസ വിഹിതം യഥാസമയം സെൻട്രൽ പ്രോവിഡന്റ് ഫണ്ടിൽ ഒടുക്ക് വരുത്താതിരിക്കാനുള്ള കാരണം എന്നിവ ആവശ്യപ്പെട്ട് 30.06.2017ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 1/2016-17ന് മറുപടി ലഭിച്ചിട്ടില്ല.

പ്രതിമാസ പ്രോവിഡന്റ് ഫണ്ട് വിഹിതം യഥാസമയം സെൻട്രൽ പ്രോവിഡന്റ് ഫണ്ടിൽ അടവാക്കാത്തതിനാൽ പിഴപ്പലിശയിനത്തിൽ ₹ 2,639 തനതു ഫണ്ടിൽ നിന്നും അടവാക്കിയത് ക്രമപ്രകാരമല്ല. ആയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. മേൽ തുക ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-4 <u>ഹോസ്പിറ്റൽ കിയോസ്ക്-യൂസർ ചാർജ് ചെലവിനങ്ങൾക്ക് തികയുന്നില്ല.</u>

ഫയൽ നം. H3-14756/06 ഹോസ്പിറ്റൽ കിയോസ്ക്.

19.11.2007 ലെ സ.ഉ.(എം.എസ്.)നം 262/2007/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഭരണ നവീകരണ പദ്ധതിയുടെ ഭാഗമായി ഓൺലൈൻ ജനന മരണ രജിസ്ട്രേഷനു വേണ്ടി നടപ്പാക്കിയ ഹോസ്പിറ്റൽ കിയോസ്ക് സംവിധാനം ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുവാനും കിയോസ്കുകളുടെ നടത്തിപ്പ് കുടുംബശ്രീ ഐ.ടി. യൂണിറ്റുകൾക്ക് ഔട്ട് സോഴ്സ് ചെയ്യാനും കിയോസ്കിൽ നിന്നും ലഭിക്കുന്ന യൂസർ ചാർജ് നഗരസഭയിൽ അടവാക്കുവാനും കിയോസ്കിലെ ഡാറ്റാ എൻട്രി ഓപ്പറേറ്റർക്ക് അതിൽ നിന്നും വേതനം നൽകുകയും ചെയ്യണമെന്നും ഉത്തരവായിട്ടുണ്ട്.

ഹോസ്പിറ്റൽ കിയോസ്കുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ 2016-17 സാമ്പത്തിക വർഷത്തിൽ ഹോസ്പിറ്റൽ കിയോസ്കിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ₹1,60,086 (ദിവസകൂലിയിനത്തിൽ ₹1,21,768, കുടിശ്ശിക ₹21,250,ഇ.പി.എഫ് ₹14,582,കൊറിയർ ചാർജ് ₹1376,അലവൻസ് ₹1110 )ചെലവ് വന്നിട്ടുണ്ട്. എന്നാൽ ഹോസ്പിറ്റൽ കിയോസ്കിൽ നിന്നും യൂസർ ചാർജിനത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ ₹1,09,180 ആണ് ലഭിച്ചിട്ടുള്ളത്. നഗരസഭയുടെ തനതുഫണ്ടിൽ നിന്നും ₹ 50,906 ഹോസ്പിറ്റൽ കിയോസ്കിന്റെ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്.

23.07.2015 ലെ നഗരസഭാ ഹെൽത്ത് സ്റ്റാന്റിംഗ് കമ്മറ്റിയുടെ 4ാം നമ്പർ തീരുമാന പ്രകാരമാണ് അവസാനമായി യൂസർ ചാർജ് 15 ൽ നിന്നും 20 ആയി വർദ്ധിപ്പിച്ചത്.

സ.ഉ.(സാധാ)നം.210/2016.ത.സ്വ.ഭ.വ. തി.20.01.2016 പ്രകാരം നഗരസഭകളിലെ ആശുപത്രി കിയോസ്കുകളിൽ കിയോസ്ക് എക്സിക്യൂട്ടീവ് /ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരായി ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ നിലവിലുള്ള ദിവസ വേതനം 1.10.2014 മുതൽ 350 രൂപയിൽ നിന്നും 400 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നഗരസഭാ കൗൺസിലിന്റെ 23.02.2016 ലെ 9ാം നമ്പർ തീരുമാന പ്രകാരം ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ ദിവസ വേതനം 400 രൂപയായി വർദ്ധപ്പിച്ചിട്ടുണ്ട്.

19.11.2007 ലെ സ.ഉ.(എം.എസ്.)നം 262/2007/ത.സ്വ.ഭ.വ. പ്രകാരം യൂസർ ചാർജ് ചെലവുകൾക്ക് മതിയാവാതെ വരികയാണെങ്കിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് യൂസർചാർജ് വർദ്ധിപ്പിക്കാവുന്നതാണ്.

ഹോസ്പിറ്റൽ കിയോസ്കിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട ചെലവുകൾക്ക് തനത് ഫണ്ടിൽ നിന്നും കൂടുതൽ തുക ചെലവഴിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്.

ഹോസ്പിറ്റൽ കിയോസ്കിന്റെ പ്രവർത്തനത്തിന് തനത് ഫണ്ടിനു അധിക ബാദ്ധ്യത വരാത്ത രീതിയിൽ യൂസർ ചാർജ് വർദ്ധിപ്പിക്കുന്നതടക്കമുള്ള നടപടികൾ നഗരസഭയ്ക്ക് സ്വീകരിക്കാവുന്നതാണ്.

## 3-5 കണ്ടിജന്റ് വിഭാഗം ജീവനക്കാർക്കുള്ള 2014-15,2015-16 വർഷത്തിലുള്ള യൂണിഫോം , ശുചീകരണ ഉപകരണങ്ങൾ വാങ്ങിയതിലും വിതരണം ചെയ്തതിലും അപാകതകൾ -₹36,278/-തടസ്സം ചെയ്യുന്നു.

ഫയൽ നം. H3-12881/15

നഗരസഭയിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് 2014-15,2015-16 വർഷത്തിലുള്ള യൂണിഫോം , ശുചീകരണ ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്യുന്നതിന് 31.08.2015ലെ 27ാം കൗൺസിൽ തീരുമാന പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 25.09.2015 ലെ എച്ച്2-12881/15 പ്രകാരമുള്ള ടെണ്ടർ നോട്ടീസിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ ക്ഷണിച്ചു.

ലഭ്യമായ ടെണ്ടറുകളിൽ സുരക്ഷാ ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്യുന്നതിന് ഏറ്റവും കുറവ് തുക കാണിച്ചിട്ടുള്ളത് ബാസിത് സിൽക്സ് തിരൂർ എന്ന സ്ഥാപനമാണ്.ടെണ്ടർ 3.02.2016 ലെ 2ാം നമ്പർ തീരുമാന പ്രകാരം കൗൺസിൽ അംഗീകരിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 16.03.2016 ലെ എച്ച്3-128841/15 സപ്ലൈ ഓർഡർ പ്രകാരം 2014-15,2015-16 വർഷത്തേക്ക് ഒരുമിച്ച് ശുചീകരണ ഉപകരണങ്ങൾ സപ്ലൈ ചെയ്യുന്നതിന് ഓർഡർ നൽകി.

ഓർഡർ നൽകിയ സാധനങ്ങൾ 2014-15 വർഷത്തേക്ക് ₹1,65,615(ബിൽ നം.24297/14.06.2016 ) 2015-16 വർഷത്തേക്ക് ₹1,59,760(ബിൽ നം.24296/14.06.2016 ) പ്രകാരം വിതരണം ചെയ്തിട്ടുണ്ട്.

എന്നാൽ ബിൽ തുകയായ ₹ 3,25,375/- അനുവദിക്കുന്നതിനു പകരം ഏത് വർഷത്തേക്കുള്ള അലോട്ട്മെന്റ് പ്രകാരമുള്ള സാധനങ്ങളായാലും 2014-15,2015-16 വർഷത്തേക്ക് ശുചീകരണ ഉപകരണങ്ങൾ വാങ്ങുന്നതിന് ഒരുമിച്ച് സപ്ലൈ ഓർഡർ നൽകിയതിനാൽ വിതരണം ചെയ്യുന്ന സ്ഥാപനത്തെ സംബന്ധിച്ച് വില നിശ്ചയിക്കുന്നതിന് ആയത് പരിഗണിക്കേണ്ടതില്ല എന്നും 7.10.2015 ലെ ടെണ്ടർ പ്രകാരം വാങ്ങിയ സാധനങ്ങൾക്ക് ഓരോ വർഷത്തേക്കും ഒരേ സാധനത്തിന് വ്യത്യസ്ത വില കോട്ട് ചെയ്തതിന്റെ കാരണം മനസ്സിലാകുന്നില്ല എന്നും ആയതിനാൽ വർഷം പരിഗണിക്കാതെ ഓരോ ഇനത്തിനും കോട്ട് ചെയ്ത ഏറ്റവും കുറവ് നിരക്കിലേ നൽകാവൂ എന്നും 2014-15,2015-16 വർഷത്തേക്കുള്ള ശുചീകരണ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് കോട്ട് ചെയ്തത് 2014-15 വർഷത്തേക്കുള്ള ശുചീകരണ ഉപകരണങ്ങൾക്കാണെന്നും 2015-16 വർഷത്തേക്കുള്ളതിനും 2014-15ലെ നിരക്കിലേ നൽകാവൂ എന്നുള്ള സെക്രട്ടറിയുടെ കുറിപ്പിന്റെ അടിസ്ഥാനത്തിൽ ₹3,06,169 യാണ് അനുവദിച്ചിട്ടുള്ളത്. (ചെക്ക് നം.106947/16.12.2016 , വൗച്ചർ നം.21601165/16.12.2016 )

ലഭ്യമായ ടെണ്ടറുകളിൽ യൂണി ഫോം വിതരണം ചെയ്യുന്നതിന് ഏറ്റവും കുറവ് തുക കാണിച്ചിട്ടുള്ള M/S മാവി ടെക്സ്റ്റോറിയം ,തിരൂരിന്റെ 7.10.2015 ലെ ടെണ്ടർ 3.02.2016 ലെ 2ാം നമ്പർ തീരുമാന പ്രകാരം കൗൺസിൽ അംഗീകരിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 19.02.2016 ലെ എച്ച്3-128841/15 സപ്ലൈ ഓർഡർ പ്രകാരം 2014-15,2015-16 വർഷത്തേക്ക് യൂണീഫോം ഒരുമിച്ച് വിതരണം ചെയ്യുന്നതിന് ഓർഡർ നൽകി.

ഓർഡർ നൽകിയ സാധനങ്ങൾ 2014-15 വർഷത്തേക്ക് ₹54,165(ബിൽ നം.242/28.03.2016 ) 2015-16 വർഷത്തേക്ക് ₹51,387(ബിൽ നം.243/28.03.2016 ) പ്രകാരം വിതരണം ചെയ്തിട്ടുണ്ട്. ബിൽ തുകയായ ₹1,05,552/- ചെക്ക് നം.870446/6.05.2016 , വൗച്ചർ നം.21600209/6.05.2016 പ്രകാരം അനുവദിച്ചു.

എന്നാൽ 2014-15,2015-16 വർഷങ്ങൾക്ക് യൂണീഫോം വാങ്ങുന്നതിന് ഒരുമിച്ച് സപ്ലൈ ഓർഡർ നൽകുകയും സാധനങ്ങൾ ഒരുമിച്ച് കിട്ടിയതുമായിട്ടാണ് ഫയൽ പരിശോധയിൽ കാണുന്നത്. 7.10.2015 ലെ ടെണ്ടർ പ്രകാരം വാങ്ങിയ സാധനങ്ങൾക്ക് ഓരോ വർഷത്തേക്കും ഒരേ സാധനത്തിന് വ്യത്യസ്ത വില കോട്ട് ചെയ്തത് അംഗീകരിച്ചതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

2014-15,2015-16 വർഷത്തേക്കുള്ള ശുചീകരണ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത 2014-15 വർഷത്തെ നിരക്കിൽ 2015-16 വർഷത്തേക്കും ബാധകമാക്കിയാണ് തുക അനുവദിച്ചത്. എന്നാൽ യൂണിഫോം വാങ്ങിയതിൽ ആയത് പാലിച്ചില്ല. ആയതിനാൽ താഴെ നൽകും പ്രകാരം അധികം തുക തൽകിയതായി കാണുന്നു. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

| വർഷം | ഇനം | അളവ്/എണ്ണം | നിരക്ക് | തുക | അധികം |
|---|---|---|---|---|---|
| 2014-15 | കാക്കി തുണി | 310.5 | 120 | 37260 | |
| | സാരി (നീല) | 69 | 190 | 13110 | |
| | ബ്ലൗസ് പീസ്(നീല) | 69 | 55 | 3795 | |
| 2015-16 | കാക്കി തുണി | 283.5 | 125 | 35448 | 1428 (283.5*120=34020) |
| | സാരി (നീല) | 63 | 195 | 12285 | 315 (63*190=11970) |
| | ബ്ലൗസ് പീസ്(നീല) | 63 | 58 | 3654 | 189 (63*55=3465) |
| ആകെ | | | | | 1932 |

2. 2014-15,2015-16 വർഷത്തിലുള്ള യൂണീഫോം , സുരക്ഷാ ഉപകരണങ്ങൾ എന്നിവ യഥാ സമയം വാങ്ങി വിതരണം ചെയ്യാത്തതിനാൽ സപ്ലൈ ഓർഡർ നൽകി വിതരണം ചെയ്ത സമയത്തിനു മുമ്പ് സേവനത്തിൽ നിന്നും വിരമിച്ചവർക്കും നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ .നം. | ജീവനക്കാരന്റെ പേര് | വിരമിച്ച തിയ്യതി |
|---|---|---|
| 1 | ലീല.സി. | 30.06.2014 |
| 2 | സുഭദ്ര. | 30.06.2014 |
| 3 | വിജയൻ.കെ. | 31.08.2014 |
| 4 | വിശ്വനാഥൻ.എം.കെ. | 31.10.2014 |
| 5 | ധർമ്മരാജൻ | 31.01.2015 |
| 6 | വി.കൃഷ്ണൻ | 31.10.2015 |

മേൽ ജീവനക്കാർക്ക് യൂണിഫോം,സുരക്ഷാ ഉപകരണങ്ങൾ യഥാക്രമം 22.04.2016,24.06.2016എന്നീ തിയ്യതികളിലാണ് വിതരണം ചെയ്തിരിക്കുന്നത്.

സറ്റോക്ക് & ഇഷ്യൂ രജിസ്റ്റർ പരിശോധിച്ചതിൽ മേൽ ജീവനക്കാരിൽ വി.കൃഷ്ണന് 2014-15,2015-16 വർഷത്തേക്കും മറ്റുള്ളവർക്ക് 2014-15 വർഷത്തേക്കുമാണ് യൂണിഫോം,സുരക്ഷാ ഉപകരണങ്ങൾ നൽകിയിട്ടുള്ളത്.ആയതിന് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

യൂണിഫോം

| 2014-15 | | | | |
|---|---|---|---|---|
| ഇനം | ജീവനക്കാരുടെ എണ്ണം | അളവ്/എണ്ണം | നിരക്ക് | വില<br>₹ |
| കാക്കിതുണി | 4 | 54 മീ. | 120 | 6480 |
| സാരി | 2 | 6 | 190 | 1140 |
| ബ്ലൗസ് പീസ് | 2 | 6 | 55 | 330 |
| | | | | 7950 |
| 2015-16 -യൂണിഫോം | | | | |
| കാക്കിതുണി | 1 | 13.5മീ. | 125 | 1688 (125*13.5) |
| ആകെ | | | | 9,638 |

സുരക്ഷാ ഉപകരണങ്ങൾ

| 2014-15 | | | | |
|---|---|---|---|---|
| ഇനം | ജീവനക്കാരുടെ എണ്ണം | എണ്ണം | നിരക്ക് | വില<br>₹ |
| ഗ്ലൗസ് | 6 | 72 | 98 | 7056 |
| റെയിൻ കോട്ട് | 6 | 6 | 925 | 5550 |
| ചെരുപ്പ് | 6 | 12 | 429 | 5148 |
| ഗംബൂട്ട് | 6 | 6 | 632 | 3792 |
| ആകെ | | | | 21546 |
| 2015-16 | | | | |
| ഗ്ലൗസ് | 1 | 12 | 98 | 1176 |
| റെയിൻ കോട്ട് | 1 | 1 | 925 | 925 |

| | | | | |
|---|---|---|---|---|
| ചെരുപ്പ് | 1 | 1 | 429 | 429 |
| ഗംബൂട്ട് | 1 | 1 | 632 | 632 |
| | | | | 3162 |
| ആകെ (2014-15,2015-16) | | | | 24708 |

2014-15,2015-16 വർഷങ്ങളിൽ യൂണീഫോം വാങ്ങുന്നതിന് ഒരുമിച്ച് സപ്ലൈ ഓർഡർ നൽകുകയും സാധനങ്ങൾ ഒരുമിച്ച് വാങ്ങി വിതരണം ചെയ്യുതതിന് ഓരോ വർഷത്തേക്കും ഒരേ സാധനത്തിന് വ്യത്യസ്ത വില കോട്ട് ചെയ്യുത് അംഗീകരിച്ചതിന്റെ കാരണം, സേവനത്തിൽ നിന്നും വിരമിച്ചതിനു ശേഷം യൂണീഫോം,സുരക്ഷാ ഉപകരണങ്ങൾ വിതരണം ചെയ്യുതിന്റെ കാരണം എന്നിവയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് 14.09.2017ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.36/2016-17 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക ₹36,278/- ഓഡിറ്റ് തടസ്സം ചെയ്യുന്നു. വിശദീകരണം ആദ്യ മറുപടിയുടെ കൂടെ നൽകേണ്ടതാണ്.

## 3-6 <u>മുൻകൂറുകൾ-₹49,62,416.93/- ക്രമീകരിച്ചില്ല.</u>

തിരൂർ നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തിലെ മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ 03.05.1972മുതൽ 31.03.2016 വരെയുള്ള കാലയളവിൽ അനുവദിച്ച മുൻകൂർ തുകയായ ₹ 49,40,866.93/-യും 2016-17 സാമ്പത്തിക വർഷത്തിൽ അനുവദിച്ച ₹21,550/-യും നാളിതുവരെയായും ക്രമീകരിച്ചതായി കാണുന്നില്ല.വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ.നം. | മുൻകൂർ എടുത്ത ജീവനക്കാര്/ഏജൻസികൾ /ജീവനക്കാരന്റെ പേര് | മുൻകൂർ എടുത്ത കാലയളവ്/തിയ്യതി | തുക | ഏത് ആവശ്യത്തിലേക്ക് |
|---|---|---|---|---|
| 1 | വിവിധ ജീവനക്കാർ/ഏജൻസികൾ | 03.05.1972മുതൽ 31.03.2016 വരെ | 49,40,866.93/- | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക് |
| 2 | ശ്രീ.ഐ.പി.രാജീവൻ | 29.09.2016 | 5000 | ഗാന്ധി ജയന്തി -ശുചീകരണ ക്യാമ്പയിൻ |
| 3 | ഷൈജു.കെ, ഡ്രൈവർ | 22.12.2016 | 550 | KL 55-1292 കാർ റിപ്പയർ |
| 4 | മധുസൂദനൻ.കെ.HI | 23.01.2017 | 4000 | റിപ്പബ്ലിക്ക് ദിനാഘോഷ ചെലവിലേക്ക് |
| 5 | ശ്രീ.സുധീർ.ബി.,ഓവർസിയർ | 25.01.2017 | 10000 | അനധികൃത നിർമ്മാണം ഡിപ്പാർട്ട്മെന്റലായി പൊളിച്ച് നീക്കാൻ |
| 6 | ഷൈജു.കെ, ഡ്രൈവർ | 06.02.2017 | 1000 | KL 55-1292 കാർ വിൽപന നടത്തുന്നതിന് PWD |

| | | | | |
|---|---|---|---|---|
| | | | | മെക്കാനിക്കൽ വിഭാഗം ഇൻസ്പെക്ഷൻ ഫീസ് അടവാക്കുവാൻ |
| 7 | ഷൈജു.കെ, ഡ്രൈവർ | 06.02.2017 | 1000 | KL 55-G 7000 ജീപ്പിന്റെ മൈലേജ് ടെസ്റ്റിനു വേണ്ടി. |
| | ആകെ | | 49,62,416.93/- | |

04.10.2011 ലെ ജി.ഒ.(പി)നം.419/2011/ധന.പ്രകാരം ഭേദഗതി വരുത്തിയ ആർട്ടിക്കിൾ 99,കെ.എഫ്.സി.വോല്യം1 പ്രകാരം മുൻകൂറുകൾ ചെലവഴിച്ചതിന്റെ അഡ്ജസ്റ്റ്മെന്റ് ബിൽ 3 മാസത്തിനകം സമർപ്പിച്ചില്ലെങ്കിൽ മുൻകൂറുകൾ പിൻവലിച്ച തിയ്യതി മുതൽ തിരിച്ച പിടിക്കുന്ന തിയ്യതി വരെ 18/% നിരക്കിൽ പലിശ സഹിതം മുഴുവൻ മുൻകൂറും തിരിച്ച പിടിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മുൻകൂറുകൾ യഥാസമയം ക്രമീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് 18.09.2017ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 37ന് മറുപടി ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ മേൽ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് മുൻകൂറുകൾ തിരിച്ച് പിടിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും, മുൻകൂർ രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി, പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-7 ഇൻഡസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസർ - തുടർച്ചയായ വർഷങ്ങളിൽ പദ്ധതി നിർവ്വഹണത്തിൽ വീഴ്ച വരുത്തി

2016-17 വർഷത്തെ പദ്ധതിരേഖകൾ പരിശോധിച്ചതിൽ ഇൻഡസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നിശ്ചയിച്ച് ആസൂത്രണം ചെയ്ത പദ്ധതികളുടെ നിർവ്വഹണം താഴെപ്പറയും പ്രകാരമാണ്.

| ക്രമ നം. | പ്രൊജക്റ്റ് നം. | പ്രൊജക്റ്റിന്റെ പേർ | അടങ്കൽ | നിർവ്വഹണം |
|---|---|---|---|---|
| 1 | 226/2016-17 | ക്യാരി ബാഗ് നിർമ്മാണം | ₹ 6,00,000 (SCP-₹2,00,000) | 0 |
| 2 | 228/2016-17 | കറി മസാല യൂണിറ്റ് | ₹ 3,50,000 (SCP-₹1,00,000) | 0 |

എസ്. സി. പി. വിഹിതം കൂടി ഉൾപ്പെടുത്തി ആസൂത്രണം ചെയ്തിരുന്ന പദ്ധതികളുടെ നിർവ്വഹണത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന് മേൽപരാമർശിച്ച വിവരങ്ങളിൽ നിന്ന് വ്യക്തമാണ്. 2016-17ലെ പദ്ധതിയാസൂത്രണം സംബന്ധിച്ച എ5 - 566/ 2016 നമ്പർ ഫയൽ പരിശോധിച്ചതിൽ ഐ. ഇ. ഒ. യെ നിർവ്വഹണം ചുമതലപ്പെടുത്തിയിരുന്ന പദ്ധതികൾ 2016-17 വർഷത്തിൽ നടപ്പിലാക്കാൻ സാധിക്കില്ലെന്ന് 15-12-2016 ലെ TMC/IEO/PROJECTS/2016 നമ്പർ കത്ത് പ്രകാരം ടി ഉദ്യോഗസ്ഥൻ നഗരസഭയെ അറിയിച്ചിട്ടുണ്ട്. വായ്പാബന്ധിത പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച് പദ്ധതിമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി പൂർത്തിയാക്കാൻ കഴിയില്ലെന്നാണ് പ്രസ്തുത കത്തിൽ

പരാമർശ്ശിച്ചിട്ടുള്ളത്. പ്രസ്തുതപദ്ധതികൾ നടപ്പാക്കുന്നതിലേക്കായി അപേക്ഷകളൊന്നും ലഭിച്ചിട്ടില്ലെന്നും കത്തിൽ പരാമർശിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾക്ക് മറുപടി നൽകേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറി നം. 27/18.08.2017 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

1. 11-1-2016ലെ സ. ഉ. (എം എസ്) നമ്പർ 4/2016/ത.സ്വ.ഭ.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള 2016-17 വാർഷികപദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.6 പ്രകാരം ലീഡ് ബാങ്ക് പ്രതിനിധികളുമായും അതാത് തലത്തിലുള്ള ബാങ്കേഴ്സ് കമ്മിറ്റികളുമായും സഹകരണസംഘപ്രതിനിധികളുമായി യോജിച്ച് ചെയ്യാവുന്ന പദ്ധതികളിൽ അവരുമായും വാർഷികപദ്ധതി തയ്യാറാക്കുന്നതിനു മുൻപ് തന്നെ വർക്കിംഗ് ഗ്രൂപ്പ് നടത്തുന്ന ചർച്ചകളുടെ അടിസ്ഥാനത്തിലായിരിക്കണം വായ്പാബന്ധിത പ്രൊജക്ടുകൾ തയ്യാറാക്കേണ്ടതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഐ.ഇ.ഒ.യെ ചുമതലപ്പെടുത്തിയ പദ്ധതികൾ വായ്പാബന്ധിതമായാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം വായ്പ ലഭിക്കുന്നതിനാവശ്യമായ ചർച്ചകൾ പൂർത്തീകരിച്ചതിനു ശേഷമാണോ മേൽപ്പരാമർശിച്ച പ്രോജക്ടുകൾ വാർഷികപദ്ധതിയുടെ ഭാഗമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കേണ്ടതാണ്. അത്തരം ചർച്ചകൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

2. മേൽപ്പരാമർശിച്ച പദ്ധതികൾ നടപ്പാക്കുന്നതിലേക്കായി അപേക്ഷകളൊന്നും ലഭിച്ചിട്ടില്ലെന്ന് ഐ.ഇ.ഒ. സെക്രട്ടറിക്ക് നൽകിയ കത്തിൽ പരാമർശിച്ചിട്ടുണ്ട്. വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രസ്തുതപദ്ധതികളിൽ ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി കൈക്കൊണ്ട നടപടികൾ വിശദീകരിക്കേണ്ടതാണ്. അപേക്ഷകൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

3. 2015-16 വർഷവും ഐ.ഇ.ഒ.യെ ചുമതലപ്പെടുത്തിയിരുന്ന പദ്ധതികളുടെ നിർവ്വഹണം നടന്നിട്ടില്ലെന്ന് ആ വർഷത്തെ ചെലവ് രേഖകളിൽ നിന്ന് വ്യക്തമാണ്. തുടർച്ചയായ വർഷങ്ങളിൽ ഒരു നിർവ്വഹണോദ്യോഗസ്ഥൻ പദ്ധതി നിർവ്വഹണത്തിൽ വീഴ്ച വരുത്തിയതിന്മേൽ നഗരസഭ വിശദീകരണം തേടുകയോ മറ്റെന്തെങ്കിലും നടപടികൾ കൈക്കൊള്ളുകയോ ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

മേൽപരാമർശിച്ച അന്വേഷണങ്ങൾക്ക് നഗരസഭ മറുപടി ഹാജരാക്കിയിട്ടില്ല. വായ്പാബന്ധിത പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച് പദ്ധതിമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി ആസൂത്രണം നടത്തുന്നതിലും വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതികളിൽ ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ച നടപടികളിലും വന്നിട്ടുള്ള വീഴ്ചകൾ കാരണമാണ് കാര്യക്ഷമമായ പദ്ധതി നിർവഹണം സാധ്യമാകാതിരുന്നതെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. മുൻവർഷങ്ങളിൽ കാര്യക്ഷമമായ പദ്ധതിനിർവഹണം നടത്തിയിട്ടില്ലാത്ത നിർവ്വഹണ ഉദ്യോഗസ്ഥനെ പദ്ധതിനിർവഹണത്തിനായി ചുമതലപ്പെടുത്തുന്നതിലും നിർവഹണമേൽനോട്ടം ഏൽപ്പിച്ചതിലും നഗരസഭാ അധികൃതർക്ക് വീഴ്ച സംഭവിച്ചിരിക്കുന്നു.

മേൽപരാമർശിച്ച വീഴ്ചകളിന്മേൽ വിശദീകരണം ഹാജരാക്കേണ്ടതാണ്.

## 3-8 മാർഗ്ഗരേഖയിലും പ്രോജക്ടിലും പ്രതിപാദിച്ചിട്ടില്ലാത്ത ഇനത്തിന് സബ്സിഡി നൽകി -₹25,450/- നിരാകരിക്കുന്നു.

പ്രോജക്ട് നം. SO059/17 ഇടവിള കൃഷി

ആകെ അടങ്കൽ -58,500/-

ആകെ ചെലവ് - 43200/-

ബിൽ നം. KBT07/2016-17 തി. 04.03.2017 ₹ 43,200/-

നിർവ്വഹണോദ്യോഗസ്ഥൻ - അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ

11.01.2016 – ലെ സ.ഉ.(എം.എസ്.)നം.4/2016/ത.സ്വ.ഭ.വ. - പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖകളിൽ, ഖണ്ഡിക നം.3.1 – ൽ "കൃഷി" എന്ന തലക്കെട്ടിൽ ക്രമ നം.4 – ൽ പൊതുവിഭാഗത്തിൽപ്പെട്ട നാമമാത്രകർഷകർക്ക് "മറ്റ് ഫല – പുഷ്പ – വാഴ കിഴങ്ങ്, ഔഷധസസ്യകൃഷിക്കുള്ള വിത്തുകളും തൈകളും(ഇടവിളക്കൃഷി)" എന്ന ഇനത്തിന് ഒരു കർഷകന് അനുവദിക്കാവുന്ന സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി 75% / ₹ 2,500/- യായി നിശ്ചയിച്ചിട്ടുണ്ട്.

പ്രോജക്റ്റ് നം.59/17പ്രകാരം, പൊതുവിഭാഗത്തിൽപ്പെട്ടവർക്ക "മറ്റ് ഫല – പുഷ്പ – വാഴ കിഴങ്ങ്, ഔഷധസസ്യകൃഷിക്കുള്ള വിത്തുകളും തൈകളും (ഇടവിളക്കൃഷി)" എന്ന ഇനത്തിന് 21ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്നതിനു വേണ്ടി ആകെ ₹ 43,200/- ചെലവഴിച്ചിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖയിൽ ഖണ്ഡിക നമ്പർ 3.1 – ൽ "കൃഷി" എന്ന തലക്കെട്ടിൽ ക്രമ നം.4 – ൽ പൊതുവിഭാഗത്തിൽപ്പെട്ട നാമമാത്രകർഷകർക്ക് "ഇടവിളക്കൃഷിക്ക് ജൈവവളം സബ്സിഡി" എന്ന ഇനം ഉൾപ്പെട്ടിട്ടില്ല.

01/03.08.2016 ലെ ഭരണാനുമതിയും 29.08.2016 ലെ TIR/M-10/2016-17 പ്രകാരം ഡി.പി.സി. അംഗീകാരവും ലഭിച്ച പ്രോജക്റ്റ് ഇടവിള കൃഷിക്ക് 50 ശതമാനം സബ്സിഡി നൽകി വിത്ത് വിതരണം ചെയ്യുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ പ്രോജക്റ്റ് നിർവ്വഹണം നടത്തിയിരിക്കുന്നത് ഇടവിള കൃഷിക്ക് വിത്ത്, ജൈവ വളം എന്നിവയ്ക്ക് 50 ശതമാനം സബ്സിഡി നൽകുന്നതിനാണ്.

ടി മാർഗ്ഗരേഖയിലെ അനുബന്ധം 15 – ലെ ക്രമ നം.2.2 – ൽ, "മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഇനത്തിനോ ഓരോ ഇനത്തിനും പറഞ്ഞ പ്രകാരമല്ലാത്ത വിഭാഗങ്ങൾക്കോ ഓരോ ഇനത്തിനും പറഞ്ഞിട്ടുള്ളതിൽ അധികരിച്ച നിരക്കിലോ തുകയിലോ സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്നും ക്രമ നം.2.3 – ൽ സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശഭരണസ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതും ഈ മാർഗ്ഗരേഖയിൽ പറഞ്ഞതിനു വിരുദ്ധമായി നൽകിയ സബ്സിഡി ഉത്തരവാദപ്പെട്ട വ്യക്തിയിൽ/വ്യക്തികളിൽ നിന്നും ബാധകമായ നിയമവ്യവസ്ഥയ്ക്കു വിധേയമായി ഈടാക്കുന്നതാണെന്നും" വ്യക്തമാക്കിയിട്ടുണ്ട്.

മാർഗ്ഗ രേഖയിലോ അംഗീകാരം ലഭിച്ച പ്രോജക്റ്റിലോ ഇല്ലാത്ത ഒരിനത്തിന്(ഇടവിള കൃഷിക്ക് ജൈവ വളം) 21 ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ.നം. | ഗുണഭോക്താവിന്റെ പേര് | ജൈവ വളം ചെലവ് | വിത്ത് ചെലവ് | ആകെ | സബ്സിഡി അനുവദിച്ചത് | സബ്സിഡി അനുവദിക്കേണ്ടത് | അധികമായി അനുവദിച്ചത് |
|---|---|---|---|---|---|---|---|
| 1 | വിശ്വംഭരൻ.കെ | 2200 | 1500 | 3700 | 1800 | 750 | 1050 |
| 2 | കുഞ്ഞീതു.എൻ. | 2200 | 1500 | 3700 | 1800 | 750 | 1050 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | കദീജ.ടി | 3000 | 2200 | 5200 | 2400 | 1100 | 1300 |
| 4 | വേലായുധൻ.എ.കെ. | 2200 | 1500 | 3700 | 2400 | 750 | 1650 |
| 5 | സൈതലവി എന്ന കുഞ്ഞു.ടി | 5000 | 2500 | 7500 | 1800 | 1250 | 550 |
| 6 | കുഞ്ഞിമുഹമ്മത്.എൻ. | 2200 | 1500 | 3700 | 1800 | 750 | 1050 |
| 7 | അബ്ദുൽ ജബ്ബാർ.ടി. | 2200 | 1500 | 3700 | 1800 | 750 | 1050 |
| 8 | അലി എന്ന ബാവ.പി. | 5000 | 2500 | 7500 | 3000 | 1250 | 1750 |
| 9 | അബ്ദുൽ അസീസ്.പി.ടി | 2200 | 1500 | 3700 | 1800 | 750 | 1050 |
| 10 | മുഹമ്മദ് മൂപ്പൻ.എം. | 5000 | 2500 | 7500 | 3000 | 1250 | 1750 |
| 11 | ഗോപാലകൃഷ്ണ മേനോൻ | 1800 | 1000 | 2800 | 1200 | 500 | 700 |
| 12 | പൂക്കോയ തങ്ങൾ.വി. | 3000 | 2200 | 5200 | 2400 | 1100 | 1300 |
| 13 | മുരളീധരൻ.ടി | 5000 | 2500 | 7500 | 3000 | 1250 | 1750 |
| 14 | സുലോചന.ടി | 5000 | 2500 | 7500 | 3000 | 1250 | 1750 |
| 15 | ഏന്തീൻ കുട്ടി.കെ. | 1800 | 1000 | 2800 | 1200 | 500 | 700 |
| 16 | അബ്ദുൽ ഖാദർ.സി.കെ. | 5000 | 2500 | 7500 | 3000 | 1250 | 1750 |
| 17 | കുഞ്ഞീന്ത്രു.എൻ. | 2200 | 1500 | 3700 | 1800 | 750 | 1050 |
| 18 | മുഹമ്മദ് അബ്ദുറഹിമാൻ.എം. | 2200 | 1500 | 3700 | 1800 | 750 | 1050 |
| 19 | ഹംസ കുട്ടി.എൻ. | 1800 | 1000 | 2800 | 1200 | 500 | 700 |
| 20 | രവീന്ദ്രൻ.വി.സി. | 600 | 500 | 1100 | 600 | 250 | 350 |
| 21 | നാസർ.പി. | 3000 | 600 | 3600 | 2400 | 300 | 2100 |
| | ആകെ | | | | 43200 | 17750 | 25450 |

മേൽ അപാകത സൂചിപ്പിച്ച് നൽകിയ 08.08.2017ലെ ഓഡിറ്റ് എൻക്വയറി നമ്പർ 17/2016-17 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മാർഗ്ഗ രേഖയിലോ അംഗീകാരം ലഭിച്ച പ്രോജക്ടിലോ ഇല്ലാത്ത ഒരിനത്തിന് സബ്സിഡി നൽകുന്നതിന് വിനിയോഗിച്ച ₹25,450/- ഓഡിറ്റ് അംഗീകരിക്കുന്നില്ല. ചെലവ് തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 തെങ്ങിൻ തൈ കുറിയത് -സബ്സിഡി അധിക നിരക്കിൽ നൽകി -₹ 24,011/- നിരാകരിക്കുന്നു.

പ്രോജക്ട് നം. - 63/17

ആകെ അടങ്കൽ - ₹ 2,46,000/-(1,84,992.വി.ഫ.61008 ഗു.വി.)

ആകെ ചെലവ് - ₹ 1,30,645/-

ബിൽ നം. - KBT 13/2016 – 17/25.03.2017 ₹17,345/-

KBT 16/2016 – 17/25.03.2017 ₹1,13,300/-

നിർവ്വഹണോദ്യോഗസ്ഥൻ - അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ

11.01.2016 – ലെ സ.ഉ.(എം.എസ്.)നം.4/2016/ത.സ്വ.ഭ.വ. - പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖകളിൽ, ഖണ്ഡിക നം.3.1 – ൽ "കൃഷി" എന്ന തലക്കെട്ടിൽ ക്രമ നം.4 – ൽ പൊതുവിഭാഗത്തിൽപ്പെട്ട നാമമാത്രകർഷകർക്ക് "മറ്റ് ഫല – പുഷ്പ – വാഴ, കിഴങ്ങ്, ഔഷധസസ്യകൃഷിക്കുള്ള വിത്തുകൾ, തൈകൾ" എന്ന ഇനത്തിന് ഒരു കർഷകന് അനുവദിക്കാവുന്ന സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി 75% (പരമാവധി ₹ 2,500/-)ആയി നിശ്ചയിച്ചിട്ടുണ്ട്.

03.03.2017 – ലെ സ.ഉ.(എം.എസ്.) നം. 593/2017/ ത.സ്വ.ഭ.വ. പ്രകാരം എല്ലാത്തരം നടീൽ വസ്തുക്കൾക്കും (തൈകൾ, വിത്തുകൾ തുടങ്ങിയ) 100 ശതമാനം സബ്സിഡി നൽകാവുന്നതാണ്.കശുമാവ് ഒഴിച്ചുള്ള ഫലവൃക്ഷങ്ങൾക്കും (ഉദാ. തെങ്ങ്,മാവ്,ജാതി) അലങ്കാരചെടികൾക്കും ഇത് ബാധകമല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ടി മാർഗ്ഗരേഖയിലെ അനുബന്ധം 15 – ലെ ക്രമ നം.2.2 – ൽ, "മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഇനത്തിനോ ഓരോ ഇനത്തിനും പറഞ്ഞ പ്രകാരമല്ലാത്ത വിഭാഗങ്ങൾക്കോ ഓരോ ഇനത്തിനും പറഞ്ഞിട്ടുള്ളതിൽ അധികരിച്ച നിരക്കിലോ തുകയിലോ സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്നും ക്രമ നം.2.3 – ൽ സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശഭരണസ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതും ഈ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നൽകിയ സബ്സിഡി ഉത്തരവാദപ്പെട്ട വ്യക്തിയിൽ/വ്യക്തികളിൽ നിന്നും ബാധകമായ നിയമവ്യവസ്ഥയ്ക്ക് വിധേയമായി ഈടാക്കുന്നതാണെന്നും" വ്യക്തമാക്കിയിട്ടുണ്ട്.

01/03.08.2016 പ്രകാരം ഭരണാനുമതിയും 29.08.2016 ലെ ടി.ഐ.ആർ/എം-7/2016 പ്രകാരം ഡി.പി.സി.അംഗീകാരവും ലഭിച്ച ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ആവശ്യമായ പ്രോജക്ട് .63/17( തെങ്ങിൻതൈ കുറിയത് വിതരണം) 75% സബ്സിഡിയും 25% ഗുണഭോക്തൃ വിഹിതമായാണ് രൂപീകരിച്ചിട്ടുള്ളത്. ഗുണഭോക്താക്കൾ തെങ്ങിൻ തൈ കുറിയത് വാങ്ങി ബില്ല് ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി അനുവദിച്ചിരിക്കുന്നത്. എന്നാൽ ഒരു കർഷകന് അനുവദിക്കാവുന്ന സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി 75% (പരമാവധി ₹ 2,500/-) പാലിക്കാതെ സബ്സിഡി അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ.നം. | ഗുണഭോക്താവിന്റെ പേര് | വാർഡ് നം. | ആകെ ചെലവ് | സബ്സിഡി | സബ്സിഡിയായി അനുവദിക്കേണ്ടിയിരുന്നത് | അധികം |
|---|---|---|---|---|---|---|
| 1 | അബൂബക്കർ എന്ന | 20 | 1820 | 1400 | 1365 | 35 |

| | | | | | | |
|---|---|---|---|---|---|---|
| | മാന.പി | | | | | |
| 2 | അഹമ്മദ് കുട്ടി.ടി | 20 | 1300 | 1000 | 975 | 25 |
| 3 | വിജയകുമാർ.പി. | 20 | 520 | 400 | 390 | 10 |
| 4 | ചന്ദ്രശേഖരൻ.പി. | 20 | 650 | 500 | 487.5 | 12.5 |
| 5 | മരക്കാർ.പി. | 20 | 1300 | 1000 | 975 | 25 |
| 6 | സുലൈഖ.കെ.ഇ. | 20 | 1300 | 1000 | 975 | 25 |
| 7 | രത്നം.ടി. | 20 | 520 | 400 | 390 | 10 |
| 8 | റുക്കിയ.എം.വി. | 20 | 520 | 400 | 390 | 10 |
| 9 | കദീജ.കെ.ഇ. | 20 | 1300 | 1000 | 975 | 25 |
| 10 | ബാവ.പി. | 20 | 520 | 400 | 390 | 10 |
| 11 | സൈതലവി.എം. | 20 | 1300 | 1000 | 975 | 25 |
| 12 | വഹീദ.പി. | 20 | 390 | 300 | 292.5 | 7.5 |
| 13 | സൈതലവി.കെ. | 20 | 520 | 400 | 390 | 10 |
| 14 | സാബിർ റഹ്മാൻ.പി. | 20 | 260 | 200 | 195 | 5 |
| 15 | ആസ്യ.കെ. | 20 | 260 | 200 | 195 | 5 |
| 16 | സഫിയ.എം. | 20 | 780 | 600 | 585 | 15 |
| 17 | യൂസഫ്.പി. | 20 | 130 | 100 | 97.5 | 2.5 |
| 18 | നഫീസ.കെ.പി. | 20 | 260 | 200 | 195 | 5 |
| 19 | സാറാബി.പി. | 20 | 260 | 200 | 195 | 5 |
| 20 | സഫിയ.കെ.പി. | 20 | 520 | 400 | 390 | 10 |
| 21 | കുഞ്ഞഹമ്മദ്.വി.പി. | 20 | 130 | 100 | 97.5 | 2.5 |
| 22 | പറങ്ങോടൻ.എം. | 20 | 260 | 200 | 195 | 5 |
| 23 | മുഹമ്മദ് കുട്ടി ഹാജി.എം. | 20 | 1560 | 1200 | 1170 | 30 |
| 24 | അബ്ദുറഹ്മാൻ.പി. | 20 | 1690 | 1300 | 1267.5 | 32.5 |
| 25 | അലി എന്ന ബാവ.പി. | 20 | 2600 | 2000 | 1950 | 50 |
| 26 | തങ്കമ്മ.പി. | 20 | 260 | 200 | 195 | 5 |
| 27 | ഹംസ.പി | 20 | 650 | 500 | 487.5 | 12.5 |
| 28 | വേലായുധൻ.എം. | 20 | 260 | 200 | 195 | 5 |

| | | | | | | |
|---|---|---|---|---|---|---|
| 29 | ഉമ്മു സൽമ.എം. | 20 | 130 | 100 | 97.5 | 2.5 |
| 30 | ഫാത്തിമ.ഇ. | 20 | 130 | 100 | 97.5 | 2.5 |
| 31 | പുഷ്പലത.കെ | 20 | 1430 | 1100 | 1072.5 | 27.5 |
| 32 | കോയക്കുട്ടി.കെ.ഇ. | 20 | 520 | 400 | 390 | 10 |
| 33 | പരശുരാമൻ.ഇ.കെ. | 20 | 260 | 200 | 195 | 5 |
| 34 | സുബൈദ.പി. | 20 | 260 | 200 | 195 | 5 |
| 35 | അബ്ദുൽ ഖാദർ.സി.കെ. | 20 | 3250 | 2500 | 2437.5 | 62.5 |
| 36 | ഹസൈനാർ.എം. | 20 | 2600 | 2000 | 1950 | 50 |
| 37 | കുഞ്ഞിമുഹമ്മദ്.കെ. | 20 | 260 | 200 | 195 | 5 |
| 38 | ബീരാൻകുട്ടി.പി. | 25 | 1300 | 1000 | 975 | 25 |
| 39 | റഫീഖ് അഹമ്മദ്.എം. | 1 | 1950 | 1500 | 1462.5 | 37.5 |
| 40 | രവീന്ദ്രൻ.ടി. | 1 | 1300 | 1000 | 975 | 25 |
| 41 | കൊണ്ടേരി.പി | 6 | 390 | 300 | 292.5 | 7.5 |
| 42 | മൂസക്കുട്ടി.കെ.പി. | 12 | 1300 | 1000 | 975 | 25 |
| 43 | മുസ്തഫ.ടി.പി. | 20 | 260 | 200 | 195 | 5 |
| 44 | ഗംഗാധരൻ.ടി. | 27 | 2600 | 2000 | 1950 | 50 |
| 45 | കുഞ്ഞീതു.എ.കെ. | 25 | 650 | 500 | 487.5 | 12.5 |
| 46 | പി.എസ്.ജമാലുദ്ധീൻ | 29 | 3900 | 3000 | 2500 | 500 |
| 47 | ആഷ.സി.പി. | 28 | 1300 | 1000 | 975 | 25 |
| 48 | അനൂപ്.സി.പി. | 28 | 650 | 500 | 487.5 | 12.5 |
| 49 | ഹനീഫ.സി.പി. | 27 | 3250 | 2500 | 2437.5 | 62.5 |
| 50 | കുഞ്ഞാവ.പി | 25 | 520 | 400 | 390 | 10 |
| 51 | ഇബ്രാഹീം.പി. | 25 | 520 | 400 | 390 | 10 |
| 52 | സി.വി.ബെന്നി | 27 | 780 | 600 | 585 | 15 |
| 53 | കെ.സുഭദ്ര | 4 | 1300 | 1000 | 975 | 25 |
| 54 | സരോജിനി അമ്മ.കെ | 4 | 1300 | 1000 | 975 | 25 |
| 55 | ഹംസ.പി. | 7 | 650 | 500 | 487.5 | 12.5 |
| 56 | ഉമ്മർ.ടി. | 7 | 650 | 500 | 487.5 | 12.5 |

| | | | | | | |
|---|---|---|---|---|---|---|
| 57 | അബ്ദുറഹമാൻ.എം. | 9 | 6500 | 5000 | 2500 | 2500 |
| 58 | രാജൻ.പി. | 7 | 1300 | 1000 | 975 | 25 |
| 59 | ബഷീർ ഹാജി.ടി. | 7 | 2600 | 2000 | 1950 | 50 |
| 60 | സീനത്ത്.എം. | 7 | 2600 | 2000 | 1950 | 50 |
| 61 | കുഞ്ഞിമുഹമ്മത്.ടി. | 9 | 1300 | 1000 | 975 | 25 |
| 62 | അബ്ദുൽ ഷമീർ.എം. | 7 | 2600 | 2000 | 1950 | 50 |
| 63 | പാത്തുമ്മ.പി.കെ. | 7 | 6500 | 5000 | 2500 | 2500 |
| 64 | കുഞ്ഞീരിയം.എം.പി. | 7 | 1300 | 1000 | 975 | 25 |
| 65 | നിഷാദ്.എം. | 7 | 7150 | 5500 | 2500 | 3000 |
| 66 | സുലൈഖ.എം. | 9 | 2600 | 2000 | 1950 | 50 |
| 67 | കുഞ്ഞിബീവി.ടി. | 8 | 2600 | 2000 | 1950 | 50 |
| 68 | കുഞ്ഞുണ്ണി.എം. | 8 | 5200 | 4000 | 2500 | 1500 |
| 69 | മുഹമ്മത് മൂപ്പൻ.എം. | 8 | 7800 | 6000 | 2500 | 3500 |
| 70 | ഷമീർ.എം. | 7 | 6500 | 5000 | 2500 | 2500 |
| 71 | പ്രതീപ്.വി. | 3 | 910 | 700 | 682.5 | 17.5 |
| 72 | മുഹമ്മദ് അലി.എം. | 12 | 1950 | 1500 | 1462.5 | 37.5 |
| 73 | യൂസഫ്.എം.കെ. | 25 | 650 | 500 | 487.5 | 12.5 |
| 74 | വിശ്വംഭരൻ.കെ. | 3 | 650 | 500 | 487.5 | 12.5 |
| 75 | കുഞ്ഞിമുഹമ്മദ്.സി. | 10 | 910 | 700 | 682.5 | 17.5 |
| 76 | ദാമോദരൻ.പി | 36 | 1300 | 1000 | 975 | 25 |
| 77 | വിനോദ്.ടി | 7 | 2600 | 2000 | 1950 | 50 |
| 78 | കോയക്കുട്ടി.ടി.കെ | 10 | 1300 | 1000 | 975 | 25 |
| 79 | അബ്ദുൽ ജബ്ബാർ.ടി. | 9 | 6500 | 5000 | 2500 | 2500 |
| 80 | സൈനുദ്ധീൻ.എം. | 9 | 5200 | 4000 | 2500 | 1500 |
| 81 | ഗിരിജ.വി.സി | 7 | 1300 | 1000 | 975 | 25 |
| 82 | ഗഫൂർ.ടി.കെ. | 10 | 3900 | 3000 | 2500 | 500 |
| 83 | കദീജ.എം. | 7 | 2600 | 2000 | 1950 | 50 |
| 84 | മുഹമ്മദ് മൂപ്പൻ.എം. | 8 | 5200 | 4000 | 2500 | 1500 |

| | | | | | | |
|---|---|---|---|---|---|---|
| 85 | സൈതലവി.ടി. | 7 | 1300 | 1000 | 975 | 25 |
| 86 | ഹംസ.ടി. | 7 | 1300 | 1000 | 975 | 25 |
| 87 | കൃഷ്ണൻ.പി. | 6 | 520 | 484 | 390 | 94 |
| 88 | ഷരീഫ്.എം.കെ. | 6 | 520 | 484 | 390 | 94 |
| 89 | ശ്യാമള.പി. | 24 | 520 | 484 | 390 | 94 |
| 90 | പ്രേംബാബു.പി.കെ. | 24 | 520 | 484 | 390 | 94 |
| | ആകെ | | 151450 | 116836 | 92825 | 24011 |

മേൽ അപാകത സംബന്ധിച്ച് 08.08.2017 ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 20/2016-17ന് മറുപടി നൽകിയിട്ടില്ല. സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി പാലിക്കാതെ നൽകിയ ₹ 24,011/-ഓഡിറ്റ് അംഗീകരിക്കുന്നില്ല.ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 വാഴക്കന്നിന് സബ്സിഡി -അധിക നിരക്കിലും മതിയായ രേഖകളില്ലാതെയും നൽകി - ₹15,770/-നിരാകരിക്കുന്നു.₹23,280/- തടസ്സം ചെയ്യുന്നു.

പ്രോജക്ട് നം. - 60/17

ആകെ അടങ്കൽ - ₹ 1,20,000/-

ആകെ ചെലവ് - ₹ 46,785/-

ബിൽ നം. – KBT 10/2016 – 17/20.03.2017 ₹4,620/-

KBT 14/2016 – 17/25.03.2017 ₹3,555/-

KBT 22/2016 – 17/25.03.2017 ₹38,610/-

നിർവ്വഹണോദ്യോഗസ്ഥൻ - അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ

11.01.2016 – ലെ സ.ഉ.(എം.എസ്.)നം.4/2016/ത.സ്വ.ഭ.വ. - പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖകളിൽ, ഖണ്ഡിക നം.3.1 – ൽ "കൃഷി" എന്ന തലക്കെട്ടിൽ ക്രമ നം.4 – ൽ പൊതുവിഭാഗത്തിൽപ്പെട്ട നാമമാത്രകർഷകർക്ക് "മറ്റ് ഫല – പുഷ്പ – വാഴ, കിഴങ്ങ്, ഔഷധസസ്യകൃഷിക്കുള്ള വിത്തുകൾ, തൈകൾ" എന്ന ഇനത്തിന് ഒരു കർഷകന് അനുവദിക്കാവുന്ന സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി 75% (പരമാവധി ₹ 2,500/-)ആയി നിശ്ചയിച്ചിട്ടുണ്ട്.

ടി മാർഗ്ഗരേഖയിലെ അനുബന്ധം 15 – ലെ ക്രമ നം.2.2 – ൽ, "മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഇനത്തിനോ ഓരോ ഇനത്തിനും പറഞ്ഞ പ്രകാരമല്ലാത്ത വിഭാഗങ്ങൾക്കോ ഓരോ ഇനത്തിനും പറഞ്ഞിട്ടുള്ളതിൽ അധികരിച്ച നിരക്കിലോ തുകയിലോ സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്നും ക്രമ നം.2.3 – ൽ സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശഭരണസ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതും ഈ മാർഗ്ഗരേഖയിൽ പറഞ്ഞതിനു വിരുദ്ധമായി നൽകിയ സബ്സിഡി ഉത്തരവാദപ്പെട്ട വ്യക്തിയിൽ/വ്യക്തികളിൽ നിന്നും ബാധകമായ നിയമവ്യവസ്ഥയ്ക്കു വിധേയമായി ഈടാക്കുന്നതാണെന്നും"

വ്യക്തമാക്കിയിട്ടുണ്ട്.

ഇതു സംബന്ധിച്ച് ചുവടെ കൊടുക്കുന്ന പരാമർശങ്ങൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി നൽകേണ്ടതാണ്.

1. മേൽ പ്രോജക്റ്റ് നടപ്പിലാക്കിയപ്പോൾ സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി (₹ 2500) പാലിക്കാതെ ചുവടെ കൊടുക്കുന്ന ഗുണഭോക്താക്കൾക്ക് സബ്സിഡി അധിക നിരക്കിൽ നൽകി.

| ക്രമ.നം. | ഗുണഭോക്താവിന്റെ പേര് | വാർഡ് നം. | സബ്സിഡി അനുവദിച്ചത് (₹) | സബ്സിഡി പരമാവധി അനുവദിക്കാവുന്നത് (₹) | അധികം നൽകിയത് (₹) |
|---|---|---|---|---|---|
| 1 | ബാവ മുഹമ്മദ്.എം. | 30 | 3000 | 2500 | 500 |
| 2 | മുജീബ് റഹ്മാൻ ടി.കെ. | 15 | 4500 | 2500 | 2000 |
| 3 | അഷ്റഫ്.ടി. | 15 | 6000 | 2500 | 3500 |
| 4 | അബ്ദുൾ ലത്തീഫ്.കെ. | 11 | 3000 | 2500 | 500 |
| 5 | ഹംസ.എം. | 11 | 3750 | 2500 | 1250 |
| 6 | കുഞ്ഞീതു.സി. | 12 | 6000 | 2500 | 3500 |
| 7 | കദീജ.എം. | 12 | 6750 | 2500 | 4250 |
| | ആകെ | | | | 15500 |

2. ചുവടെ കൊടുക്കുന്ന വ്യക്തികൾക്ക് അപേക്ഷയുടെ കൂടെ ആവശ്യമായ രേഖകളില്ലാതെ (സേവിംഗ്സ് ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്കിലെ അക്കൗണ്ട് നമ്പർ വ്യക്തമാക്കുന്ന ഫോട്ടോ പതിച്ച പേജ്, 2016 – 2017 - ലെ ഭൂനികുതി അടച്ചതിന്റെ രസീത്, റേഷൻ കാർഡിലെ പ്രസക്ത പേജുകൾ, ആധാർ എന്നിവയുടെ പകർപ്പുകൾ, പാട്ടക്കൃഷി നടത്തുന്നതിന് സ്ഥലമുടമയുടെ സമ്മതപത്രങ്ങൾ) വാഴക്കന്നിന് സബ്സിഡി നൽകിയിരിക്കുന്നു.ആയവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

| ക്രമ നം. | വ്യക്തിയുടെ പേര് | വാർഡ് നം. | ഗുണഭോക്തൃ-ലിസ്റ്റിലെ ക്രമ നം. | കൈപ്പറ്റിയ സബ്സിഡി (₹) |
|---|---|---|---|---|
| 1 | കദിയാമ്മു.വെള്ളിയങ്ങൽ | 30 | 34 | 285 |
| 2 | അബ്ദുൽ ലത്തീഫ്.കെ. | 11 | 229 | 525 |
| 3 | യാഹു.ടി. | 7 | 269 | 1500 |

| | | | | |
|---|---|---|---|---|
| 4 | ബാവ മുഹമ്മദ്.എം. | 30 | 262 | 3000 |
| 5 | മുഹമ്മദ് അഷ്റഫ്.ടി. | 15 | 55 | 6000 |
| 6 | ഹംസ.എം. | 11 | 114 | 3750 |
| 7 | സലൈഖ.എം. | 7 | 155 | 750 |
| 8 | കദീജ.എം. | 12 | 126 | 6750 |
| 9 | ദിനേശൻ.കെ. | 26 | 104 | 255 |
| 10 | കൃഷ്ണൻകുട്ടി. പി.പി. | 26 | 180 | 150 |
| 11 | ഫാത്തിമ. കെ. | 30 | 73 | 180 |
| 12 | ശ്രീജ.വി.പി. | 30 | 264 | 135 |
| ആകെ | | | | 23,280/- |

3. ഒരു ഗുണഭോക്താവിന് രണ്ട് അപേക്ഷയുടെ അടിസ്ഥാനത്തിൽ രണ്ട് പ്രാവശ്യം സബ്സിഡി അനുവദിച്ചു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | വാർഡ് നം. | ബിൽ നം | സബ്സിഡിയായി നൽകിയതുക | അക്കൗണ്ട് നം | ഇൻവോയ്സ് നം/തി. |
|---|---|---|---|---|---|
| കദിയാമു. വള്ളിയങ്ങൽ | 30 | KBT 10/2016 – 17/20.03.2017 ₹4,620/- | 270 | 67219946861 | ഹാജരാക്കിയിട്ടില്ല |
| | | KBT 22/2016 – 17/25.03.2017 ₹38,610/- | 285 | 67219946861 | 315/15.03.2017 |

മേൽ അപാകതകൾ സംബന്ധിച്ച് 08.08.2017ന് നല്കിയ ഓഡിറ്റ് എൻക്വയറി നം. 22/2016-17 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അപേക്ഷയുടെ കൂടെ ആവശ്യമായ രേഖകളില്ലാതെ സബ്സിഡി നൽകിയതിനാൽ₹23,280 ഓഡിറ്റ് തടസ്സം ചെയ്യുന്നു. ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി പാലിക്കാതെ നൽകിയ ₹ 15,500/യും-ഒരു ഗുണഭോക്താവിന് രണ്ട് പ്രാവശ്യം സബ്സിഡി അനുവദിച്ചതിൽ ₹270/-യും ഓഡിറ്റ് അംഗീകരിക്കുന്നില്ല. ടി തുകകൾ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **3-11** ഗ്രോ ബാഗിന് സബ്സിഡി -ഒരു ഗുണഭോക്താവിന് രണ്ട് പ്രാവശ്യം നൽകി **₹750/-** നിരാകരിക്കുന്നു-രേഖകളില്ലാതെ നൽകി **₹4,800/-** തടസ്സം ചെയ്യുന്നു.

പ്രോജക്റ്റ് നം. - 62/17

ആകെ അടങ്കൽ - ₹ 4,18,000/-

ആകെ ചെലവ് - ₹ 1,48,000/-

ബിൽ നം. - KBT 11/2016 – 17/20.03.2017 ₹28,050/-

KBT 15/2016 – 17/25.03.2017 ₹32,550/

KBT 17/2016 – 17/25.03.2017 ₹50,900/-

KBT 19/2016 – 17/25.03.2017 ₹36,900/-

നിർവ്വഹണോദ്യോഗസ്ഥൻ - അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ

11.01.2016 – ലെ സ.ഉ.(എം.എസ്.)നം.4/2016/ത.സ്വ.ഭ.വ. - പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖകളിൽ, ഖണ്ഡിക നം.3.1 – ൽ "കൃഷി" എന്ന തലക്കെട്ടിൽ ക്രമ നം.9 – ൽ പൊതുവിഭാഗത്തിൽപ്പെട്ട ഒരു കുടുംബത്തിന് പച്ചക്കറികൃഷി ടെറസ്സിലും മുറ്റത്തും നടത്തുന്നതിന് പരമാവധി 25 ഗ്രോബാഗ് വാങ്ങുന്നതിന് അനുവദിക്കാവുന്ന സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി 30.06.2016 – ലെ സ.ഉ.(ആർ.ടി.)നം.50/2017/ത.സ്വ.ഭ.വ. മാർഗ്ഗ രേഖ ഭേദഗതി പ്രകാരം (ഗ്രോബാഗ്,വിത്ത്,മിക്സചർ എന്നിവയടക്കം നൽകുന്നതിന്) 75 % സബ്സിഡി (പരമാവധി 60 രൂപ)യായി നിജപ്പെടുത്തിയിട്ടുണ്ട്.

01/03.08.2016 ലെ ഭരണാനുമതിയും 29.08.2016 ലെ TIR/M-10/2016-17 പ്രകാരം അംഗീകാരവും ലഭിച്ച പ്രോജക്റ്റ് നം. 62/17 പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് 75 ശതമാനം സബ്സിഡി നൽകി ഗ്രോ ബാഗ് വിതരണം ചെയ്യുന്നതിനാണ് നിർവ്വഹണം നടത്തിയിരിക്കുന്നത്

ഇത് സംബന്ധിച്ച് ചുവടെ കൊടുക്കുന്ന പരാമർശങ്ങൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി നൽകേണ്ടതാണ്.

1.ചുവടെ കൊടുക്കുന്ന വ്യക്തികൾക്ക് അപേക്ഷകളും ആവശ്യമായ രേഖകളുമില്ലാതെ(റേഷൻ കാർഡ്,ആധാർ കാർഡ്) ഗ്രോ ബാഗിന് സബ്സിഡി നൽകിയിരിക്കുന്നു.ആയവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

| ക്രമ നം. | വ്യക്തിയുടെ പേര് | വാർഡ് നം. | ഗുണഭോക്തൃ-ലിസ്റ്റിലെ ക്രമ നം. | കൈപ്പറ്റിയ സബ്സിഡി (₹) |
|---|---|---|---|---|
| 1 | സബൈദ .വി.സി. | 12 | 146 | 450 |
| 2 | അബ്ദുൽ മജീദ്.പി | 12 | 20 | 750 |
| 3 | അബ്ദുൽ മനാഫ്.വി.പി. | 14 | 365 | 750 |
| 4 | കുഞ്ഞീരിയം.എം.പി. | 7 | 74 | 750 |

| | | | | |
|---|---|---|---|---|
| 5 | ഷീജ.എം. | 30 | 372 | 750 |
| 6 | സി.എം.മുഹമ്മദ് സ്വാലിഹ് | 36 | 316 | 600 |
| ആകെ | | | | 4050 |

2.ഗ്രോ ബാഗ് വാങ്ങിയതിന്റെ ബില്ല് ഹാജരാക്കാതെ ചുവടെ കൊടുക്കുന്ന ഗുണഭോക്താവിന് സബ്സിഡി നൽകി.

| പേര് | വാർഡ് നം. | ഗുണഭോക്തൃ ലിസ്റ്റിലെ ക്രം.നം. | സബ്സിഡി തുക | ക്രെഡിറ്റ് സ്റ്റേറ്റ്മെന്റിലെ ക്രമ.നം. | അക്കൗണ്ട് നം |
|---|---|---|---|---|---|
| സൈനുദ്ധീൻ.പി.ഐ. | 10 | 458 | 750 | 40 | 4356000100057490 |

3. സബ്സിഡി ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ചെയ്തതിന്റെ വിശദാംശങ്ങൾ (ജനകീയാസൂത്രണം 2016-17ബിൽ നം.22)പരിശോധിച്ചതിൽ ഒരു ഗുണഭോക്താവിന് രണ്ട് പ്രാവശ്യം സബ്സിഡി അനുവദിച്ചു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | വാർഡ് നം. | ബിൽ നം | ക്രെഡിറ്റ് സ്റ്റേറ്റ്മെന്റിലെ ക്രമ.നം. | സബ്സിഡിയായി നൽകിയ തുക | അക്കൗണ്ട് നം/ബാങ്കിന്റെ പേര് | ഇൻവോയ്സ് നം/തി./തുക |
|---|---|---|---|---|---|---|
| കദീജ.എം. | 12 | KBT19/2016 – 17/25.03.2017 ₹36,900/- | 4 | 300 | 08470100007158/ബാങ്ക് ഓഫ് ബറോഡ | 324/15.03.2017/₹400 |
| | | | 14 | 750 | 08470100007158/ബാങ്ക് ഓഫ് ബറോഡ | ഹാജരാക്കിയിട്ടില്ല |

മേൽ അപാകതകൾക്ക് മറുപടി നൽകാൻ ആവശ്യപ്പെട്ട് നൽകിയ 08.08.2017ഓഡിറ്റ് എൻക്വയറി നം.19/2016-17 ന് മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല.

അപേക്ഷയുടെ കൂടെ ആവശ്യമായ രേഖകളില്ലാതെ സബ്സിഡി നൽകിയതിനാൽ ₹4,800/-ഓഡിറ്റ് തടസ്സം ചെയ്യുന്നു. ഒരു ഗുണഭോക്താവിന് രണ്ട് പ്രാവശ്യം സബ്സിഡി അനുവദിച്ചതിൽ ₹750/-ഓഡിറ്റ് അംഗീകരിക്കുന്നില്ല. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 ചെമ്പ്ര പാടശേഖരസമിതിക്ക് -റിവോൾവിംഗ് ഫണ്ട് ഉപയോഗിക്കാതെ നെൽ വിത്തുകൾ വാങ്ങി നൽകി.രേഖകൾ ഹാജരാക്കിയില്ല- ₹ 25,600/-തടസ്സം ചെയ്യുന്നു

പ്രോജക്ട് നം. - 161/17

ആകെ അടങ്കൽ- ₹78,000/-

ആകെ ചെലവ് - ₹25,600/-

ബിൽ നം. കെ.ബി.ടി.3/16 തി.04.03.2017 ₹ 25,600/-

നിർവ്വഹണോദ്യോഗസ്ഥൻ- അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ

11.01.2016 – ലെ സ.ഉ.(എം.എസ്.)നം.4/2016/ത.സ്വ.ഭ.വ. - പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖകളിൽ, ഖണ്ഡിക നം.3.1 – ൽ "കൃഷി" എന്ന തലക്കെട്ടിൽ ക്രമ നം.3 – ൽ പൊതുവിഭാഗത്തിൽപ്പെട്ട നാമമാത്രകർഷകർക്കും ചെറുകിടകർഷകർക്കും നെൽവിത്തുകൾ വാങ്ങുന്നതിന് അനുവദിക്കാവുന്ന സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി 100 % (30.06.2016 – ലെ സ.ഉ.(ആർ.ടി.)നം.2037/2016/ത.സ്വ.ഭ.വ. മാർഗ്ഗ രേഖ ഭേദഗതി പ്രകാരം)ആണെന്നും സബ്സിഡി നിരക്കിനു വിധേയമായി പരമാവധി നൽകാവുന്ന സബ്സിഡി സംഖ്യ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നിശ്ചയിക്കാമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

കൂടാതെ, ടി മാർഗ്ഗരേഖയിൽ അനുബന്ധം - 15 -ൽ, ഖണ്ഡിക നം.7.6 – ൽ "സബ്സിഡി നൽകുന്നതിനു പകരം കർഷകഗ്രൂപ്പുകൾക്കും പാടശേഖരസമിതികൾക്കും കർഷകസഹായകേന്ദ്രങ്ങൾക്കും റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണെന്നും എന്നാൽ ഏതാവശ്യത്തിനാണ് റിവോൾവിംഗ് ഫണ്ട് ഉപയോഗിക്കുന്നതെന്ന കാര്യം പ്രോജക്ടിൽ പ്രത്യേകം വ്യക്തമാക്കേണ്ടതാണെന്നും കാർഷികാവശ്യത്തിനുള്ള വിത്തും വളവും കീടനാശിനികളും സാധനങ്ങളായിത്തന്നെ വിതരണം ചെയ്യുവാൻ കഴിയുന്നതിന്, റിവോൾവിംഗ് ഫണ്ട് സഹകരണസംഘങ്ങൾ മുഖേന നൽകേണ്ടതാണെന്നും" വ്യക്തമാക്കിയിട്ടുണ്ട്.

പ്രോജക്റ്റ് നം.161/16പ്രകാരം, നെൽവിത്തുകൾ വാങ്ങുന്നതിനു വേണ്ടി ആകെ ₹ 25,600/- ചെലവഴിച്ചിട്ടുണ്ട്. (കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി ,കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ.എഞ്ചിനിയറിംഗ് & ടെക്നോളജി, തവനൂരിൽ നിന്നും ഇൻവോയ്സ് നം.21/2016-17 തി.09.01.2017 പ്രകാരം നെൽ വിത്ത് (ജോതി) കിലോ ഗ്രാമിന് 40 രൂപ നിരക്കിൽ 640 കിലോ ഗ്രാം. ₹ 25,600/-ക്ക് വാങ്ങിയിട്ടുണ്ട്.)

ഇതു സംബന്ധിച്ച് ചുവടെ കൊടുക്കുന്ന പരാമർശങ്ങൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി നൽകണ്ടതാണ്.

1.നെൽവിത്തുകൾ വാങ്ങുന്നതിനുള്ള സബ്സിഡി നൽകുന്നതിനു വേണ്ടി 2016 – 2017– ലെ അന്തിമഗുണഭോക്തൃലിസ്റ്റിൽ ചുവടെ കൊടുക്കുന്ന ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. ടി ഗുണഭോക്താക്കൾ സബ്സിഡിക്കർഹത നേടുന്നതിനു വേണ്ടി സമർപ്പിച്ച അപേക്ഷകൾ, സേവിംഗ്സ് ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്കിലെ അക്കൗണ്ട് നമ്പർ വ്യക്തമാക്കുന്ന ഫോട്ടോ പതിച്ച പേജ്, 2016 – 2017 – ലെ കൈവശാവകാശ സർട്ടിഫിക്കറ്റുകൾ, പാട്ടക്കൃഷി നടത്തുന്നതിന് സ്ഥലമുടമയുടെ സമ്മതപത്രങ്ങൾ, ആധാർ എന്നിവയുടെ പകർപ്പുകൾ ഹാജരാക്കേണ്ടതാണ്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വാർഡ് നം. |
|---|---|---|
| 1 | ശ്രീ.മുഹമ്മദ് മൂപ്പൻ മണ്ടായപുറത്ത് | 8 |
| 2 | ശ്രീ.ഹുസൈൻ മാത്തിൽ പറമ്പിൽ | 8 |
| 3 | ശ്രീമതി.തിത്തിമ മാത്തിൽ പറമ്പിൽ | 7 |

| | | |
|---|---|---|
| 4 | ശ്രീ.അബ്ദുള്ള തള്ളശ്ശേരി | 7 |
| 5 | ശ്രീമതി.അന്നത്ത് കുന്നത്ത് പറമ്പിൽ | 8 |
| 6 | ശ്രീ.കുഞ്ഞിമൊയ്തീൻ പൊട്ടഞ്ചീരി | 7 |
| 7 | ശ്രീമതി. റൂബീന തേക്കുംകാട്ടിൽ | 8 |
| 8 | ശ്രീ.അഹമ്മദ് കുട്ടി.പി. | 8 |
| 9 | ശ്രീ.സമീർ മണ്ടായപുറത്ത് | 7 |
| 10 | ശ്രീ.അഹമ്മദ് കുട്ടി തേക്കുംകാട്ടിൽ | 8 |
| 11 | ശ്രീ.അബ്ദുൽ ജലീൽ നൊടിയിൽ | 8 |
| 12 | ശ്രീ.വേലായുധൻ ഉള്ളാട്ടു പറമ്പിൽ | 9 |
| 13 | ശ്രീ.സലാം തെക്കേ പീടിയേക്കൽ | 8 |

2.ചെമ്പ്ര പാടശേഖരസമിതി കൺവീനർ വഴി, ഗുണഭോക്താക്കൾക്ക് നെൽവിത്തുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയെങ്കിലും ടി ഗുണഭോക്താക്കൾ, ചെമ്പ്ര പാടശേഖരസമിതിയിലെ അംഗങ്ങളാണെന്ന തെളിയിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

3.ഗുണഭോക്തൃതിരഞ്ഞെടുപ്പ് ആവശ്യമായ പ്രോജക്റ്റ് നം.161/16 - ന്റെ പ്രോജക്റ്റ് രൂപീകരണഫോറം 1ൽ ബി. ലക്ഷ്യങ്ങൾ ക്രമ നം.22 പ്രകാരം നടത്താനുദ്ദേശിക്കുന്ന പ്രവർത്തനമായി നെൽ കർഷകർക്ക് നല്ല് വിതരണം എന്നും പ്രോജക്റ്റ് രൂപീകരണഫോറം 1 - ൽ ക്രമ നം.35 – ൽ സൃഷ്ടിക്കുന്ന ആസ്തിയുടെ ഉടമസ്ഥത "ഗ്രൂപ്പിനാണെന്നും" സൂചിപ്പിച്ചിട്ടുണ്ട്.

വാർഡ് സഭകൾ വഴി തെരഞ്ഞെടുത്ത് നഗരസഭ മൊത്തത്തിൽ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ 20വ്യക്തികൾ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃ ലിസ്റ്റിലെ എല്ലാ ഗുണഭോക്താക്കളേയും പരിഗണിക്കാതെയും പ്രോജക്റ്റിലേയും മാർഗ്ഗരേഖയിലേയും വ്യവസ്ഥകൾക്ക് വിരുദ്ധമായും ചെമ്പ്ര പാടശേഖരസമിതിക്ക് 640 കി.ഗ്രാം നെൽവിത്ത് ലഭിക്കാനുണ്ടായ സാഹചര്യവും കാരണവും.

4.ചെമ്പ്ര പാടശേഖരസമിതിക്ക് നെൽവിത്തിന് സബ്സിഡി നൽകുവാൻ തീരുമാനിച്ചുകൊണ്ടുള്ള നഗരസഭ കൗൺസിൽ തീരുമാനത്തിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്.

5. ചെമ്പ്ര പാടശേഖരസമിതിക്ക് ലഭിച്ച 640 കി.ഗ്രാം നെൽവിത്ത് സ്റ്റോക്കിലെടുത്തതിന്റെ രജിസ്റ്റർ ഹാജരാക്കേണ്ടതാണ്.

മേൽ പരാമർശങ്ങൾക്ക് രേഖകൾ സഹിതം മറുപടി നൽകാൻ ആവശ്യപ്പെട്ട് നൽകിയ 08.08.2017ലെ ഓഡിറ്റ് എൻക്വയറി നം. 18/2016-17ന് മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ചെലവ് തുകയായ ₹25,600/- ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-13 ആവിഷ്കാരകലകൾ പരിശീലനവും അവതരണവും പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടുന്നില്ല ₹28,980/-നിരാകരിക്കുന്നു

പ്രോജക്റ്റ് നം.എസ്.ഒ.113/17

ബിൽനം.1505/470/0380166 തിയ്യതി.01/03/2017

ബിൽ തുക.28980/-

2016-2017 സാമ്പത്തികവർഷത്തിൽ തിരൂർ നഗരസഭ നഗരസഭ പരിധിയിലെ എൽ.പി,യു.പി.സ്കൂളുകളിലെ തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്കായി ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് ആവിഷ്കാരകലകൾ പരിശീലനവും അവതരണവും പദ്ധതി എന്നാൽ ഈ പദ്ധതി 11/01/2016 ലെ ജി.ഒ.(എം സ്)4/2016 ത.സ്വ.ഭ.വ.ഉത്തരവുപ്രകാരമുള്ള 12ാം പദ്ധതി മാർഗ്ഗരേഖയിൽ(വിദ്യാഭ്യാസം) ഉൾപ്പെടുന്നില്ല. മേൽ ഉത്തരവിലെ ഖണ്ഡിക 11.6(111) പ്രകാരം വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനും,കുട്ടികളുടെ സർഗാത്മകശേഷികൾ വികസിപ്പിക്കുന്നതിനും വേണ്ടി അദ്ധ്യാപക പരിശീലനം ഉൾപ്പടെ നിരവധി പരിപാടികൾ എസ്.എസ്.എ/ആർ.എം.എസ്.എ നടപ്പിലാക്കി വരുന്നുണ്ട്. അനുപൂരകമായി ഇത്തരം പരിപാടികൾ ഏറ്റെടുക്കാനുദ്ദേശിക്കുന്നുണ്ടെങ്കിൽ ആവർത്തനം ഒഴിവാക്കുന്നതിന്നായി അത്തരം പരിപാടികൾ എസ്.എസ്.എ/ആർ.എം.എസ്.എ പ്രോജക്റ്റിൽ ഉൾപ്പെടുത്തിയാണ് നടപ്പാക്കേണ്ടത്. ആയതിനാൽ 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മേൽപദ്ധതി നടപ്പാക്കിയത് ക്രമപ്രകാരമല്ല

മേൽ പരാമർശം 13/7/2017ലെ ഓഡിറ്റ് എൻക്വയറി നം.11/2016-17 പ്രകാരം നിർവ്വഹണോദ്യോഗസ്ഥനേയും നഗരസഭയേയും അറിയിച്ചിരുന്നു. ആയതിന് നൽകിയ മറുപടിയിൽ മേൽ പ്രോജക്റ്റ് വികസന സെമിനാർ,വാർഡ്സഭ,സ്റ്റാന്റിംഗ്കമ്മിറ്റി,ഭരണസമിതി എന്നിവയുടെ അംഗീകാരം നേടിയാണ് പ്രോജക്റ്റ് നടപ്പിലാക്കിയതെന്നാണ് അറിയിച്ചത്. ഇത് ക്രമപ്രകാരമല്ല സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായ പ്രോജക്റ്റ് ഏറ്റെടുത്ത് നടപ്പിലാക്കിയത് അംഗീകാരിക്കാനാവില്ല. തുക നിരാകരിക്കുന്നു.

## **3-14** നാപ്കിൻ വെൻഡിംഗ് മെഷീനും ഇൻസിനേറ്ററും സ്ഥാപിക്കൽ - പദ്ധതി ആരംഭിച്ചില്ല - ചെലവ് തുക **1,75,000/-** തടസ്സം ചെയ്യുന്നു.

പ്രോജക്റ്റ് നം. എസ്.ഒ.202/17

ബിൽ നം.20400114 തിയ്യതി.28/12/16

25/01/2016ലെ 280/16 ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവിന്റെയടിസ്ഥാനത്തിൽ 6 മുതൽ 12ാം ക്ളാസ് വരെ പഠിക്കുന്ന പെൺകുട്ടികൾക്ക് നാപ്കിൻ വിതരണം ചെയ്യുന്ന ഷീ പാഡ് പദ്ധതിക്ക് ഹെഡ്മാസറ്റർ നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്റ്റ് നം. എസ്.ഒ. 202/17 പ്രകാരം 2016-2017 സാമ്പത്തികവർഷത്തിൽ 3,80,490/-രൂപ ഫണ്ട് വകയിരുത്തുകയും മേൽസർക്കാർ ഉത്തരവിന്റെ തന്നെയടിസ്ഥാനത്തിൽ പദ്ധതിയുടെ നടത്തിപ്പിനായി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് വകയിരുത്തിയ ഫണ്ടിൽ നിന്നും ₹ 1,75,000/- നൽകുകയും ചെയ്തു (29/12/2016 ലെ 464298 നമ്പർ ഡി.ഡി.). ഇതിന് 27/01/2017 ലെ KSWDC/PO2/She Pad/LSGD /2015-16/28 നമ്പർ കത്ത് പ്രകാരം രസീതിയും നൽകിയിട്ടുണ്ട്.എന്നാൽ പദ്ധതി ആരംഭിച്ചത് സംബന്ധിച്ചോ നടപ്പാക്കിയ സ്കൂളുകളുടെ വിശദാംശങ്ങൾ സംബന്ധിച്ചോ ഉള്ള വിവരങ്ങൾ ഫയലിൽ ഇല്ല. പദ്ധതി ആരംഭിച്ചിട്ടുണ്ടെങ്കിൽ ആ വിവരവും ഇല്ലെങ്കിൽ അതിനായി സ്വീകരിച്ച നടപടി സംബന്ധിച്ചും 25/07/2017 ന് മുൻപായി ഓഡിറ്റിനെ അറിയിക്കേണ്ടതാണന്ന് കാണിച്ച് 13/7/2017ലെ ഓഡിറ്റ് എൻക്വയറി നം.13/2016-17 പ്രകാരം നിർവ്വഹണോദ്യോഗസ്ഥനേയും നഗരസഭയേയും അറിയിച്ചിരുന്നു. ആയതിന് നൽകിയ മറുപടിയിൽ മേൽ പ്രോജക്റ്റ് സർക്കാർ നിർദ്ദേശപ്രകാരം താൽക്കാലികമായി

നിർത്തിവെച്ചിട്ടുണ്ടെന്നും തുടർപ്രവർത്തനങ്ങൾ സർക്കാർ നിർദ്ദേശപ്രകാരം നടന്നുവരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. അടുത്ത് തന്നെ ഇൻസിനേറ്റർ സ്ഥാപിച്ച് പ്രോജക്ട് പൂർത്തീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുകയായ ₹ 1,75,000/- തടസ്സം ചെയ്യുന്നു.

## 3-15 ലൈബ്രറി പുസ്തകങ്ങൾ ബുക്ക് മാർക്കിൽ നിന്നും വാങ്ങിയില്ല.പ്രൈവറ്റ് പുസ്തകശാലയിൽനിന്നും വാങ്ങിച്ചു.

പ്രോജക്ട് നം.എസ്.ഒ.112/17

ബിൽനം.1505/470/0380150 തിയ്യതി.23/02/2017

ബിൽ തുക. ₹ 70,000/-

നഗരസഭയുടെ കീഴിലുള്ള സ്കൂളുകളിലെ ലൈബ്രറി സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്നായി 2016-2017 സാമ്പത്തികവർഷത്തിൽ ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ്എസ്.ഒ. 112/17. ടി പദ്ധതിയിൽ കുട്ടികൾക്കുള്ള ലൈബ്രറി പുസ്തകങ്ങളും 5000/- രൂപയുടെ സ്റ്റീൽ അലമാരയും വാങ്ങിയിട്ടുണ്ട്. എന്നാൽ, 05-09-2012ലെ 38156/ഡിഎ2/12 തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പുസ്തകങ്ങൾ വാങ്ങുമ്പോൾ സർക്കാർ സ്ഥാപനമായ ബുക്ക്മാർക്കിന് മുൻഗണന നൽകണമെന്നും ബുക്ക്മാർക്കിൽ ലഭ്യമല്ലാത്ത പുസ്തകങ്ങൾ മാത്രമേ പുറമേനിന്നും വാങ്ങാവൂയെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം പാലിക്കാതെ തദ്ദേശീയമായ അക്ഷര ബുക്ക് സെന്ററിൽ നിന്നുമാണ് പുസ്തകങ്ങൾ വാങ്ങിച്ചത്. ഇത് ക്രമപ്രകാരമല്ല.

മേൽ പരാമർശം 13/7/2017ലെ ഓഡിറ്റ് എൻക്വയറി നം.12/2016-17 പ്രകാരം നിർവ്വഹണോദ്യോഗസ്ഥനേയും നഗരസഭയേയും അറിയിച്ചിരുന്നു. ആയതിന് നൽകിയ മറുപടിയിൽ പത്രത്തിൽ ക്വട്ടേഷൻ ക്ഷണിച്ചാണ്പുസ്തകങ്ങൾ വാങ്ങിയതെന്നും മേൽ സർക്കുലർ ശ്രദ്ധയിൽ പെട്ടിരുന്നില്ലായെന്നുമാണ് അറിയിച്ചത്. ഭാവിയിൽ നിർവ്വഹണം നടത്തുമ്പോൾ ശ്രദ്ധിക്കേണ്ടതാണ്.

## 3-16 പത്താംതരം തുല്യതാ പരീക്ഷക്ക് ഫീസടച്ചത് - രേഖകൾ ഹാജരാക്കിയില്ല - ചെലവ് തുക ₹ 78,000/- തടസം ചെയ്യുന്നു

പ്രോജക്ട് നം. SO 109/17

ബിൽ നം.20400119 തിയ്യതി.28/12/16

ബിൽ തുക. ₹ 78,000/-

നഗരസഭയുടെ 2016-2017 സാമ്പത്തിക വർഷത്തിൽ പത്താംതരം തുല്യതാപരീക്ഷ എഴുതുന്ന പഠിതാക്കൾക്ക് സാമ്പത്തിക സഹായം അനുവദിക്കൽ എന്ന പ്രോജക്ട്(പ്രോജക്ട് നം. SO 109/17)ഹെഡ്മാസ്റ്റർ ജി.എം.യു.പി.സ്കൂൾ തിരൂർ, നിർവ്വഹണോദ്യോഗസ്ഥനായി നഗരസഭ നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ 52 പഠിതാക്കൾക്ക് 1500/- രൂപവീതം 78,000/-രൂപ സാമ്പത്തികസഹായം അനുവദിച്ചിട്ടുണ്ട്. ടി തുക കേരളസാക്ഷരതാമിഷൻ ഡയറക്ടർക്ക് 04/01/2017ലെ 464415 നമ്പർ ഡി.ഡി. പ്രകാരം അയച്ചുകൊടുത്തിട്ടുണ്ട്. 06/10/2009ലെ സർക്കുലർ നം.48360/എഫ്.എം1./2009 ത.സ്വ.ഭ.വ.പ്രകാരം തുല്യതാകോഴ്സിന്റെ പാഠപുസ്തകം , സമ്പർക്കപഠനക്ലാസ് എന്നിവ ഉൾപ്പെടെ കോഴ്സ് ഫീസും പരീക്ഷാ ഫീസും ചേർന്നതാണ് മേൽതുക. എന്നാൽ പാഠപുസ്തകങ്ങൾ വിതരണം ചെയ്തത് സംബന്ധിച്ചോ,സമ്പർക്കപഠനക്ലാസ്

നടത്തിയത് സംബന്ധിച്ചോ, പരീക്ഷക്ക് റജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതിയത് സംബന്ധിച്ചോ ഉള്ള വിവരങ്ങൾ പ്രോജക്ട് റിപ്പോർട്ടിൽ ഇല്ല. തുക കേരളസാക്ഷരതാമിഷൻ ഡയറക്ടർക്ക് അയച്ചുകൊടുത്ത ഡി.ഡി.യുടെ ഫോട്ടോകോപ്പി മാത്രമാണ് റിപ്പോർട്ടിലുള്ളത്. ആയതിനാൽ പ്രോജക്ട് ലക്ഷ്യം പൂർത്തീകരിച്ചതായി വിലയിരുത്താനാവുന്നില്ല..

മേൽ പരാമർശം 13/7/2017ലെ ഓഡിറ്റ്എൻക്വയറി നം.14/2016-17 പ്രകാരം നിർവ്വഹണോദ്യോഗസ്ഥനേയും നഗരസഭയേയും അറിയിച്ചിരുന്നു.ആയതിന് നൽകിയ മറുപടിയിൽ സമ്പർക്കപഠനക്ലാസ് നടന്നുവരുന്നുണ്ട് എന്നും പരീക്ഷ ഒക്ടോബറിലാണ് നടക്കുകയെന്നും അറിയിച്ചിട്ടുണ്ട്. പരീക്ഷ പൂർത്തീകരിച്ച്, മേൽ പരാമർശത്തിൽ ആവശ്യപ്പെട്ട രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. ചെലവ് തുക ₹ 78,000/- തടസം ചെയ്യുന്നു.

## 3-17 വയോമിത്രം പദ്ധതി : മരുന്നുകൾ വാങ്ങിയത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല - ₹ 2,00,000/- തടസം ചെയ്യുന്നു.

| | |
|---|---|
| ഫയൽ നം. | - H3/22118/16 |
| പ്രൊജക്ട് നം. | - 223/17 |
| അടങ്കൽ | - ₹ 2,00,000/- |
| ചെലവ് | - ₹ 2,00,000/- |
| ബിൽ നം. | - 18/2016-17/25-02-2017(64843) [470/150132] |
| നിർവ്വഹണോദ്യോഗസ്ഥൻ - | പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ, തിരൂർ |

1) 2016-17 ൽ വയോമിത്രം പദ്ധതിക്കായി മരുന്നുകൾ വാങ്ങിയതിന് നിലമ്പൂർ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിക്ക് ₹ 2,00,000/- ബിൽ നം. 470/150132 പ്രകാരം നൽകിയിട്ടുണ്ട്. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി സമർപ്പിച്ചിട്ടുള്ള PRF 50/10-3-17 ഇൻവോയ്സ് പ്രകാരം മരുന്നുകളുടെ വിലയായ ₹ 1,96,079/- യും ഹാൻഡ്ലിംഗ് ചാർജ്ജായ ₹ 3,921/- യും ചേർത്താണ് ₹ 2,00,000/- ചെലവാകുമെന്ന് കാണിച്ചിട്ടുള്ളത്. എന്നാൽ, പ്രസ്തുത സ്ഥാപനത്തിലെ 1-6-2017 തിയതിയിലെ ബിൽ പ്രകാരം ₹ 1,59,180/- രൂപയാണ് മരുന്നുകൾക്കായി ചെലവായതായി കാണിച്ചിട്ടുള്ളത്. ഇപ്രകാരം വ്യത്യാസം സംഭവിച്ചതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്. നഗരസഭ നൽകിയ തുകയിൽ നിന്നും ബിൽ പ്രകാരം ചെലവായ തുക കഴിച്ചുള്ള ₹ 40,820/- തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്. ഈ തുകയ്ക്കും മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

2) വയോമിത്രം പദ്ധതിക്കായി മരുന്നുകൾ വാങ്ങുന്നതിനായി മരുന്നുകളുടെ ഇൻഡന്റ് മെഡിക്കൽ ഓഫീസർ സമർപ്പിച്ചതിന്മേൽ കേരളാ സാമൂഹ്യസുരക്ഷാമിഷനിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയതിനു ശേഷമാണ് മരുന്നുകൾ വാങ്ങേണ്ടത്. ഓഫീസർ സമർപ്പിച്ച ഇൻഡന്റ് പരിശോധനയ്ക്കായി ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല. കേരളാ സാമൂഹ്യസുരക്ഷാമിഷനിൽ നിന്നും ലഭിച്ച നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. കേരളാ സാമൂഹ്യസുരക്ഷാമിഷൻ 28-01-2017 ലെ P1-370/2011/TIR നമ്പർ കത്ത് പ്രകാരം

നൽകിയിട്ടുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത Mox Clav 625 mg ടാബ്ലറ്റ് നിലമ്പൂർ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വിതരണം ചെയ്തതായി ഫയലിനൊപ്പം ഹാജരാക്കിയിട്ടുള്ള ബിൽ പരിശോധിച്ചതിൽ കാണുന്നു. ടി ടാബ്ലറ്റിന്റെ 100 എണ്ണത്തിനായി ₹ 1,338/- ചെലവായതായി ബില്ലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത മരുന്ന് വയോമിത്രം പദ്ധതിക്കായി വാങ്ങിയതിന്റെ വിശദീകരണം ഹാജരാക്കേണ്ടതാണ്. ഓഫീസർ സമർപ്പിച്ച ഇൻഡന്റ് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

3) 2016-17 ൽ വയോമിത്രം പദ്ധതിക്കായി വാങ്ങിയ മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

മേൽപരാമർശിച്ച അന്വേഷണങ്ങൾക്ക് മറുപടി നൽകേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറി നം. 29/ 23.08.2017 പ്രകാരം ആവശ്യപ്പെട്ടതിരുന്നു. എന്നാൽ, മറുപടി നൽകുകയോ ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ, ചെലവ് തുക ₹ 2,00,000/- ഓഡിറ്റിൽ തടസം ചെയ്യുന്നു.

## 3-18 കേരളാ സാമൂഹ്യസുരക്ഷാമിഷന് വിഹിതം നൽകിയത്- രേഖകൾ ഹാജരാക്കിയില്ല- ₹ 8,00,000 തടസം ചെയ്യുന്നു.

| | | |
|---|---|---|
| ഫയൽ നം. | - | H3/22134/16 |
| പ്രൊജക്റ്റ് നം. | - | 196/17 |
| അടങ്കൽ | - | ₹ 8,00,000/- |
| ചെലവ് | - | ₹ 8,00,000/- |
| ബിൽ നം. | - | 26/2016-17/18.03.2017(64843) [470/150145] |
| നിർവ്വഹണോദ്യോഗസ്ഥൻ | - | പ്രോജക്റ്റ് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ, തിരൂർ |

2016-2017 സാമ്പത്തികവർഷം, നഗരസഭയുടെ 196/17 - നംപർ പ്രൊജക്റ്റ് പ്രകാരം, കേരളാ സാമൂഹ്യ സുരക്ഷാ മിഷനുള്ള പ്രവർത്തന വിഹിതമായ ₹ 8,00,000/- 6.5.2013 ലെ സ. ഉ.(സാധാ.) നം. 1209/2013/ത.സ്വ.ഭ.വ. യുടെ അടിസ്ഥാനത്തിൽ നഗരസഭ നൽകിയിട്ടുണ്ട്. കേരളാ സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 24-1-2017 ലെ എ3/2101/2016/കെ.എസ്.എസ്.എം കത്തിൽ നിർദ്ദേശിച്ച പ്രകാരം മിഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലെ 701011400000134 നമ്പർ അക്കൗണ്ടിലേക്കാണ് തുക അടവാക്കിയിട്ടുള്ളത്. മേൽപരാമർശിച്ച സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം ഈ തുകയുടെ വിനിയോഗസാക്ഷ്യപത്രം മിഷനിൽ നിന്നും ലഭ്യമാക്കേണ്ടതുണ്ട്. ആയത് പരിശോധനക്കായി 31.08.2017 നകം ഹാജരാക്കേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറി നം. 30/23.08.2017 പ്രകാരം നിർദ്ദേശിച്ചിരുന്നെങ്കിലും ആയത് ഹാജരാക്കിയില്ല. ആയതിനാൽ, മേൽപരാമർശിച്ച ₹ 8,00,000/- തടസം ചെയ്യുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസം നീക്കേണ്ടതാണ്.

## 3-19 ആയുർവ്വേദ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ -മരുന്ന് മുഴുവനും ലഭ്യമായില്ല-

**₹1,66,771/- തടസ്സം ചെയ്യുന്നു**

പ്രോജക്റ്റ് നം-SO075/17

അടങ്കൽ ₹3,00,000/-

നിർവ്വഹണം-മെഡിക്കൽ ഓഫീസർ(ആയുർവ്വേദം)

ബിൽ നം-3/16-17/19.12.2016 തുക -₹3,00,000/-

ഗവ.ആയുർവ്വേദ ഡിസ്പെൻസറി കുറുക്കൻക്കുന്നിന് ഔഷധി ഫാർമസിക്യൂട്ടിക്കൽസ് കോർപ്പറേഷൻ കേരള ലിമിറ്റഡ്, കുട്ടനല്ലൂർ,തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും മരുന്ന് വാങ്ങുന്നതിനാണ് മേൽ പ്രോജക്റ്റ് പ്രകാരം തുക ചെലവഴിച്ചിരിക്കുന്നത്. ഡി.ഡി. നമ്പർ 464279/28.12.2016 പ്രകാരം ₹ 3,00,000/- ഔഷധിയ്ക്ക് നൽകിയിട്ടുണ്ട്. രസീതി നമ്പർ 669/2763 തി.10.01.2017 പ്രകാരം തുക നൽകിയതിന്റെ രസീതി ലഭ്യമായിട്ടുണ്ട്. 3.01.2017 ലെ ഇൻഡന്റ് PN1099(867) പ്രകാരം ₹ 3,00000 യുടെ മരുന്നുകൾ ആവശ്യപ്പെട്ടിരുന്നു. എന്നാൽ 15.02.2017ലെ ഇൻവോയ്സ് നമ്പർ 3985 പ്രകാരം ₹ 95,164 യുടെ മരുന്നുകൾ മാത്രമേ ഓഡിറ്റ് തിയ്യതിവരേയും(01.06.2017) ലഭ്യമായിട്ടുള്ളൂ. ഔഷധി ഫാർമസിക്യൂട്ടിക്കൽസ് കോർപ്പറേഷൻ കേരള ലിമിറ്റഡ്, കുട്ടനല്ലൂർ,തൃശ്ശൂർ എന്ന സ്ഥാപനവും ചീഫ് മെഡിക്കൽ ഓഫീസറും(ഗവ.ആയുർവ്വേദ ഡിസ്പെൻസറി കുറുക്കേൾക്കുന്ന്) തമ്മിൽ 10.01.2017 ന് ചമച്ച കരാറിൽ തദ്ദേശ സ്ഥാപനത്തിൽ നിന്നും മരുന്നിന് തുക ലഭ്യമായതിന് നൽകിയ രസീതി തിയ്യതി മുതൽ 60 ദിവസത്തിനുള്ളിൽ ആവശ്യപ്പെട്ട മരുന്നുകൾ വിതരണം ചെയ്യുന്നതിനുള്ള എല്ലാ ശ്രമവും ഔഷധി എടുക്കുന്നതാണെന്നും ആയതിനു സാധിക്കാതെ വന്നാൽ അതിന്റെ പേരിലുള്ള എല്ലാ നഷ്ടങ്ങളും നികത്താനുള്ള ബാദ്ധ്യത ഔഷധിയ്ക്കാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഇൻഡന്റ് പ്രകാരമുള്ള മരുന്നുകൾ മുഴുവൻ ലഭ്യമാകാതിരിക്കാനുള്ള കാരണം,മരുന്നുകൾ മുഴുവൻ ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ,കരാർ പ്രകാരം 60 ദിവസത്തിനുള്ളിൽ എല്ലാ മരുന്നുകളും ലഭ്യമാക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. ആയതിൻമേൽ സ്വീകരിച്ചിട്ടുള്ള നിയമ നടപടിക്രമങ്ങൾ എന്നിവ സംബന്ധിച്ച് 05.07.2017 ലെ ഓഡിറ്റ് എൻക്വയറി നം.7/2016 ന് നൽകിയ മറുപടി പ്രകാരം ഇൻഡന്റ് പ്രകാരമുള്ള മരുന്നുകൾ മുഴുവൻ ലഭ്യമാകാത്തതിനാൽ സ്ഥാപനത്തിൽ നിന്നും നിരന്തരം കത്തുമുഖേനയും ടെലഫോൺ മുഖേനയും ഔഷധിയിമായി ബന്ധപ്പെട്ടിട്ടുണ്ടായിരുന്നെന്നും ബാക്കി മരുന്നുകൾ എത്രയും പെട്ടന്ന് അയച്ചുകൊടുക്കാമെന്ന് അറിയിച്ചിരുന്നെന്നും 7.7.2017 ന് ₹ 38,065/-മരുന്നുകൾക്കൂടി എത്തിച്ച് തന്നിരുന്നെന്നും ₹3,00,000/-യിൽ ₹1,33,229 യുടെ മരുന്നുകളാണ് സ്ഥാപനത്തിൽ ലഭിച്ചിട്ടുള്ളതെന്നും കരാർപ്രകാരമുള്ള മരുന്നുകളെത്തിക്കുന്നതിൽ വീഴ്ച വരുത്തിയതിന് ഔഷധിയോട് വിശദീകരണം ആവശ്യപ്പെട്ടതിന് അസംസ്കൃതവസ്തുക്കളുടെ ദൗർലഭ്യം മരുന്ന് നിർമ്മാണത്തേയും വിതരണത്തേയും പ്രതികൂലമായി ബാധിച്ചെന്നും കാലതാമസം നേരിട്ടതിന്റെ ഉത്തരവാദിത്വം പൂർണ്ണമായും ഔഷധി ഏറ്റെടുക്കുന്നെന്നുമുള്ള മറുപടിയാണ് ലഭിച്ചിട്ടുള്ളത്.

ഗവ.ആയുർവ്വേദ ഡിസ്പെൻസറിയ്ക്ക് ഇനിയും ഔഷധിയിൽ നിന്നും ₹166771/-യുടെ മരുന്നുകൾ ലഭിക്കാനുണ്ട്. ആയത് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന മുറയ്ക്ക് ചെലവു രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.ചെലവു തുക ₹1,66,771/- ഓഡിറ്റ് തടസ്സം ചെയ്യുന്നു.

## 3-20 പാലിയേറ്റീവ് കെയർ പ്രോജക്റ്റ് നിർവ്വഹണം -സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

പ്രോജക്റ്റ് നം. - 221/17 പരിരക്ഷ

ആകെ അടങ്കൽ - ₹ 7,00,000/-

ആകെ ചെലവ് - ₹ 6,83,021/-

നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ അലോപ്പതി

മേൽ പ്രോജക്റ്റ് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് ചുവടെ കൊടുക്കുന്ന നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

1. സ.ഉ.(ആർ.ടി.)നം.3217/2015.ത.സ്വ.ഭ.വ. തി.29.10.2015 പ്രകാരമുള്ള പാലിയേറ്റീവ് പരിചരണ മാർഗ്ഗ രേഖ 2015ലെ ഖണ്ഡിക.2.10.8പ്രകാരം പാലിയേറ്റീവ് പ്രോജക്ടിനു വേണ്ടിയുള്ള എല്ലാ ചെലവുകളും (ഗൃഹസന്ദർശന ദിവസങ്ങളിൽ സന്നദ്ധപ്രവർത്തകർക്കുള്ള ഭക്ഷണചെലവ് ഒഴികെ) ആർക്കാണോ തുക നൽകേണ്ടത് ആ വ്യക്തിയുടെ /സ്ഥാപനത്തിന്റെ ആക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്യേണ്ടത്. യാതൊരു കാരണവശാലും പണമായോ, ചെക്കായോ, ഡിമാന്റ് ഡ്രാഫ്റ്റായോ തുക ചെലവഴിക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്റ്റ് നടപ്പിലാക്കിയതിന്റെ തുക ചെലവഴിച്ചപ്പോൾ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പണമായിട്ടാണ് തുക നൽകിയത്.

2.സ.ഉ.(ആർ.ടി.)നം.3217/2015.ത.സ്വ.ഭ.വ. തി.29.10.2015 പ്രകാരമുള്ള പാലിയേറ്റീവ് പരിചരണ മാർഗ്ഗ രേഖ2015ലെ ഖണ്ഡിക.2.10.10 പ്രകാരം ധന വകുപ്പിന്റെ 12.04.2004 ലെ 177/2004/ധ.ന.ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരമുള്ള പ്രോജക്റ്റ് രജിസ്റ്റർ, സബ്സിഡിയറി ക്യാഷ് ബുക്ക് എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കേണ്ടതാണെന്ന് വ്യക്തമാക്കുന്നു. പ്രോജക്റ്റ് രജിസ്റ്റർ,ടി.ആർ 7A ക്യാഷ് ബുക്ക് എന്നിവ തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ പരാമർശങ്ങൾക്ക് മറുപടി നൽകാൻ ആവശ്യപ്പെട്ട് നൽകിയ 08.08.2017ലെ ഓഡിറ്റ് എൻക്വയറി നം. 23/2016-17ന് മറുപടി നൽകിയിട്ടില്ല.

പ്രോജക്റ്റ് നിർവ്വഹണം നടത്തുമ്പോൾ ആയതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിച്ച് കൊണ്ട് നിർവ്വഹണം നടത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-21 തെരുവു വിളക്കുകളുടെ ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തിക്ക് കെ.എസ്.ഇ.ബി. - യിൽ ഡെപ്പോസിറ്റ് ചെയ്തു - രേഖകൾ ഹാജരാക്കിയില്ല - ₹ 7,13,250/- തടസ്സം ചെയ്യുന്നു.

| | | |
|---|---|---|
| ഫയൽ നം. | - | പി.ഡബ്ല്യ.1-25317/16 |
| പ്രോജക്റ്റ് നം. | - | 120/17 |
| ആകെ അടങ്കൽ | - | ₹ 10,00,000/- (വികസനഫണ്ട് - ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ആകെ ചെലവ് | - | ₹ 7,13,250/- |
| ബിൽ നം. | - | 9 തീയതി 28.01.2017 ₹ 7,13,250/- |
| നിർവ്വഹണോദ്യോഗസ്ഥൻ | - | നഗരസഭ എഞ്ചിനീയർ, തിരൂർ നഗരസഭ |

നഗരസഭയുടെ 2016 – 2017 – ലെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി, നഗരസഭയിലെ വിവിധ വാർഡുകളിൽ (വാർഡ് നം.11,14,15 & 29) തെരുവുവിളക്കുകളുടെ ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തിക്ക് കെ.എസ്.ഇ.ബി. - യിൽ നഗരസഭ സ്കെച്ച് തയ്യാറാക്കി സമർപ്പിക്കുകയും ടി പ്രവൃത്തിക്ക് കെ.എസ്.ഇ.ബി., ₹ 7,13,250/- യുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു.

തുടർന്ന്, പ്രോജക്റ്റ് നം.120/17 പ്രകാരം ₹ 10,00,000/- വകയിരുത്തുകയും ടി പ്രവൃത്തി ഡെപ്പോസിറ്റ് വർക്ക് അടിസ്ഥാനത്തിൽ നടത്തുന്നതിനുവേണ്ടി എസ്റ്റിമേറ്റ് തുകയായ ₹ 7,13,250/- - യിൽ, നഗരസഭയിലെ വെസ്റ്റ് വിഭാഗം വാർഡുകളിലെ ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തിക്കുള്ള ₹ 4,35,835/- - യും ഈസ്റ്റ് വിഭാഗം വാർഡുകളിലെ ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തിക്കുള്ള ₹ 2,77,415/- - യും കെ.എസ്.ഇ.ബി. - യുടെ ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് തിരൂർ സബ്ട്രഷറി മുഖാന്തിരം 28.01.2017 – ന് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിരുന്നു.

എന്നാൽ, കെ.എസ്.ഇ.ബി. വെസ്റ്റ്, ഈസ്റ്റ് വിഭാഗങ്ങളുടേയും അക്കൗണ്ടുകൾ പരസ്പരം മാറി, ₹ 4,35,835/- കെ.എസ്.ഇ.ബി. ഈസ്റ്റ് വിഭാഗത്തിന്റെ തിരൂർ സിൻഡിക്കേറ്റ് ബാങ്കിലെ 4600317000045 – നം. അക്കൗണ്ടിലും ₹ 2,77,415/- കെ.എസ്.ഇ.ബി. വെസ്റ്റ് വിഭാഗത്തിന്റെ തിരൂർ സിൻഡിക്കേറ്റ് ബാങ്കിലെ 4600317000030 – നം. അക്കൗണ്ടിലും ആണ് വരവുവെച്ചത്.

തുടർന്ന്, നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയറുടെ 28.02.2017 – ലെ പി.ഡബ്ല്യ.1/25317/16 – നം. കത്തുപ്രകാരം, അക്കൗണ്ടുകൾ പരസ്പരം മാറ്റി വരവുവെച്ച് പ്രവൃത്തി ചെയ്യുന്നതിനുള്ള തുടർനടപടികൾ കൈക്കൊള്ളണമെന്ന് തിരൂർ കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിച്ചിരുന്നു.

തിരൂർ കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 07.03.2017 – ലെ ABC/PW വർക്ക്/2016-17/954 – നം. കത്തുപ്രകാരം, ശരിയായ അക്കൗണ്ടുകളിൽ തുക വരവുവെയ്ക്കണമെന്നും പ്രവൃത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കണമെന്നും തിരൂർ കെ.എസ്.ഇ.ബി. വെസ്റ്റ്, ഈസ്റ്റ് എന്നീ വിഭാഗങ്ങളിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരെ അറിയിച്ചിരുന്നുവെങ്കിലും നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയറുടെ 28.02.2017 – ലെ കത്തിനുള്ള മറുപടിയോ പ്രവൃത്തി പൂർത്തീകരിച്ചുകൊണ്ടുള്ള അറിയിപ്പോ നാളിതുവരെയും നഗരസഭയ്ക്ക് ലഭിച്ചില്ല.

ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ചുവടെ കൊടുക്കുന്ന പരാമർശങ്ങൾക്ക് മറുപടിയും ആവശ്യപ്പെട്ട രേഖകളും നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് 01.07.2017 – ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.3 നൽകിയിരുന്നു.

1. ടി പ്രവൃത്തി നടത്തുന്നതിന് വേണ്ടി ഡെപ്പോസിറ്റ് ചെയ്ത ₹ 7,13,250/- - യ്ക്കുള്ള തിരൂർ കെ.എസ്.ഇ.ബി. വെസ്റ്റ്, ഈസ്റ്റ് എന്നീ വിഭാഗങ്ങളിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ കൈപ്പറ്റ് രസീതുകൾ.
2. ടി പ്രവൃത്തിയുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്.
3. ഡെപ്പോസിറ്റ് തുകയുടെ വിശദമായ വിനിയോഗസാക്ഷ്യപത്രവും പ്രവൃത്തി പൂർത്തീകരണസാക്ഷ്യപത്രവും.

എന്നാൽ, കൈപ്പറ്റു രസീതുകൾ ആവശ്യപ്പെട്ടുകൊണ്ട് കെ.എസ്.ഇ.ബി. – ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും കെ.എസ്.ഇ.ബി. ഒരു ഗവൺമെന്റ് സ്ഥാപനമായതിനാലാണ് കരാറിൽ ഏർപ്പെടാതിരുന്നതെന്നും ഉടൻ കരാറിലേർപ്പെടുന്നതാണെന്നും ഡെപ്പോസിറ്റ് തുകയുടെ വിശദമായ വിനിയോഗസാക്ഷ്യപത്രം പ്രവൃത്തി പൂർത്തീകരണസാക്ഷ്യപത്രം, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക്

ഹാജരാക്കുന്നതിനായി കെ.എസ്.ഇ.ബി. – ക്ക് കത്ത് നൽകിയിട്ടുണ്ടെന്നാണ് 12.07.2017 – ലെ പി.ഡബ്ല്യു1.25317/16 – കത്തുപ്രകാരം മറുപടി (25.07.2017 – ൽ) ലഭിച്ചത്.

01.02.2012 – ലെ ജി.ഒ.(പി)നം.13/2012/പി.ഡബ്ല്യു.ഡി. - നം. ഉത്തരവുപ്രകാരം പുതുക്കിയ, കേരള പൊതുമരാമത്ത് വകുപ്പ് മാനവൽ, സെക്ഷൻ നം.2010 – പ്രകാരം, കരാർ ചമച്ചിട്ടില്ലാത്തതിനാൽ ടി പ്രവൃത്തി എന്നാണ് ആരംഭിച്ചതെന്ന്/പൂർത്തീകരിച്ചതെന്ന് വ്യക്തമല്ല. മാത്രമല്ല, 30.07.2017 – ലെ ജി.ഒ.(പി)നം.311/2014/ധന. – നം. – ഉത്തരവിലെ അനക്സർ – II – ൽ, ക്രമ നം 14 – ലെ, മാർഗ്ഗനിർദ്ദേശങ്ങളൊന്നും തന്നെ നഗരസഭ പാലിക്കാതെയാണ് ടി പ്രവൃത്തിക്ക് കെ.എസ്.ഇ.ബി. – ക്ക് തുക അനുവദിച്ചത്. ടി പ്രവൃത്തിയുടെ പ്രസ്തുത മാതൃകയിലുള്ള പൂർത്തീകരണ സാക്ഷ്യപത്രവും മേൽ സൂചിപ്പിച്ചിട്ടുള്ള മറ്റെല്ലാ രേഖകളും ഹാജരാക്കേണ്ടതാണ്.

## 3-22 തൃക്കണ്ടിയൂർ ജി.എൽ.പി.സ്കൂളിന്റെ ചുറ്റുമതിലിന്റെ അറ്റകുറ്റപ്പണി - തെറ്റായ രീതിയിൽ നികുതികളും പിഴയും കണക്കാക്കി - നഷ്ടം - ₹ 1,591/-

| | | |
|---|---|---|
| ഫയൽ നം. | - | പി.ഡബ്ല്യു.2-14806/15 |
| പ്രോജക്ട് നം. | - | എസ്.ഒ.190/17(മുൻവർഷ നം.193/16(2015-2016)) |
| കരാർ നം. | - | 07/2015-16 തീയതി 10.08.2015 |
| കരാർത്തുക | - | ₹ 2,48,165/- |
| പ്രവൃത്തി ആരംഭിച്ച തീയതി | - | 10.08.2015 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | - | 09.11.2015 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | - | 22.04.2016 |
| ആകെ അടങ്കൽ | - | ₹ 2,52,000/- (സംരക്ഷണഗ്രാന്റ്(റോഡിതരം) |
| ആകെ ചെലവ് | - | ₹ 1,75,646/- |
| ബിൽ നം. | - | 120 തീയതി 31.03.2016 ₹ 69,359/- |
| ബിൽ നം. | - | 02 തീയതി 25.08.2016 ₹ 1,06,287/- |
| അളവുപുസ്തകം നം. | - | 103/2015-2016 |

| | | |
|---|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | - | നഗരസഭ എഞ്ചിനീയർ, തിരൂർ നഗരസഭ |

തൃക്കണ്ടിയൂർ ജി.എൽ.പി.സ്കൂളിന്റെ ചുറ്റുമതിലിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിനായി, തിരൂർ നഗരസഭയുടെ 2016 – 2017 – ലെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം.എസ്.ഒ.190/17 പ്രകാരം ₹ 2,52,000/- വകയിരുത്തുകയും ടി പ്രവൃത്തിക്കുവേണ്ടി ₹ 1,75,646/- ചെലവഴിക്കുകയും ചെയ്തു.

ടി പ്രവൃത്തി ഭാഗികമായി ചെയ്തതിന്റെ ആദ്യപാർട്ട് ബിൽ തുകയായ ₹ 69,359/- യിൽ നിന്നും നിയമാനുസൃതനികുതികൾ (₹ 4,162/-) കിഴിച്ച്, ₹ 65,197/- കരാറുകാരനായ ശ്രീ.കുഞ്ഞീൻ ഹാജിക്ക് നൽകിയിട്ടുണ്ട്. കരാർ പ്രകാരം പ്രവൃത്തി പൂർത്തികരിക്കേണ്ട തീയതി 09.11.2015 ആയിരുന്നുവെങ്കിലും പ്രസ്തുത പ്രവൃത്തി 22.04.2016 – നാണ് പൂർത്തീകരിച്ചത്. തുടർന്ന്, ചുവടെ കൊടുക്കും പ്രകാരം 2 -ാമത്തേയും അവസാനത്തേയും ബിൽതുക ₹ 99,910/- കരാറുകാരന് നൽകുകയും ചെയ്തു.

01.02.2012 – ലെ ജി.ഒ.(പി)നം.13/2012/പി.ഡബ്ല്യു.ഡി. - നം. ഉത്തരവുപ്രകാരം പുതുക്കിയ, കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ, സെക്ഷൻ നം.2112.1 – പ്രകാരം, കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കിയില്ലെങ്കിൽ പ്രവൃത്തിയുടെ ആദ്യദീർഘിപ്പിക്കൽ കരാർതുകയുടെ (PAC) 1 % നിരക്കിലും രണ്ടാമത്തെ ദീർപ്പിക്കൽ കരാർതുകയുടെ (PAC) 2 % നിരക്കിലും കരാറുകാരനിൽ നിന്നും പിഴയീടാക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ പ്രവൃത്തിയിൽ കരാർതുക ₹ 2,48,165/- - യാണ്. അതിൻപ്രകാരം കണക്കാക്കിയതും ഈടാക്കാൻ ബാക്കിയുള്ള പിഴയുടെ വിശദാംശങ്ങളും ചുവടെ കൊടുക്കുന്നു.

1. പിഴ

| പിഴയൊടുക്കേണ്ട കാലയളവ് | ഈടാക്കിയ പിഴ (₹) | | ഈടാക്കേണ്ട പിഴ (₹) | | ഈടാക്കാൻ ബാക്കിയുള്ള പിഴ (₹) |
|---|---|---|---|---|---|
| 10.11.2015 മുതൽ 09.02.2016 വരെ | 2,01,197.25 x 1 % | 2,012.00 | 2,48,165.00 x 1 % | 2,482.00 | 470.00 |
| 10.02.2016 മുതൽ 22.04.2016 വരെ | 2,01,197.25 x 2 % x 72/90 | 3,219.00 | 2,48,165.00 x 2 % x 72/90 | 4,026.00 | 807.00 |
| ആകെ | | 5,231.00 | | 6,508.00 | 1,277.00 |

അതുപോലെ, ചെയ്ത പ്രവൃത്തിയുടെ ആകെ മൂല്യത്തിന്റെ 10.1 % ടെണ്ടർ കുറവും ആദ്യപാർട്ട് ബിൽതുകയും ആകെ മൂല്യത്തിൽ നിന്നും കിഴിച്ചതിനു ശേഷം ലഭിക്കുന്ന തുകയിന്മേലാണ് [₹ 2,01,197.25 - (₹ 20,320.92 + 69,359.00) = ₹

1,11,518.00] നികുതി കണക്കാക്കേണ്ടത്. അപ്രകാരം കണക്കാക്കിയ നികുതികളുടേയും ഈടാക്കാൻ ബാക്കിയുള്ള നികുതികളുടേയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

2. നികുതികൾ

| ഇനം | ഈടാക്കിയ നികുതികൾ (₹) | | ഈടാക്കേണ്ട നികുതികൾ (₹) | | ഈടാക്കാൻ ബാക്കിയുള്ള നികുതികൾ(₹) |
|---|---|---|---|---|---|
| മൂല്യവർദ്ധിത നികുതി @ 4 % | 1,06,287.00 x 4 % | 4,251.00 | 1,11,518.00 x 4 % | 4,461.00 | 210.00 |
| ആദായനികുതി @ 1 % | 1,06,287.00 x 1 % | 1,063.00 | 1,11,518.00x 1 % | 1,115.00 | 52.00 |
| KCWWF @ 1 % | 1,06,287.00 x 1 % | 1,063.00 | 1,11,518.00x 1 % | 1,115.00 | 52.00 |
| ആകെ | | 6,377.00 | | 6,691.00 | 314.00 |

ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ചുവടെ കൊടുക്കുന്ന പരാമർശങ്ങൾക്ക് മറുപടിയും ആവശ്യപ്പെട്ട രേഖകളും നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് 01.07.2017 ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.2 നൽകിയെങ്കിലും നഗരസഭ മറുപടിയൊന്നും നൽകിയില്ല.

1. കരാർ പ്രകാരം പ്രവൃത്തി പൂർത്തികരിക്കേണ്ട തീയതി 09.11.2015 ആയിരുന്നുവെങ്കിലും പ്രസ്തുത പ്രവൃത്തി 22.04.2016 – നാണ് പൂർത്തീകരിച്ചത്. കേരള പൊതുമരാമത്ത് വകുപ്പ് മാനവൽ, സെക്ഷൻ നം.2112.1 – പ്രകാരം, പ്രവൃത്തി ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപ്രകാരം നൽകിയ അപേക്ഷ.
2. ടി പ്രവൃത്തി ദീർഘിപ്പിക്കുവാൻ, നഗരസഭ കൗൺസിൽ എടുത്ത തീരുമാനത്തിന്റെ പകർപ്പ്.
3. നഗരസഭ കണക്കാക്കിയ പിഴ, കരാറുകാരനിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ മുതൽക്കൂട്ടിയതിന്റെ രേഖകൾ.
4. കേരള പൊതുമരാമത്ത് വകുപ്പ് മാനവൽ, സെക്ഷൻ നം.2113 പ്രകാരം, മാനവലിലെ അപ്പെൻഡിക്സ് 2100 ജി - യിൽ കൊടുത്തിട്ടുള്ള നിശ്ചിത മാതൃകയിലുള്ള പൂർത്തീകരണ സാക്ഷ്യപത്രം.
5. ടി പ്രവൃത്തിയുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്.
6. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ലഭിക്കുന്നതിനു മുൻപ് കരാറുകാരന് ബിൽ പ്രകാരമുള്ള തുക നൽകിയിട്ടുണ്ടെങ്കിൽ ആയതിനുള്ള വിശദീകരണം.
7. തെറ്റായ രീതിയിൽ പിഴയും നികുതികളും കണക്കാക്കിയതുമൂലം കരാറുകാരൻ ₹ 1,591/- അധികം കൈപ്പറ്റാനിടവന്നതിനുത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നുള്ള വിശദീകരണം.

മേൽ പരാമർശങ്ങൾക്കുള്ള മറുപടിയും ബന്ധപ്പെട്ട രേഖകളും ആദ്യമറുപടിയോടൊപ്പം ഹാജരാക്കേണ്ടതാണ്.

## 3-23 മരാമത്ത് പ്രവൃത്തികൾക്ക് കേരള പൊതുമരാമത്ത് വകുപ്പ് മാനുവലിൽ നിഷ്കർഷിച്ചിട്ടുള്ള മാതൃകയിലുള്ള അളവുപുസ്തകങ്ങളും പൂർത്തീകരണ സാക്ഷ്യപത്രങ്ങളും ഉപയോഗിക്കുന്നില്ല.

1. 2016 – 2017 വർഷത്തിൽ നടത്തിയ അന്നാര ജി.എൽ.പി.എസ്.പ്രീപ്രൈമറി ക്ലാസ്സ് റൂം പുനരുദ്ധാരണം (അളവുപുസ്തകം നം.20/09-10), തെരുവുവിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി(അളവുപുസ്തകംനം.33/11-12) എന്നീ പ്രവൃത്തികൾക്ക് 2009-2010, 2011-2012 എന്നീ വർഷങ്ങളിൽ അന്നത്തെ അസിസ്റ്റന്റ് എഞ്ചിനിയർക്ക്, നഗരസഭാ സെക്രട്ടറി വിതരണം ചെയ്ത അളവുപുസ്തകങ്ങൾ, ഉപയോഗപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം പല പ്രവൃത്തികൾക്ക് ഉപയോഗപ്പെടുത്തിയ അളവുപുസ്തകങ്ങളിൽ ഇൻഡക്സ് രേഖപ്പെടുത്തിയിട്ടുമില്ല. ഇത് കേരള പൊതുമരാമത്ത് വകുപ്പ് അക്കൗണ്ട് കോഡിലെ ഖണ്ഡിക നം.10.2.9 – ലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ഇപ്രകാരം ചെയ്യാനുണ്ടായ സാഹചര്യവും കാരണവും ആവശ്യമായ രേഖകൾ സഹിതം വ്യക്തമാക്കേണ്ടതാണ്.
2. 1997 - ലെ കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങളിലെ, ചട്ടം 15(1)പ്രകാരം, പി.ഡബ്ല്യൂ. മാന്വലിൽ നിർദേശിച്ചിട്ടുള്ള ഫോറത്തിലുള്ള അളവു പുസ്തകങ്ങളും ലെവൽ ഫീൽഡ് പുസ്തകങ്ങളും ഉപയോഗിക്കണമെന്നാണ് നിർദേശിച്ചിട്ടുള്ളതെങ്കിലും നഗരസഭയിൽ പല മരാമത്തു പ്രവൃത്തികൾക്കും ഉപയോഗിക്കുന്നത് പ്രസ്തുത ഫോറത്തിലുള്ള ( Form No. 21) അളവു പുസ്തകമല്ല. പകരം ഗ്രാമലക്ഷ്മി മുദ്രാലയം വിതരണം ചെയ്യുന്ന മറ്റൊരു മാതൃകയിലുള്ള (L.F.Form No. 83, Mun. Form No.81) GLM-148-S/09 അളവുപുസ്തകമാണ് ഉപയോഗിക്കുന്നത്.

എന്നാൽ, 01.02.2012 – ലെ ജി.ഒ.(പി)നം.13/2012/പി.ഡബ്ല്യ.ഡി. - നം. ഉത്തരവുപ്രകാരം പുതുക്കിയ, കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ, സെക്ഷൻ നം.2109 – പ്രകാരം, ടി മാനുവലിലെ അപ്പൻഡിക്സ് 2100ഇ 1 – ൽ കൊടുത്തിട്ടുള്ള മാതൃകയിലുള്ള അളവുപുസ്തകങ്ങളും അപ്പൻഡിക്സ് 2100ഇ 2 – ൽ കൊടുത്തിട്ടുള്ള മാതൃകയിലുള്ള ലെവൽ ഫീൽഡ് പുസ്തകങ്ങളും ആണ് ഉപയോഗിക്കേണ്ടത്.

മരാമത്ത് പ്രവൃത്തികൾക്ക് തെറ്റായ മാതൃകയിലുള്ള അളവുപുസ്തകങ്ങൾ ഉപയോഗിക്കാനുണ്ടായ സാഹചര്യവും കാരണവും ബന്ധപ്പെട്ട രേഖകൾ സഹിതം വ്യക്തമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 05.07.2017 – ൽ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.8 നൽകിയെങ്കിലും നഗരസഭ മറുപടിയൊന്നും നൽകിയില്ല.

മരാമത്ത് പ്രവൃത്തികൾക്ക് കേരള പൊതുമരാമത്ത് വകുപ്പ് മാനുവലിൽ നിഷ്കർഷിച്ചിട്ടുള്ള മാതൃകയിലുള്ള അളവുപുസ്തകങ്ങൾ ഉപയോഗിക്കേണ്ടതാണ്.

കൂടാതെ, കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ, സെക്ഷൻ നം.2113 പ്രകാരം, ഒരു പ്രവൃത്തി പൂർത്തിയായാൽ, മാനുവലിലെ അപ്പെൻഡിക്സ് 2100 ജി - യിൽ കൊടുത്തിട്ടുള്ള നിശ്ചിതമാതൃകയിൽ പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ചുവടെ പൂർത്തിയാക്കിയ പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 12.07.2017 – ൽ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.25 നൽകിയെങ്കിലും നഗരസഭ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല..

| ക്രമ നം. | പ്രവൃത്തിയുടെ പേര് | . പ്രവൃത്തിയുടെ |
|---|---|---|

| | | ആകെ മൂല്യം (₹) |
|---|---|---|
| 1 | നെല്ലൂളി സബ്സ്റ്റേഷൻ റോഡ് ബാക്കി ഭാഗം കോൺക്രീറ്റിംഗ് ഫയൽ നം.പി.ഡബ്ല്യൂ.2-19870/16 പ്രോജക്ട് നം.എസ്.ഒ.128/17 | 2,55,091/- |
| 2 | വടക്കിനിയേടത്ത് ഫുട്പാത്ത് കോൺക്രീറ്റിംഗ് ഫയൽ നം.പി.ഡബ്ല്യൂ.2-19894/16 പ്രോജക്ട് നം.131/17 | 1,03,979/- |
| 3 | കൈനിക്കരപ്പറമ്പ് ഫുട്പാത്ത് കോൺക്രീറ്റിംഗ് ഫയൽ നം.പി.ഡബ്ല്യൂ.1-14556/15 പ്രോജക്ട് നം.എസ്.ഒ.182/17 | 2,88,373/- |
| 4 | ഏഴൂർ ഹൈസ്കൂൾ ഗ്രൗണ്ട് അഭിവൃദ്ധിപ്പെടുത്തൽ ഫയൽ നം.പി.ഡബ്ല്യൂ.1-14604/15 പ്രോജക്ട് നം.എസ്.ഒ.178/17 | 4,50,122/- |
| 5 | വേട്ടുവഞ്ചേരി റോഡ് ഡ്രൈനേജ് സ്ലാബ് മൂടൽ ഫയൽനം.പി.ഡബ്ല്യൂ.2-14782/15 പ്രോജക്ട് നം.എസ്.ഒ.188/17 | 1,11,790/- |

ടി പ്രവൃത്തികളുടെ പ്രസ്തുത മാതൃകയിലുള്ള പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## **3-24** നഗരസഭയിലെ വിവിധവാർഡുകളിൽ കുടിവെള്ളപൈപ്പ് ലൈൻ ദീർഘിപ്പിക്കലിന് കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തു - കൈപ്പറ്റു രേഖകളും വിനിയോഗസാക്ഷ്യപത്രവും ഹാജരാക്കിയില്ല - ₹ 5,51,878/- തടസ്സം ചെയ്യുന്നു.

| | | |
|---|---|---|
| ഫയൽ നം. | - | പി.ഡബ്ല്യൂ.1-24660/16 |
| പ്രോജക്ട് നം. | - | എസ്.ഒ.211/17 |
| ആകെ അടങ്കൽ | - | ₹ 58,03,000/- (വികസനഫണ്ട് - ധനകാര്യകമ്മീഷൻ ഗ്രാന്റ്) |

| | | |
|---|---|---|
| ആകെ ചെലവ് | - | ₹ 55,51,878/- |
| ബിൽ നം. | - | 8 തീയതി 28.01.2017 ₹ 5,51,878/- |
| ബിൽ നം. | - | 12 തീയതി 25.02.2017 ₹ 2,51,122/- |

നഗരസഭയുടെ 2016 – 2017 – ലെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി, നഗരസഭയിലെ വിവിധ വാർഡുകളിൽ, കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ളപൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി, നഗരസഭ സ്കെച് തയ്യാറാക്കി സമർപ്പിക്കുകയും ടി പ്രവൃത്തിക്ക് കേരള വാട്ടർ അതോറിറ്റി 58,03,000/- യുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു. തുടർന്ന്, പ്രോജക്ട് നം.എസ്.ഒ.211/17 പ്രകാരം ₹ 58,03,000/- വകയിരുത്തുകയും ഡെപ്പോസിറ്റ് വർക്ക് അടിസ്ഥാനത്തിൽ ടി പ്രവൃത്തിക്കുവേണ്ടി ₹ 55,51,878/- കേരള വാട്ടർ അതോറിറ്റി എടപ്പാൾ പി.എച്ച്.ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള 67144691382 നം.എസ്.ബി.റ്റി. അക്കൗണ്ടിലേക്ക് തിരൂർ സബ്ട്രഷറി മുഖാന്തിരം വിവിധ തീയതികളിൽ ട്രാൻസ്ഫർ ക്രെഡിറ്റും ചെയ്തിട്ടുണ്ട്.

17.03.2017 – ലെ കേരള വാട്ടർ അതോറിറ്റി എടപ്പാൾ പി.എച്ച്.ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഡി.ബി.2-797/2000/വാല്യം - 2 – നം. കത്തുപ്രകാരം, എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി നടത്തുന്നതിന് ഡെപ്പോസിറ്റ് തുക നിക്ഷേപിക്കുന്ന മുറയ്ക്ക് ₹ 200/- യുടെ മുദ്രപ്പത്രത്തിൽ കരാർ വെയ്ക്കണമെന്നും തുക നിക്ഷേപിച്ചതിന്റെ യു.ടി.ആർ.നമ്പർ (യുണീക് ട്രാൻസാക്ഷൻ റഫറൻസ് നമ്പർ) സഹിതം അറിയിച്ചതിനുശേഷം മാത്രമേ പ്രസ്തുത പ്രോജക്ടിന്റെ ടെണ്ടർ നടപടികൾ ആരംഭിക്കുകയുള്ളൂവെന്ന് നഗരസഭ സെക്രട്ടറിയെ അറിയിച്ചിരുന്നു.

എന്നാൽ ടി ഡെപ്പോസിറ്റ് പ്രവൃത്തി ആരംഭിക്കുന്നതും പൂർത്തീകരിക്കുന്നതും സംബന്ധിച്ച വ്യവസ്ഥകളും മറ്റു ബാധകമായ വ്യവസ്ഥകളും ഉൾപ്പെടുത്തി, നഗരസഭ നാളിതുവരെയും കേരള വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെട്ടിട്ടില്ല.

ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ചുവടെ കൊടുക്കുന്ന പരാമർശങ്ങൾക്ക് മറുപടിയും ആവശ്യപ്പെട്ട രേഖകളും നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് 01.07.2017 – ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.4 നൽകിയെങ്കിലും നഗരസഭ മറുപടിയൊന്നും നൽകിയില്ല.

1. ടി ഡെപ്പോസിറ്റ് പ്രവൃത്തി നടത്തുന്നതിനു വേണ്ടി എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയിൽ, ഡെപ്പോസിറ്റ് ചെയ്ത ₹ 55,51,878/- - യ്ക്കുള്ള കേരള വാട്ടർ അതോറിറ്റി എടപ്പാൾ പി.എച്ച്.ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കൈപ്പറ്റ് രസീത്.
2. ടി ഡെപ്പോസിറ്റ് പ്രവൃത്തിക്കു വേണ്ടി കേരള വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെടാതിരുന്നതിനുള്ള വിശദീകരണം.
3. ടി പ്രവൃത്തിയുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്.
4. ഡെപ്പോസിറ്റ് തുകയുടെ വിശദമായ വിനിയോഗസാക്ഷ്യപത്രം, പ്രവൃത്തി പൂർത്തീകരണസാക്ഷ്യപത്രം എന്നിവ.

## **3-25** <u>വൃദ്ധജനങ്ങൾക്ക് പകൽ വീട് നിർമ്മാണം **- ₹ 11,75,000/-** ചെലവഴിച്ചു **-** രേഖകൾ ഹാജരാക്കിയില്ല **-** തടസ്സം ചെയ്യുന്നു.</u>

| | | |
|---|---|---|
| ഫയൽ നം. | - | പി.ഡബ്ല്യു.1-19946/16 |
| പ്രോജക്ട് നം. | - | 224/17 |

| | | |
|---|---|---|
| കരാർ നം. | - | 24/2016-17 തീയതി 04.02.2017 |
| കരാർകാലാവധി | - | 45 ദിവസം |
| ആകെ അടങ്കൽ | - | ₹ 58,75,000/- (വികസനഫണ്ട് - 20,00,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് - 38,75,000/-) |
| ആകെ ചെലവ് | - | ₹ 11,75,000/- |
| ബിൽ നം. | - | 14 തീയതി 03.03.2017 ₹ 11,75,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | - | നഗരസഭ എഞ്ചിനീയർ, തിരൂർ നഗരസഭ |

നഗരസഭയുടെ 2016 – 2017 – ലെ വാർഷികപദ്ധതിയിൽ, വൃദ്ധജനങ്ങൾക്ക് പകൽവീട് എന്ന പദ്ധതിയിൽ കെട്ടിടം നിർമ്മിക്കുന്നതിന്, കേന്ദ്രസർക്കാരിന്റെ കീഴിലുള്ള പൊതുമേഖലാസ്ഥാപനമായFACT – RCF ബിൽഡിംഗ് പ്രോഡക്ട്സ് ലിമിറ്റഡ് എന്ന സ്ഥാപനം മുഖേന നിർവ്വഹിക്കുന്നതിന് 09.12.2016 – ലെ 14 -ാം നമ്പർ പ്രകാരം കൗൺസിൽ തീരുമാനിക്കുകയും ടി പ്രവൃത്തിക്ക് FACT – RCF ബിൽഡിംഗ് പ്രോഡക്ട്സ് എന്ന സ്ഥാപനം ₹ 58,75,000/- യുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചതിന്റെയടിസ്ഥാനത്തിൽ പ്രോജക്ട് നം.224/17 പ്രകാരം ₹ 58,75,000/- വകയിരുത്തുകയും ചെയ്തു.

തുടർന്ന് നഗരസഭ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 19.01.2017 – ലെ പി.ഡബ്ല്യ.1-19946/16 – നം.കത്തുപ്രകാരം, FACT – RCF ബിൽഡിംഗ് പ്രോഡക്ട്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് സെലക്ഷൻ അറിയിപ്പ് നൽകുകയും നഗരസഭയും ടി സ്ഥാപനവും തമ്മിൽ 04.02.2017 – ന് 24/2016-17 – നം.കരാർ ചമയ്ക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ കരാറിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ പ്രകാരം, വൃദ്ധജനങ്ങൾക്ക് പകൽവീട് എന്ന നിർമ്മാണപ്രവൃത്തി പൂർത്തീകരിച്ച് 31.03.2017 – നകം ബില്ല് സമർപ്പിക്കണമെന്ന നിർദ്ദേശത്തോടെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 04.02.2017 -ലെ പി.ഡബ്ല്യ.1-19946/16 – നം.കത്തുപ്രകാരം, FACT – RCF ബിൽഡിംഗ് പ്രോഡക്ട്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകുകയും ചെയ്തു. ടി കരാറിലെ Clause No.6 – Terms of Payment – ൽ, ക്രമ നം.1 – ൽ, 30.07.2014 – ലെ ജി.ഒ.(പി)നം.311/2014/ഫിൻ. - ലെ വ്യവസ്ഥകൾക്ക വിധേയമായി ഗഡുക്കളായി തുക നൽകണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ക്രമ നം, 1(a) പ്രകാരം, എസ്റ്റിമേറ്റ് തുകയുടെ 20 % വരുന്ന തുക ആദ്യഗഡുവായി ടി പ്രവൃത്തിക്ക് മുൻകൂർ നൽകണമെന്നും നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം, പാസ്സാക്കിയ ബില്ലുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, പ്രവൃത്തിപുരോഗതി റിപ്പോർട്ടുകൾ എന്നിവ സമർപ്പിക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തുകയുടെ 15 % വരുന്ന തുക വീതം രണ്ടും മൂന്നും ഗഡുക്കളായി നൽകണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതിൻപ്രകാരം, FACT – RCF ബിൽഡിംഗ് പ്രോഡക്ട്സ് ലിമിറ്റഡ് ഡെപ്യൂട്ടി ജനറൽ മാനേജരുടെ 06.02.2017 – ലെ DGM(FRBL) – CON/2016-17

/59/0621701 – നം. കത്തുപ്രകാരം ആദ്യഗഡു, മുൻകൂറായി FACT – RCF ബിൽഡിംഗ് പ്രോഡക്ട്സ് ലിമിറ്റഡിന്റെ കാക്കനാട്ടുള്ള ദേനാ ബാങ്കിന്റെ 123011031127 – നം. അക്കൗണ്ടിലേക്ക് ഒടുക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

തുടർന്ന് 03.03.2017 - ലെ ട്രഷറി ബിൽ നം.14 പ്രകാരം, ടി പ്രവൃത്തിയുടെ മുൻകൂർ തുകയായ ₹ 11,75,000/- (₹ 58,75,000/- x 20%) ട്രഷറി മുഖാന്തിരം ഒടുക്കുകയും ചെയ്തു. പിന്നീട്, FACT – RCF ബിൽഡിംഗ് പ്രോഡക്ട്സ് ലിമിറ്റഡ് ഡെപ്യൂട്ടി ജനറൽ മാനേജരുടെ 14.03.2017 – ലെ DGM(FRBL) – CON/2016-17/59/14031706 – നം. കത്തുപ്രകാരം, പ്രോജക്ട് കോസ്റ്റായ ₹ 58,75,000/- - യുടെ 30 % (2 - ഉം 3 – ഉം ഗഡു) ആയ ₹ 17,62,500/- ഒടുക്കണമെന്നാവശ്യപ്പെടുകയും ചെയ്തു.

ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ചുവടെ കൊടുക്കുന്ന പരാമർശങ്ങൾക്ക് മറുപടിയും ആവശ്യപ്പെട്ട രേഖകളും നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് 05.07.2017 – ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.6 നൽകിയെങ്കിലും നഗരസഭ മറുപടിയൊന്നും ഹാജരാക്കിയില്ല.

1. ടി കരാറിലെ ക്രമ നം. 1(l) പ്രകാരം, വൃദ്ധജനങ്ങൾക്ക് പകൽവീട് എന്ന നിർമ്മാണപ്രവൃത്തി വർക്ക് ഓർഡറിന്റെ തീയതി മുതൽ 75 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതാണെന്ന് ടി സ്ഥാപനം വ്യക്തമാക്കിയിട്ടുണ്ട്. കരാറിലെ ഏതെങ്കിലും വ്യവസ്ഥകൾ നടപ്പാക്കാനോ കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാതെ വന്നാലോ പബ്ലിക് വർക്ക്സ് ഡിപ്പാർട്ടുമെന്റ് മാനുവലിൽ വ്യക്തമാക്കിയിട്ടുള്ള നിരക്കിൽ പ്രസ്തുതസ്ഥാപനത്തിൽ നിന്നോ/ടി പ്രവൃത്തിനിർവ്വഹണത്തിന് സ്ഥാപനം ഏർപ്പാടാക്കിയ കരാറുകാരനിൽ നിന്നോ പിഴയീടാക്കി നഗരസഭയ്ക്ക് നൽകുന്നതാണെന്നു വ്യക്തമാക്കിയിട്ടുണ്ട്. ടി പ്രവൃത്തി പൂർത്തീകരിച്ച തീയതി.
2. കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തികരിച്ചിട്ടില്ലെങ്കിൽ, പ്രവൃത്തി പൂർത്തികരണത്തിന് സമയം ദീർഘിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട്, FACT – RCF ബിൽഡിംഗ് പ്രോഡക്ട്സ് ലിമിറ്റഡിലെ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അപേക്ഷ.
3. FACT – RCF ബിൽഡിംഗ് പ്രോഡക്ട്സ് ലിമിറ്റഡിന് പ്രവൃത്തി പൂർത്തികരിക്കുന്നതിന് നിയമാനുസൃതം സമയം ദീർഘിപ്പിക്കുവാൻ അനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ കൗൺസിൽ തീരുമാനവും തീയതിയും.
4. നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നിട്ടുണ്ടെങ്കിൽ നഗരസഭയ്ക്ക് ലഭിച്ച പിഴ.
5. ആദ്യഗഡുവായ ₹ 11,75,000/- കൈപ്പറ്റിയതിന്റെ FACT – RCF ബിൽഡിംഗ് പ്രോഡക്ട്സ് ലിമിറ്റഡ് ഡെപ്യൂട്ടി ജനറൽ മാനേജരുടെ കൈപ്പറ്റ് രസീത്.
6. ആദ്യഗഡുവായ ₹ 11,75,000/- യുടെ വിശദമായ ധനവിനിയോഗസാക്ഷ്യപത്രം, പാസ്സാക്കിയ ബില്ലുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, പ്രവൃത്തിപുരോഗതി റിപ്പോർട്ടുകൾ എന്നിവ ഇല്ലാതെ, 2 - ഉം 3 - ഉം ഗഡു ആയ ₹ 17,62,500/-, FACT – RCF ബിൽഡിംഗ് പ്രോഡക്ട്സ് ലിമിറ്റഡിന് നൽകിയിട്ടുണ്ടെങ്കിൽ ആയതിന് വിശദീകരണം.
7. വൃദ്ധജനങ്ങൾക്ക് പകൽവീട് എന്ന നിർമ്മാണപ്രവൃത്തിക്ക് ആദ്യഗഡുവായ ₹ 11,75,000/- ഉപയോഗിച്ചതിന്റെ വിശദമായ ധനവിനിയോഗസാക്ഷ്യപത്രം, പ്രവൃത്തിപുരോഗതി റിപ്പോർട്ടുകൾ എന്നിവ.
8. ടി നിർമ്മാണപ്രവൃത്തിയുടെ നിലവിലെ ഘട്ടം.

ടി രേഖകളുടെ അഭാവത്തിൽ ₹ 1,17,5000/- – യ്ക്ക് ഓഡിറ്റ് തടസ്സവാദം ഉന്നയിക്കുന്നു.

## 3-26 തിരൂർ നഗരസഭ ഓഫീസ് ഗ്രൗണ്ട് ഫ്ലോർ ആധുനികവത്കരണം - രേഖകൾ ഹാജരാക്കിയില്ല - ₹ 28,01,791/- തടസ്സം ചെയ്യുന്നു.

| | | |
|---|---|---|
| ഫയൽ നം. | - | പി.ഡബ്ല്യു.2-14703/15 |
| പ്രോജക്ട് നം. | - | എസ്.ഒ.183/17 |
| ആകെ അടങ്കൽ | - | ₹ 30,00,000/- (വികസനഫണ്ട് – ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ആകെ ചെലവ് | - | ₹ 28,01,791/- |
| കരാർ നം. | - | 125/15-16 തീയതി 04.03.2016 |
| കരാർത്തുക | - | 26,11,949/- |
| കരാർ പ്രകാരം പ്രവൃത്തി ആരംഭിക്കേണ്ട തീയതി | - | 04.03.2016 |
| കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | - | 03.09.2016 |
| യഥാർത്ഥത്തിൽ പ്രവൃത്തി പൂർത്തീകരിച്ച തീയതി | - | 30.11.2016 |
| പ്രവൃത്തിയുടെ ആകെ മൂല്യം | - | ₹ 28,01,791/- |
| ബിൽ നം. | - | 126 തീയതി 31.03.2016 ₹ 3,59,398/- |
| ബിൽ നം. | - | 10 തീയതി 18.02.2017 ₹ 24,42,393/- |
| നിർവ്വഹണോദ്യോഗസ്ഥൻ | - | നഗരസഭ എഞ്ചിനീയർ, തിരൂർ നഗരസഭ |

നഗരസഭയുടെ 2016 – 2017 – ലെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി, നഗരസഭ ഓഫീസ് ഗ്രൗണ്ട് ഫ്ലോർ ആധുനികവത്കരണവുമായി ബന്ധപ്പെട്ട് ₹ 30,00,000/- - യുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്ട് നം.എസ്.ഒ.183/17 പ്രകാരം ₹ 30,00,000/- വകയിരുത്തുകയും ചെയ്തു. ടി പ്രവൃത്തി നടപ്പാക്കുന്നതിനു വേണ്ടി സർക്കാർ അംഗീകൃത ഏജൻസിയായ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്, തൃശ്ശൂർ എന്ന പൊതുമേഖലാസ്ഥാപനത്തെ ഏൽപ്പിക്കുകയും ചെയ്തു.

ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ചുവടെ കൊടുക്കുന്ന പരാമർശങ്ങൾക്ക് മറുപടിയും രേഖകളും നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് 18.08.2017 – ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.26 നൽകിയെങ്കിലും നഗരസഭ മറുപടിയൊന്നും നൽകിയില്ല.

01.02.2012 – ലെ ജി.ഒ.(പി)നം.13/2012/പി.ഡബ്ല്യ.ഡി. - നം. ഉത്തരവുപ്രകാരം പുതുക്കിയ, കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ, സെക്ഷൻ നം.2112.1 – പ്രകാരം, കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കിയില്ലെങ്കിൽ പ്രവൃത്തിയുടെ ആദ്യദീർഘിപ്പിക്കൽ കരാർത്തുകയുടെ (PAC) 1 % നിരക്കിലും രണ്ടാമത്തെ ദീർപ്പിക്കൽ കരാർത്തുകയുടെ (PAC) 2 % നിരക്കിലും കരാറുകാരനിൽ നിന്നും പിഴയീടാക്കണമെന്നും സെക്ഷൻ നം.2113 പ്രകാരം, ഒരു പ്രവൃത്തി പൂർത്തിയായാൽ, മാനുവലിലെ അപ്പെൻഡിക്സ് 2100 ജി - യിൽ കൊടുത്തിട്ടുള്ള നിശ്ചിതമാതൃകയിൽ പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

1. കരാർ പ്രകാരം ടി പ്രവൃത്തി പൂർത്തികരിക്കേണ്ട തീയതി 03.09.2016 ആയിരുന്നുവെങ്കിലും പ്രസ്തുത പ്രവൃത്തി 30.11.2016 – നാണ് പൂർത്തീകരിച്ചത്. കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ, സെക്ഷൻ നം.2112.1 – പ്രകാരം, പ്രസ്തുത പ്രവൃത്തി ദീർഘിപ്പിക്കുവാൻ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് നൽകിയ അപേക്ഷ.
2. ടി പ്രവൃത്തി ദീർഘിപ്പിക്കുവാൻ, നഗരസഭ കൗൺസിൽ എടുത്ത തീരുമാനത്തിന്റെ പകർപ്പ്.
3. കരാറുകാരനിൽ നിന്നും പിഴയീടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ടി പിഴ നഗരസഭ ഫണ്ടിൽ വരവു വെച്ചതിന്റെ രേഖകളും.
4. കരാറുകാരനിൽ നിന്നും പിഴയീടാക്കാതെയാണ് 04.09.2016 മുതൽ 30.11.2016 വരെ പ്രവൃത്തി നടത്താൻ കരാറുകാരന് അനുമതി നൽകിയതെങ്കിൽ ആയതിനുള്ള വിശദീകരണം.
5. കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ, അപ്പെൻഡിക്സ് 2100 ജി - യിൽ കൊടുത്തിട്ടുള്ള നിശ്ചിതമാതൃകയിലുള്ള പൂർത്തീകരണ സാക്ഷ്യപത്രം.

   ടി രേഖകളുടെ അഭാവത്താൽ ₹ 28,01,791/- തടസ്സം ചെയ്യുന്നു. രേഖകൾ ഹാജരാക്കേണ്ടതാണ്.

## 3-27 കരാറുകാർ ഫോറം നം.1 EE – മാതൃകയിലുള്ള നികുതി ബാദ്ധ്യത സാക്ഷ്യപത്രം ഹാജരാക്കിയില്ല – കുറഞ്ഞ നിരക്കിൽ മൂല്യ വർദ്ധിത നികുതി ഈടാക്കി.

2003 – ലെ കേരള മൂല്യ വർദ്ധിത നികുതി നിയമം, വകുപ്പ് നം.15 പ്രകാരം, എല്ലാത്തരം കരാറുകാരും വാറ്റ് രജിസ്ട്രേഷൻ നിർബന്ധമായും എടുക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കരാർ പ്രവൃത്തിയിൽ ഏർപ്പെടുന്ന കരാറുകാർക്ക് പ്രാബല്യത്തിലുള്ള വാണിജ്യ നികുതി രജിസ്ട്രേഷൻ ഉണ്ടോയെന്നും ആയതിന് പ്രാബല്യത്തിലുള്ള വാറ്റ് രജിസ്ട്രേഷൻ സാക്ഷ്യപത്രം/കോമ്പൗണ്ടിംഗ് സർട്ടിഫിക്കറ്റ് കരാറുകാരോട് ആവശ്യപ്പെട്ട് ഉറപ്പുവരുത്തേണ്ട ചുമതല നിർവ്വഹണോദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്.

കൂടാതെ, പ്രസ്തുത നിയമത്തിലെ വകുപ്പ് നം.8 പ്രകാരം, രജിസ്ട്രേഷനുള്ള കരാറുകാർക്ക് മൊത്തം കരാർ തുക അല്ലെങ്കിൽ ഓരോ കരാർ പ്രവൃത്തിയും വേർതിരിച്ച് കോമ്പൗണ്ട് ചെയ്യാൻ അനുമതി(Form No.1E) നൽകുന്നുണ്ട്. പ്രസ്തുത അനുമതിയിലെ നിബന്ധനകളിൽ, മരാമത്ത് കരാർപ്രവൃത്തികളുടെ കാര്യത്തിൽ, ഫോറം നം.1 EE – മാതൃകയിലുള്ള നികുതി ബാദ്ധ്യത സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ കരാർ നൽകിയ സ്ഥാപനം മൂല്യ വർദ്ധിത നികുതി കുറയ്ക്കാവൂ

എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല, 1956 – ലെ കേന്ദ്ര വിൽപ്പന നികുതി നിയമപ്രകാരമുള്ള രജിസ്ട്രേഷൻ കൂടിയുള്ള കരാറുകാരിൽ നിന്നും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കരാർത്തുകയുടെ 4 % മൂല്യ വർദ്ധിത നികുതി ഈടാക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ കരാറുകാർക്ക് പാർട്ട് ബിൽ, ഫൈനൽ ബി/ൽ എന്നിവ നൽകുമ്പോൾ, കരാറുകാർക്ക് കേരള വാണിജ്യ നികുതി വകുപ്പ് നൽകുന്ന ഫോറം നം.1 EE – മാതൃകയിലുള്ള നികുതി ബാദ്ധ്യത സാക്ഷ്യപത്രം, ഹാജരാക്കിയെങ്കിൽ മാത്രമേ കരാർത്തുകയുടെ 4 % നിരക്കിൽ മൂല്യ വർദ്ധിത നികുതി ഈടാക്കാൻ പാടുള്ളൂ. അല്ലാത്തപക്ഷം, 2003 – ലെ കേരള മൂല്യവർദ്ധിത നികുതി നിയമം, വകുപ്പ് നം.10(2), 10(2 എ), 10(2 എ) (i), 10( 2 എ) (ii)(ബി) എന്നിവ പ്രകാരം സ്രോതസ്സിൽ നിന്നും നികുതി ഈടാക്കി സർക്കാരിലേക്ക് ഓൺലൈനായി അടയ്ക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ചുവടെ കൊടുക്കുന്ന മരാമത്ത് പ്രവൃത്തികളുടെ പാർട്ട് ബിൽ, ഫൈനൽ ബിൽ എന്നിവ നൽകിയപ്പോൾ കരാറുകാരനിൽ നിന്നും 4 % നിരക്കിൽ മൂല്യ വർദ്ധിത നികുതി ഈടാക്കിയിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | . പ്രവൃത്തിയുടെ ആകെ മൂല്യം (₹) | കരാറുകാരന്റെ പേര് |
|---|---|---|---|
| 1 | ജി.എൽ.പി.എസ്.തൃക്കണ്ടിയൂർ ചുറ്റുമതിൽ അറ്റകുറ്റപ്പണി ഫയൽ നം.പി.ഡബ്ല്യു.2-14806/15 പ്രോജക്ട് നം.എസ്.ഒ.190/17 | 1,75,646/- | ശ്രീ.കുഞ്ഞീൻ ഹാജി |
| 2 | അന്നാര ജി.എൽ.പി.എസ്.പ്രീ പ്രൈമറി ക്ലാസ്സ് മുറി പുനരുദ്ധാരണം ഫയൽ നം.പി.ഡബ്ല്യു.2-14809/15 പ്രോജക്ട് നം.എസ്.ഒ.189/17 | 5,92,998/- | ശ്രീ.മുഹമ്മദ് സലിം.ടി.പി. |
| 3 | വടക്കിനിയേടത്ത് ഫുട്പാത്ത് കോൺക്രീറ്റിംഗ് ഫയൽ നം.പി.ഡബ്ല്യു.2-19894/16 പ്രോജക്ട് നം.131/17 | 1,03,979/- | ശ്രീ.മോഹൻദാസ്.പി. |
| 4 | കൈനിക്കരപ്പറമ്പ് ഫുട്പാത്ത് കോൺക്രീറ്റിംഗ് | 2,88,373/- | ശ്രീ.മുരളീമോഹൻ.പി.വി. |

| | | | |
|---|---|---|---|
| | ഫയൽ<br>നം.പി.ഡബ്ല്യു.1-14556/15<br>പ്രോജക്ട് നം.എസ്.ഒ.182/17 | | |
| 5 | ഏഴൂർ ഹൈസ്കൂൾ ഗ്രൗണ്ട് അഭിവൃദ്ധിപ്പെടുത്തൽ<br>ഫയൽ<br>നം.പി.ഡബ്ല്യു.1-14604/15<br>പ്രോജക്ട് നം.എസ്.ഒ.178/17 | 4,50,122/- | ശ്രീ.കൃഷ്ണൻകുട്ടി.എൻ. |
| 6 | വേട്ടുവഞ്ചേരി റോഡ് ഡ്രൈനേജ് സ്ലാബ് മൂടൽ<br>ഫയൽനം.പി.ഡബ്ല്യു.2-14782/15<br>പ്രോജക്ട് നം.എസ്.ഒ.188/17 | 1,11,790/- | ശ്രീ.മുഹമ്മദ് ആസിഫ്.എം. |
| 7 | നഗരസഭ ഓഫീസ് നവീകരണം (Ground Floor)<br>ഫയൽ<br>നം.പി.ഡബ്ല്യു.2-14703/15<br>പ്രോജക്ട് നം.എസ്.ഒ.183/17 | 28,01,791/- | ജനറൽ മാനേജർ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്(സിൽക്ക്) |

എന്നാൽ, മേൽക്കൊടുത്തിരിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഫയലുകളോടൊപ്പം ടി കരാറുകാരന് കേരള വാണിജ്യ നികുതി വകുപ്പ് നൽകിയ ഫോറം നം.1 EE – മാതൃകയിലുള്ള നികുതി ബാദ്ധ്യത സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് ചുവടെ കൊടുക്കുന്ന പരാമർശങ്ങൾക്ക് രേഖകൾ സഹിതം മറുപടി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് 12.07.2017, 17.08.2017, 21.08.2017 എന്നീ തീയതികളിൽ യഥാക്രമം ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.10, 24, 28 എന്നീ ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും നഗരസഭ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.10 - ന് മാത്രമാണ് മറുപടി നൽകിയത്.

1. കരാറുകാരന് പ്രാബല്യത്തിലുള്ള വാണിജ്യ നികുതി രജിസ്ട്രേഷൻ ഉണ്ടോയെന്നും ആയതിന് പ്രാബല്യത്തിലുള്ള വാറ്റ് രജിസ്ട്രേഷൻ സാക്ഷ്യപത്രം/കോമ്പൗണ്ടിംഗ് സർട്ടിഫിക്കറ്റ് കരാറുകാരോട് ആവശ്യപ്പെട്ട് ഉറപ്പുവരുത്താതെയും കേരള വാണിജ്യ നികുതി വകുപ്പ് നൽകിയ ഫോറം നം.1 EE – മാതൃകയിലുള്ള നികുതി ബാദ്ധ്യത സാക്ഷ്യപത്രം ഹാജരാക്കാത്ത ടി കരാറുകാരിൽ നിന്നും 4 % നിരക്കിൽ മൂല്യ വർദ്ധിത നികുതി ഈടാക്കിയതിനുള്ള വിശദീകരണം.
2. കേരള വാണിജ്യ നികുതി വകുപ്പ് നൽകിയ ഫോറം നം.1 EE – മാതൃകയിലുള്ള നികുതി ബാദ്ധ്യത സാക്ഷ്യപത്രം (ഉണ്ടെങ്കിൽ)
3. കേരള വാണിജ്യ നികുതി വകുപ്പ് നൽകിയ ഫോറം നം.1 EE – മാതൃകയിലുള്ള നികുതി ബാദ്ധ്യത സാക്ഷ്യപത്രം കരാറുകാരൻ ഹാജരാക്കിയിട്ടില്ലെങ്കിൽ, 2003 – ലെ കേരള മൂല്യവർദ്ധിത നികുതി നിയമം, വകുപ്പ് നം.10(2), 10(2 എ), 10(2 എ) (i), 10( 2 എ) (ii)(ബി) എന്നിവ പ്രകാരമുള്ള നിരക്കിൽ കരാറുകാരിൽ നിന്നും മൂല്യ വർദ്ധിത നികുതി

ഈടാക്കിയതിന്റെ വിശദാംശങ്ങൾ.

12.07.2017 - ലെ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.10 – ന്, നഗരസഭ നൽകിയ മറുപടിയോടൊപ്പം, മൂല്യ വർദ്ധിത നികുതി കോമ്പൗണ്ട് ചെയ്യാൻ അനുമതി നൽകുന്ന Form No.1E മാതൃകയിലുള്ള അനുമതിപത്രമാണ് ഹാജരാക്കിയത്.

മേൽ പരാമർശങ്ങൾക്കുള്ള മറുപടിയും ബന്ധപ്പെട്ട രേഖകളും ആദ്യമറുപടിയോടൊപ്പം ഹാജരാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) |
|---|---|---|
| ഇല്ല | ഇല്ല | ഇല്ല |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | KWA | വിവിധ വാർഡുകളിൽ വാട്ടർ ലൈൻ സ്ഥാപിക്കൽ | Bill No. 8 Dtd. 31.12.16 | 5,51,878 | NIL | 5,51,878 |
| 2 | KWA | ,, | Bill No. 12 Dtd. 21.02.17 | 2,51,122 | NIL | 2,51,122 |
| 3 | KWA | ,, | Bill No. 17 Dtd. 20.03.17 | 27,48,878 | NIL | 27,48,878 |
| 4 | KWA | ,, | Bill No. 18 Dtd. 20.03.17 | 20,00,000 | NIL | 20,00,000 |
| 5 | KSEB | | Bill No. 9 Dtd. 31.12.16 | 7,13,250 | NIL | 7,13,250 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ നം. | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | വൗച്ചർ നം/ ചെക്ക് നം./തീയതി | തുക (₹) | അഡ്ജസ്റ്റ് ചെയ്തത് (₹) | ബാക്കി (₹) |
|---|---|---|---|---|---|---|
| ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

### 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ വരവില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | | | |
|---|---|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | - | ₹ | 1,46,95,920/- |
| തൻവർഷം നിക്ഷേപിച്ച തുക | - | ₹ | 7,85,481/- |
| ആകെ | - | ₹ | 1,54,81,401/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | - | ₹ | 7,67,017/- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | - | ₹ | 1,47,14,384/- |

വാർഷിക കണക്കുകളിലെ ബാലൻസ് ഷീറ്റ് പ്രകാരം ₹ 1,39,00,872/- ആണ് വർഷാവസാനമുള്ള സ്ഥിരനിക്ഷേപം. രജിസ്റ്റർ പ്രകാരമുള്ളതിൽ നിന്നുള്ള വ്യത്യാസം വിശദീകരിക്കപ്പെട്ടില്ല. ആയത് വ്യക്തമാക്കേണ്ടതാണ്.

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക (₹) |
|---|---|
| കേരളവർമ്മ ആയുർവേദിക് കോ-ഓപ് ഫാർമസി | 100/- |
| കെ.യു.ആർ.ഡി.എഫ്.സി. ഷെയർ | 35,000/- |
| എം.ഡി.സി.സ്പിന്നിംഗ് മിൽ ഷെയർ | 5,000/- |
| കെ.എസ്.ഇ.ബി. ഡെപ്പോസിറ്റ് | 28,031/- |
| ഗവൺമെന്റ് പ്രസ്സ്, തിരുവനന്തപുരം | 500/- |
| ആർടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ | 10,000/- |
| എം.ഡി.സി.സ്പിന്നിംഗ് മിൽ | 5,000/- |
| ബാങ്ക് നിക്ഷേപം | 1,06,30,753/- |
| ഇക്വിറ്റി ഷെയർ | 40,00,000/- |
| ആകെ | 1,47,14,384/- |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ( ₹) | ഒടുക്കിയ ആളുടെ പേരും | രസീത് നമ്പർ /തീയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | ഉദ്യോഗപ്പേരും | |
| ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം |
|---|---|---|---|---|
| 2000-2001 | 61 | 2004-2005 | 91 | കാർഷിക യന്ത്രവൽക്കരണം- ട്രാക്ടർ ദുരുപയോഗം ചെയ്തു |
| 2001-2002 | 3 (61) | 2006-2007 | 4.23.3 | 3 നിർമ്മാണ പ്രവൃത്തികളുടെ ഫയലുകൾ ലഭ്യമാക്കാത്തത്. |
| 2001-2002 | 3 (61) | 2006-2007 | 4.23.3 | തെക്കുമ്മുറി ജി.എൽ.പി.എസ്. കെട്ടിട നിർമ്മാണം |
| 2001-2002 | 3(61) | 2006-2007 | 4.23.3 | താലൂക്ക് ആശുപത്രി കെട്ടിടം അറ്റകുറ്റപ്പണി മൊബിലൈസേ -ഷൻ അഡ്വാൻസ്. |
| 2009-2010 2010-2011 | പ്രവർത്തനാവലോകന റിപ്പോർട്ട് | 2011-2012 | 3.1.9 | കേരകൃഷി |
| - | മുന്നറിയിപ്പില്ലാതെ നടത്തിയ പരിശോധന. | 2013-2014 | 5.3.5-3.6 | വനിത വ്യവസായ കേന്ദ്രം നിഷ്ക്രിയമായിരിക്കുന്നത്. |
| - | -ടി- | 2013-2014 | 5.3.5-10 | മൈക്രോ സംരംഭകർക്ക് സഹായം |

| | | | | |
|---|---|---|---|---|
| | | | | ലഭ്യമാക്കാത്തത്. |
| 2011-2012 | പ്രത്യേക ഓഡിറ്റ് പരിശോധനാ റിപ്പോർട്ട് | 2014-2015 | അദ്ധ്യായം 2 | നഗരസഭകളുടെ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ സമയ ബന്ധിതമായി തുടർനടപടി കളില്ല |
| 2011-2012 | | 2015-16 | 4.2.4 | അപേക്ഷകളിൽ നടത്തുന്ന പരിശോധനയും അന്വേഷണവും കാര്യക്ഷമമല്ല. |

## **4-8** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹15,24,78,607/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹14,35,28,896/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ₹17,500/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹ 98,191/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹ 68,51,668/- |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ (ബി) - യിലേയും (സി) - യിലേയും തുകയാണ്.)

(ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 17,500/- | | ശ്രീ.വി.ജെ.കുര്യൻ സെക്രട്ടറി, തിരൂർ നഗരസഭ |
| 3-3 | | 2,639/- | ശ്രീ.സജീന്ദ്രൻ.സി.എം(സെക്രട്ടറി ഇൻ ചാർജ്) നഗരസഭ എഞ്ചിനീയർ |

| | | | |
|---|---|---|---|
| 3-8 | | 25,450/- | ശ്രീ.രാധാകൃഷ്ണപിള്ള<br>കൃഷി ഫീൽഡ് ഓഫീസർ |
| 3-9 | | 24,011/- | ശ്രീ.രാധാകൃഷ്ണപിള്ള<br>കൃഷി ഫീൽഡ് ഓഫീസർ |
| 3-10 | | 15,770/- | ശ്രീ.രാധാകൃഷ്ണപിള്ള<br>കൃഷി ഫീൽഡ് ഓഫീസർ |
| 3-11 | | 750/- | ശ്രീ.രാധാകൃഷ്ണപിള്ള<br>കൃഷി ഫീൽഡ് ഓഫീസർ |
| 3-13 | | 28,980/- | ശ്രീ. അനിൽ കുമാർ.കെ.പി.<br>പ്രധാനാധ്യാപകൻ |
| 3-22 | | 1,277/- | ശ്രീ.സജീന്ദ്രൻ.സി.എം<br>നഗരസഭ എഞ്ചിനീയർ |
| ആകെ | 17,500/- | 97,877/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 1,00,000/- | ശ്രീ.വി.ജെ.കുര്യൻ<br>സെക്രട്ടറി, തിരൂർ നഗരസഭ |
| 3-5 | 36,278/- | ശ്രീ.വി.ജെ.കുര്യൻ<br>സെക്രട്ടറി, തിരൂർ നഗരസഭ |
| 3-10 | 23,280/- | ശ്രീ.രാധാകൃഷ്ണപിള്ള<br>കൃഷി ഫീൽഡ് ഓഫീസർ |
| 3-11 | 4,800/- | ശ്രീ.രാധാകൃഷ്ണപിള്ള<br>കൃഷി ഫീൽഡ് ഓഫീസർ |
| 3-12 | 25,600/- | ശ്രീ.രാധാകൃഷ്ണപിള്ള<br>കൃഷി ഫീൽഡ് ഓഫീസർ |
| 3-14 | 1,75,000/- | ശ്രീ. അനിൽ കുമാർ.കെ.പി.<br>പ്രധാനാധ്യാപകൻ |
| 3-16 | 78,000/- | ശ്രീ. അനിൽ കുമാർ.കെ.പി.<br>പ്രധാനാധ്യാപകൻ |
| 3-17 | 2,00,000/- | ശ്രീ.രാജീവ്.ഐ.വി.<br>പ്രോജക്ട് ഓഫീസർ |
| 3-18 | 8,00000/- | ശ്രീ.രാജീവ്.ഐ.വി.<br>പ്രോജക്ട് ഓഫീസർ |
| 3-19 | 1,66,771/- | ഡോ.രഘുപ്രസാദ്<br>ആയുർവ്വേദ മെഡിക്കൽ<br>ഓഫീസർ |
| 3-21 | 7,13,250/- | ശ്രീ. സന്തോഷ്.എം.വി<br>നഗരസഭ എഞ്ചിനിയർ |
| 3-24 | 5,51,878/- | ശ്രീ. സന്തോഷ്.എം.വി<br>നഗരസഭ എഞ്ചിനിയർ |
| 3-25 | 11,75,000/- | ശ്രീ. സന്തോഷ്.എം.വി<br>നഗരസഭ എഞ്ചിനിയർ |
| 3-26 | 28,01,791/- | ശ്രീ. സന്തോഷ്.എം.വി<br>നഗരസഭ എഞ്ചിനിയർ |
| ആകെ | 68,51,668/- | |

(സി).കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖ. നം. | നഷ്ടമായ തുക (₹) | | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | കേന്ദ്ര സർക്കാർ | സംസ്ഥാന സർക്കാർ | KCWWF | |
| 3-22 | 52 | 210 | 52 | ശ്രീ.സജീന്ദ്രൻ നഗരസഭ എഞ്ചിനിയർ |
| ആകെ 314 | | | | |

(ഡി).നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ).റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.വി.ജെ.കുര്യൻ സെക്രട്ടറി | 31.05.2017 ന് വിരമിച്ചു. | വെട്ടിക്കാട്ടിൽ വീട്,സി.സി-1044 എ മുണ്ടംവേലി പി.ഒ, കൊച്ചി,682507 |
| ശ്രീ.രാധാകൃഷ്ണപിള്ള കൃഷി ഫീൽഡ് ഓഫീസർ | അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസ്,കൃഷി ഭവൻ പൊന്നാനി | വട്ടവിള വീട്, കൊടുവഴനൂർ പി.ഒ, പുളിമാട്ട് വഴി, തിരുവനന്തപുരം. 695612 |
| ശ്രീ.സജീന്ദ്രൻ. സി.എം, അസി.എക്സി. എഞ്ചിനീയർ | അസി.എക്സി.എഞ്ചിനീയർ തിരൂർ നഗരസഭ | ദേവികാസ് അത്തോളിക്കാവ് അത്തോളി.പി.ഒ. കോഴിക്കോട് ജില്ല. പിൻ – 673315 |
| ശ്രീ.അനിൽകുമാർ.കെ.പി. പ്രധാനാധ്യാപകൻ | പ്രധാനാധ്യാപകൻ,ജി.എം.യു.പി.സ്കൂൾ തിരൂർ | കെ.എം.ഹൗസ്,പുതുപ്പള്ളി പി.ഒ.തിരൂർ 676102 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1984-1985<br>1985-1986 | എൽ.എഫ്.എം3/272/01/1975<br>തീയ്യതി 09.08.1977 | 39 | |
| 1986-1987<br>1987-1988 | എൽ.എഫ്.എം9/676/1996<br>തീയ്യതി 21.11.1996 | 34 | |
| 1988-1989<br>1989-1990 | എൽ.എഫ്.എം16/1137/1997<br>തീയ്യതി 12.02.1999 | 33 | |
| 1990-1991<br>1991-1992 | എൽ.എഫ്.എം16/634/2000<br>തീയ്യതി 26.07.2000 | 7 | |
| 1992-1993 | എൽ.എഫ്.എം16/1491/2000<br>തീയ്യതി 10.12.2002 | 13 | |

| | | | |
|---|---|---|---|
| 1993-1994 | എൽ.എഫ്.എം16/10/2001<br>തീയ്യതി 10.12.2002 | 14 | |
| 2000-2001 | എൽ.എഫ്.എം4/343/2003<br>തീയ്യതി 13.08.2004 | 30 | |
| 2001-2002 | എൽ.എഫ്.എം18/1121/2009<br>തീയ്യതി 18.07.2009/12.08.2009 | 76 | |
| 2002-2003<br>(വരവ്) | എൽ.എഫ്.എം14/1313/2006<br>തീയ്യതി 13.11.2003 | 20 | |
| 2002-2003<br>(ചെലവ്) | എൽ.എഫ്.എം4/1343/2005<br>തീയ്യതി 02.03.2007 | 27 | |
| 2003-2004 | എൽ.എഫ്.എം18/273/2007<br>തീയ്യതി 20.03.2007 | 39 | |
| 2004-2005 | എൽ.എഫ്.എം18/273/2007<br>തീയ്യതി 20.03.2007 | 29 | |
| 2005-2006 | എൽ.എഫ്.ടി.എം1/31/2010<br>തീയ്യതി 02.05.2011 | 34 | |
| 2006-2007 | എൽ.എഫ്.ടി.എം1/32/2010<br>തീയ്യതി 27.06.2011 | 22 | |
| 2007-2008 | എൽ.എഫ്.ടി.എം1/33/2010<br>തീയ്യതി 18.09.2011 | 20 | |
| 2008-2009 | എൽ.എഫ്.ടി.എം2/90/2011<br>തീയ്യതി 06.10.2012 | 21 | |
| 2009-2010 | എൽ.എഫ്.ടി.എം2/145/2013<br>തീയ്യതി 09.05.2013 | 13 | |
| 2010-2011 | എൽ.എഫ്.ടി.എം2/356/2012<br>തീയ്യതി 19.08.2013 | 48 | |
| 2011-2012 | എൽ.എഫ്.ടി.എം2/489/2014<br>തീയ്യതി 27.02.2015 | 35 | |
| 2012-2013 | എൽ.എഫ്.ടി.എം.2/171/2015<br>തീയ്യതി 04.07.2015 | 27 | |
| 2013-2014 | കെ.എസ്.എ.ടി.ആർ.എം2/366/2015<br>തി. 27-10-2015 | 42 | |

| | | | |
|---|---|---|---|
| 2014-2015 | കെ.എസ്.എ.ടി.ആർ.എം2/171/2016<br>തി. 27-06-2016 | 30 | |
| 2015-2016 | കെ.എസ്.എ.ടി.ആർ.എം2/20/2017<br>തി. 08-02-2017 | 25 | |

# 4-10-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് നഗരസഭ ഓഡിറ്റ് കാര്യാലയം, തിരൂർ,

നം.കെ.എസ്.എ.ടി.ആർ.എം.2/326/2017 തീയതി : .2017

ഇ-മെയിൽ:mltir.ksad@kerala.gov.in

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 - ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 - ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295(4)-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും നഗരപാലികാസ്ഥാപനങ്ങളുടെ ഓഡിറ്റിനായി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ തിരൂർ *നഗരസഭയുടെ 31.03.2017 – ൽ അവസാനിച്ച* വർഷത്തെ ധനകാര്യസ്റ്റേറ്റ്മെന്റിന്റെ ഓഡിറ്റ് നിർവഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എൻെറ റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തിരൂർ *നഗരസഭയുടെ* 2016-2017 വർഷത്തെ ധനകാര്യസ്റ്റേറ്റ്മെന്റ്, വരവ് - ചെലവുകണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Kerala State Audit Department Municipal Audit Office, Tirur

No.KSA.TRM2/326/2017 Dated : .2017

E-Mail : mltir.ksad@kerala.gov.in

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Tirur Municipality in Malappuram District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act, 1994, Section 295(4) of the Kerala Municipality Act, 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Municipalities.

In my Opinion, the Financial Statements of Tirur Municipality for the year 2016 – 2017 except the

observations in my audit report properly presents the picture of income and expenditure.

Deputy Director

KERALA STATE AUDIT DEPARTMENT

# 4-10-2

## ഇൻകം ആന്റ് എക്സ്പെന്റീച്ചർ പത്രിക

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| Tirur Municipality Concurrent Municipality | | | |
| INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2016 to 31-March-2017 | | | |
| INCOME | | | |
| 110000000 | Tax Revenue | I-1 | 41726844.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | 1-2 | 3000.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 13883949.00 |
| 140000000 | Fee & User Charges | I-4(b) | 8366909.00 |
| 150000000 | Sale & Hire Charges | I-5(b) | 450058.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 88484118.00 |
| 170000000 | Income from Investments | I-7 | 65842.00 |
| 171000000 | Interest Earned | I-8 | 1947705.00 |
| 180000000 | Other Income | I-9 | 186055.00 |
| | Total Income | | 155114480.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 59544059.00 |
| 220000000 | Administrative Expenses | I-11(b) | 7280099.00 |
| 230000000 | Operations & Maintenance | I-12(b) | 7675756.00 |
| 240000000 | Interest & Finance Charges | I-13 | 639226.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 48515925.00 |
| 251000000 | Decentralised Plan Programme-Service Sector | I-14 | 12807301.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14 | 3112389.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14 | 1341976.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 932655.00 |
| 272000000 | Depreciation | I-17(a) | 6802646.00 |
| | Total Expenditure | | 148652032.00 |
| | Gross Surplus/ Deficit of income over Expenditure | | 6462448.00 |
| 280000000 | Prior Period Item | I-18 | 157514.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 6304934.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# 4-10-3

## റസീറ്റ് & പേമെന്റ് പത്രിക

**Tirur Municipality Concurrent Municipality**

**RECEIPT & PAYMENT STATEMENT**

**For the period from 01-April-2016 to 31-March-2017**

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 5903074.00 |

| | | | |
|---|---|---|---|
| Bank | Bank | RP-40(a) | 68621137.28 |
| Cash | Cash | RP-40(a) | 1299584.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 12228232.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 3000.00 |
| 130000000 | Rental income from Panchayat Properties | RP-3 | 976570.00 |
| 140000000 | Fees & User Charges | RP-4 | 6940131.00 |
| 150000000 | Sale & Hire Charges | RP-5 | 450058.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 19907572.00 |
| 170000000 | Income from Investments | RP-7 | 65842.00 |
| 171000000 | Interest Earned | RP-8 | 1945538.00 |
| 180000000 | Other Income | RP-9 | 178262.00 |
| 420000000 | Investments | RP-34 | 767017.00 |
| 421000000 | Investments - Other Funds | RP-35 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-37 | 42717985.00 |
| | **Non Operating** | | |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 52681006.00 |
| 340000000 | Deposits Received | RP-27 | 301811.00 |
| 350000000 | Other Liabilities | RP-29 | 13243754.00 |
| 460000000 | Loans, Advances and Deposits | RP-41 | 71829.00 |
| | **Grand total** | | **228302402.28** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-10 | 14346061.00 |
| 220000000 | Administrative Expenses | RP-11 | 1448843.00 |
| 230000000 | Operations & Maintenance | RP-12 | 5393433.00 |
| 240000000 | Interest & Finance Charges | RP-13 | 619226.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-14 | 8540900.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 800000.00 |
| 251000000 | Decentralised Plan Programme- Service Sector | RP-45 | 17711540.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-46 | 2554183.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-47 | 1341976.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-15 | 932655.00 |
| 350000000 | Other Liabilities | RP-29 | 25335004.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 1103.00 |
| | **Non Operating** | | |
| 280000000 | Prior Period Item | RP-19 | 157514.00 |
| 311000000 | Earmarked Funds | RP-22 | 7310884.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 984267.00 |
| 340000000 | Deposits Received | RP-27 | 1395658.00 |
| 350000000 | Other Liabilities | RP-29 | 40775535.00 |
| 410000000 | Fixed Assets | RP-31 | 11199834.00 |
| 412000000 | Capital work in Progress | RP-33 | 1175000.00 |
| 460000000 | Loans, Advances and Deposits | RP-41 | 1505280.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 80775450.28 |
| Bank | Bank | RP-40(b) | 2915727.00 |
| Cash | Cash | RP-40(b) | 1082329.00 |
| | **Grand Total** | | **228302402.28** |

# 4-10-4

## ബാലൻസ് ഷീറ്റ്

| **Tirur Municipality Concurrent Municipality** | | | |
|---|---|---|---|
| **BALANCE SHEET**<br>For the period from 01-April-2016 to 31-March-2017 | | | |
| **Code.No** | **Description of Items** | **Schedule No** | **Amount** |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 43200173.78 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 1139683.00 |
| 312000000 | Reserves | B-3 | 112122712.00 |
| | **Total Reserve & Surplus** | | 156462568.78 |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 75524663.00 |
| | Total Grants, Contributions for Specific Purposes | | 75524663.00 |

| | | | |
|---|---|---|---|
| | **Loans** | | |
| 330000000 | Secured Loans | B-5 | 99000.00 |
| | **Total Loans** | | 99000.00 |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 8638486.00 |
| 350000000 | Other Liabilities | B-9 | 16973049.50 |
| | **Total Current Liabilities and Provisions** | | 25611535.50 |
| | **TOTAL LIABILITIES** | | 257697767.28 |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 110321856.00 |
| 411000000 | Accumulated Depreciation | B-11 | -35390828.00 |
| 412000000 | Capital Work in Progress | B-11 | 3879804.00 |
| | **Total Fixed Assets** | | 78810832.00 |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 13900872.00 |
| 421000000 | Investments - Other Funds | B-13 | 0.0 |
| | **Total Investments** | | 13900872.00 |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 1007806.00 |
| 431000000 | Sundry Debtors (Receivables) | B-15 | 69427151.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-21 | -5648330.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 84773506.28 |
| 460000000 | Loand, Advances and Deposits | B-18 | 15425930.00 |
| | **Total Current Assets, Loans and Advances** | | 164986063.28 |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | 0.0 |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | 0.0 |
| | **TOTAL ASSETS** | | 257697767.28 |